33rd Year of Service 2025

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com


October 20, 2025 Vol. XXXIII No. 43










# YOUTH PASTORAL VACANCY

## Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.

33rd Year of Service 2025

കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ജീവനാംശത്തിന് അർഹതയില്ല

5 പാരീസിലെ ലൂവ്റ് മ്യൂസിയത്തിൽ മോഷണം

11 തേജസ് സേനയുടെ ഭാഗമാക്കുന്നു

13 കുന്നുപറമ്പിൽ ആൻഡ്രൂസിന് അവാർഡ്

22 കെഎച്ച്എൻഎ അധികാരക്കൈമാറ്റം




## അപു ജോൺ ജോസഫിന് സ്വീകരണം



ചിക്കാഗോ: പ്രവാസി കേരളാ കോൺഗ്രസിന്റെ നേതൃത്വത്തിൽ കേരളാ കോൺഗ്രസ് സംസ്ഥാന കോ-ഓർഡിനേറ്റർ അപു ജോസഫിന് സ്വീകരണം നല്കുന്നു.

ചിക്കാഗോയിലെ മോർട്ടൺ ഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് ഒക്ടോബർ 26-ന് വൈകുന്നേരം 6.30-നാണ് സ്വീകരണം ഒരുക്കിയിരിക്കുന്നത്. എല്ലാ ജനാധിപത്യ വിശ്വാസികളെയും ഈ സ്വീകരണ സമ്മേളനത്തിലേയ്ക്ക് സ്നേഹപൂർവം സംഘാടകർ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: സണ്ണി വള്ളിക്കളം 847 722 7598, മാത്യു തട്ടാമറ്റം 773 317 3444, ഷിബു മുളയാനിക്കുന്നേൽ 630 849 1253, അഗസ്റ്റിൻ ആലപ്പാട്ട് 224 415 5087.

### ശബരിമല സ്വർണ്ണക്കൊള്ള

## പോറ്റിയുടെ വീട്ടിൽ നിന്ന് രേഖകൾ പിടിച്ചെടുത്തു

തിരുവനന്തപുരം: ശബരിമലയിലെ സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട കേസിൽ കസ്റ്റഡിയിലുള്ള ഉണ്ണികൃഷ്ണൻ പോറ്റിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കൂടുതൽ പ്രതികളെ പ്രത്യേക അന്വേഷണസംഘം ഉടൻ അറസ്റ്റ് ചെയ്യും. തട്ടിയെടുത്ത സ്വർണ്ണം മറിച്ചുവിറ്റ് പണം പങ്കിട്ടെടുത്തെന്നാണ് പോറ്റിയുടെ മൊഴി. ഇതിലൂടെ ലഭിച്ച പണം ഉപയോഗിച്ച് ഭൂമിയിടപാട് നടത്തിയതായും മൊഴി നല്കിയെന്നാണ് സൂചന.

സ്വർണം കവരാനുള്ള ഗൂഢാലോചനയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഉന്നതരടക്കം 15 പേരുണ്ടെന്നാണ് ഉണ്ണികൃഷ്ണൻ പോറ്റിയുടെ വെളിപ്പെടുത്തൽ. ഇവരിൽ പലരും കോടതിയിൽ മുൻകൂർ ജാമ്യത്തിന്



നീക്കം നടത്തിയെങ്കിലും പിന്നീട് ഉപേക്ഷിച്ചു. തിരിച്ചടി ലഭിക്കുമെന്ന നിയമോപദേശത്തെ തുടർന്നായിരുന്നു പിൻമാറ്റം.

ഉണ്ണികൃഷ്ണൻ പോറ്റിയുടെ പുളിമാത്തുള്ള കുടുംബവീട്ടിൽ രാത്രി മൂന്നുമുതൽ എട്ടു മണിക്കൂർ അന്വേഷണസംഘം പരിശോധന നടത്തി. ശബരിമല സ്പോൺസർഷിപ്പു സംബന്ധിച്ച രേഖകളും ഭൂമിയിടപാടിന്റെ രേഖകളും കണ്ടെടുത്തു. ഇതിനൊപ്പം പണവും സ്വർണ്ണാഭരണങ്ങളും കണ്ടെടുത്തിട്ടുണ്ട്. വീടിന്റെ പരിസരവും പോലീസ് പരിശോധിച്ചു. വരുംദിവസങ്ങളിൽ വീടും പരിസരവും ജെസിബി ഉപയോഗിച്ച് പരിശോധിക്കാനുള്ള നീക്കത്തിലാണ് അന്വേഷണസംഘം.

കേരളത്തിനകത്തും പുറത്തും ഗൂഢാലോചന നടന്നെന്നാണ് പ്രത്യേക അന്വേഷണ സംഘത്തോട് പോറ്റി പറഞ്ഞത്. ദ്വാരപാലക ശില്പങ്ങളിലെയും കട്ടിളപ്പാളികളിലെയും സ്വർണത്തിൽ നിന്ന് (ശേഷം 34-ാം പേജിൽ)

### വെടിനിർത്തൽ കരാർ ലംഘിച്ചു:

## ഇസ്രയേൽ ആക്രമണത്തിൽ നിരവധി മരണം



ടെൽ അവീവ്: ഇസ്രയേൽനിയന്ത്രിത പ്രദേശത്തേക്ക് ഹമാസുകാർ വെടിവെച്ചെന്നുപറഞ്ഞ് റാഫയുൾപ്പെടെ ഗാസയിൽ പലയിടത്തും ഇസ്രയേൽ സൈന്യം ഒക്ടോബർ 19-ന് ഞായറാഴ്ച നടത്തിയ ആക്രമണത്തിൽ നിരവധി പേർ മരിച്ചു. രണ്ട് ഇസ്രയേൽ സൈനികരും മരിച്ചു.

ഒരാഴ്ചമുൻപ് വെടിനിർത്തൽക്കരാർ നിലവിൽവന്നശേഷമുള്ള ആദ്യ വലിയ ആക്രമണമാണിത്. ഈ സംഭവത്തിനുപിന്നാലെ, ഗാസയിലേക്കു സഹായമെത്തിക്കുന്ന പാതകളെല്ലാം അടയ്ക്കാൻ ഇസ്രയേൽ ഉത്തരവിട്ടു.

ഹമാസ് വെടിനിർത്തൽക്കരാർ ലംഘിച്ചതിനാൽ ഇനിയൊരറിയിപ്പുണ്ടാകുംവരെ ഗാസയിലേക്ക് അവശ്യവസ്തുക്കൾ കടത്തിവിടില്ലെന്ന് ഇസ്രയേൽ പറഞ്ഞു. വെടിനിർത്തൽക്കരാർ ലംഘിക്കുന്നവർക്കുനേരെ കടുത്ത (ശേഷം 34-ാം പേജിൽ)



# മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റു



കല്യാൺ സീറോമലബാർ അതിരൂപതയുടെ പ്രഥമ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ സ്ഥാനമൊഴിഞ്ഞ ബിഷപ് മാർ തോമസ് ഇലവനാൽ, സീറോമലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ, കാഞ്ഞിരപ്പള്ളി ബിഷപ് മാർ ജോസ് പുളിക്കൽ എന്നിവർക്കൊപ്പം.

കല്യാൺ: കൃതജ്ഞതാസ്തോത്ര ഗീതികളും പ്രാർത്ഥനകളും നിറഞ്ഞ അന്തരീക്ഷത്തിൽ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ കല്യാൺ സീറോ മലബാർ അതിരൂപതയുടെ പ്രഥമ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റു. താനെയിലെ കല്യാൺ സെന്റ് തോമസ് കത്തീഡ്രലിൽ ഒക്ടോബർ 19-ന് ഉച്ച കഴിഞ്ഞു 2.30-ന് നടന്ന തിരുക്കർമ്മങ്ങളിൽ സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യ കാർമികത്വം വഹിച്ചു. കല്യാൺ രൂപതയെ അതിരൂപതയായും മാർ വാണിയപ്പുരയ്ക്കലിനെ പ്രഥമ ആർച്ച്ബിഷപ്പായും ഉയർത്തിക്കൊണ്ടുള്ള കല്പന സഭയുടെ കൂരിയ ചാൻസലർ റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ വായിച്ചു.

കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് വചനസന്ദേശം നൽകി. ബിഷപ് മാർ തോമസ് ഇലവനാൽ, കാഞ്ഞിരപ്പള്ളി ബിഷപ് മാർ ജോസ് പുളിക്കൽ എന്നിവർ സഹകാർമികരായിരുന്നു. പുതിയ ആർച്ച്ബിഷപ്പിന്റെ സഹോദരൻ ഫാ. ജോർജ് വാണിയപ്പുരയ്ക്കലായിരുന്നു ആർച്ച്ഡീക്കൻ. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ സ്ഥാനമൊഴിഞ്ഞ ബിഷപ് മാർ തോമസ് ഇലവനാലിനു യാത്രയയപ്പ് നൽകി. ചങ്ങനാശേരി ആർച്ച്ബിഷപ് മാർ തോമസ് തറയിൽ ഉൾപ്പെടെ കേരളത്തിലും പുറത്തുമുള്ള 35 മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായർ തുടങ്ങിയവർ പങ്കെടുത്തു. കല്യാൺ അതിരൂപത വികാരി ജനറാൾ ഫാ. സിറിയക് കൂമ്പാട്ട്, കത്തീഡ്രൽ വികാരി ഫാ. ഡേവിസ് തരകൻ തുടങ്ങിയവർ ചടങ്ങുകൾക്കു നേതൃത്വം നൽകി.

# സാമ്പത്തികസ്ഥിരതയുള്ള പങ്കാളിക്ക് ജീവനാംശത്തിന് അർഹതയില്ല

ന്യൂഡൽഹി: ഹിന്ദു വിവാഹനിയമപ്രകാരം, സാമ്പത്തിക സ്വയംപര്യാപ്തതയുള്ള ഭാര്യയ്ക്ക് ജീവനാംശത്തിന് അർഹതയില്ലെന്നു ഡൽഹി ഹൈക്കോടതി. സ്ഥിരജീവനാംശമെന്നതു സാമൂഹികനീതിക്കു വേണ്ടിയാണെന്നും അല്ലാതെ, ധനസമ്പാദനത്തിനല്ലെന്നും നിരീക്ഷിച്ചാണു ജസ്റ്റിസുമാരായ അനിൽ ക്ഷേത്രപാലും ഹരീഷ് വൈദ്യനാഥൻ ശങ്കറും ഉൾപ്പെട്ട ബെഞ്ചിന്റെ സുപ്രധാനവിധി.

ജീവനാംശം തേടുന്ന വ്യക്തി യഥാർത്ഥത്തിൽ സാമ്പത്തികസഹായം ആവശ്യമുള്ളയാളാണെന്നു തെളിയിക്കാൻ നിയമം ആവശ്യമാണെന്നും കോടതി നിരീക്ഷിച്ചു. ഹിന്ദു വിവാഹനിയമം, വകുപ്പ് 25 പ്രകാരമുള്ള ജുഡീഷ്യൽ വിവേചനാധികാരം ശരിയായ വിധത്തിലും നീതിപൂർവകമായും രേഖകളുടെ അടിസ്ഥാനത്തിലുമാകണം വിനിയോഗിക്കേണ്ടത്. ഇരുകക്ഷികളുടെയും സാമ്പത്തികശേഷി കണക്കിലെടുക്കണമെന്നും കോടതി ചൂണ്ടിക്കാട്ടി.

ക്രൂരതയുടെ പേരിൽ ഭർത്താവിനു വിവാഹമോചനം അനുവദിച്ചും ഭാര്യയ്ക്ക് സ്ഥിരജീവനാംശം നിഷേധിച്ചുമുള്ള കുടുംബകോടതി വിധി ശരിവെച്ചുകൊണ്ടാണു ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ. കേസിലെ കക്ഷികളിൽ, ഭർത്താവ് അഭിഭാഷകനും ഭാര്യ ഇന്ത്യൻ റെയിൽവേ ഉദ്യോഗസ്ഥയുമാണ്. മുൻവിവാഹബന്ധം 2010 ജനുവരിയിൽ വേർപെടുത്തിയ ശേഷമാണ് ഇരുവരും വിവാഹിതരായത്. എന്നാൽ, 14 മാസത്തിനുള്ളിൽ ഈ ബന്ധവും വേർപിരിഞ്ഞു.

തൊഴിൽപരവും സാമൂഹികവുമായ മേഖലകളിൽ അപമാനിക്കുക, മാനസികവും ശാരീരികവുമായി ഉപദ്രവിക്കുക, വാക്കുകൾകൊണ്ട് അധിക്ഷേപിക്കുക, ദാമ്പത്യബന്ധത്തിനുള്ള അവകാശം നിഷേധിക്കുക തുടങ്ങിയ ക്രൂരതകളുടെ പേരിൽ ഭർത്താവാണ് വിവാഹമോചനമാവശ്യപ്പെട്ട് കുടുംബകോടതിയെ സമീപിച്ചത്. ഭർത്താവാണ് ഉപദ്രവിക്കുന്നതെന്ന് ആരോപിച്ച് ഭാര്യ എതിർഹർജിയും നൽകി. വിവാഹമോചനത്തിനായി 50 ലക്ഷം രൂപയാണു ഭാര്യ ജീവനാംശമായി ആവശ്യപ്പെട്ടത്.

തെളിവുകളുടെ അടിസ്ഥാനത്തിൽ ജീവനാംശം നിഷേധിച്ച കുടുംബകോടതി വിധിയിൽ ഇടപെടാൻ കാരണമില്ലെന്നു ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഭർത്താവിനും ഭർതൃമാതാവിനുമെതിരെ അധിക്ഷേപകരമായ വാക്കുകളാണ് ഭാര്യ ഉപയോഗിച്ചിരുന്നതെന്നും ഇത് മാനസികപീഡനമാണെന്നും കോടതി നിരീക്ഷിച്ചു. മികച്ച ശമ്പളം വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥയാണു ഭാര്യയെന്നും സാമ്പത്തിക സ്വാതന്ത്ര്യമുള്ളയാളാണെന്നും ചൂണ്ടിക്കാട്ടിയാണു സ്ഥിരജീവനാംശം നിഷേധിച്ചത്.

# രമേശ് ചെന്നിത്തലയുടെ മാതാവ് അന്തരിച്ചു



ചെന്നിത്തല: മുൻ പ്രതിപക്ഷ നേതാവും കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗവുമായ രമേശ് ചെന്നിത്തലയുടെ മാതാവ്, ചെന്നിത്തല തൃപ്പരുന്തുറ കോട്ടൂർ കിഴക്കേതിൽ പരേതനായ വി. രാമകൃഷ്ണൻ നായരുടെ (ചെന്നിത്തല മഹാത്മാ ഹൈസ്കൂൾ മുൻ മാനേജർ, അദ്ധ്യാപകൻ) ഭാര്യയും ചെന്നിത്തല പഞ്ചായത്ത് മുൻ അംഗവുമായ എൻ. ദേവകിയമ്മ (91) അന്തരിച്ചു.

മക്കൾ: രമേശ് ചെന്നിത്തല, കെ.ആർ. രാജൻ (ചെന്നിത്തല മഹാത്മാ ഹൈസ്കൂൾ മുൻ മാനേജർ), കെ.ആർ. വിജയലക്ഷ്മി (റിട്ട. ഗവ. അദ്ധ്യാപിക), കെ. ആർ. പ്രസാദ് (റിട്ട. ഇന്ത്യൻ എയർഫോഴ്സ്). മരുമക്കൾ: അനിതാ രമേശ് (റിട്ട. ഡെവലപ്മെന്റ് ഓഫീസർ, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി), ശ്രീജയ (റിട്ട. അഡീഷണൽ രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റ്), പരേതനായ സി.കെ. രാധാകൃഷ്ണൻ (റിട്ട. ഡിസ്ട്രിക്ട് യൂത്ത് കോ-ഓർഡിനേറ്റർ, നെഹ്റു കേന്ദ്ര), അമ്പിളി എസ് പ്രസാദ് (റിട്ട. അസിസ്റ്റന്റ് ഡയറക്ടർ, ആകാശവാണി). സംസ്കാരം നാളെ (21-10-25) ഉച്ചയ്ക്ക് 12 മണിക്ക് ചെന്നിത്തല കുടുംബവീട്ടിൽ.

# തിരുവിതാംകൂർ ദേവസ്വം ബോർഡ് കണക്കുകൾ ഡിജിറ്റൈസ് ചെയ്യണമെന്ന് ഹൈക്കോടതി

കൊച്ചി: വരവുചെലവുകൾ കടലാസിലെഴുതി സൂക്ഷിക്കുന്ന അക്കൗണ്ടിങ് സംവിധാനത്തിന് പകരമായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഡിജിറ്റൽ അക്കൗണ്ടിങ് സംവിധാനം നടപ്പാക്കണമെന്ന് ഹൈക്കോടതി. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാൻ ഓഡിറ്റ് വകുപ്പ് ഡയറക്ടറും കംപ്യൂട്ടറൈസേഷന്റെ ചുമതലയുള്ള ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറും 30-ന് ഹൈക്കോടതിയിൽ ഹാജരാകണമെന്നും ജസ്റ്റിസ് വി. രാജ വിജയരാഘവനും ജസ്റ്റിസ് കെ.വി. ജയകുമാറും അടങ്ങിയ ദേവസ്വം ബെഞ്ച് ഉത്തരവിട്ടു.

വരവുചെലവുകൾ യഥാസമയം രേഖപ്പെടുത്താൻ കഴിയുന്ന കേന്ദ്രീകൃത സാമ്പത്തിക മാനേജ്മെന്റ് സംവിധാനം വേണമെന്നാണ് കോടതി നിർദേശിച്ചിരിക്കുന്നത്. ഡിജിറ്റൽ രജിസ്റ്റർ വേണം. കണക്കുകളിൽ പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ മുന്നറിയിപ്പുനൽകുന്ന സംവിധാനമായിരിക്കണം ഇത്. ഇതൊക്കെ സമയബന്ധിതമായി എങ്ങനെ നടപ്പാക്കുമെന്ന് വിശദീകരിക്കാനാണ് ഇരുവരോടും നിർദേശിച്ചിരിക്കുന്നത്. കൃത്യമായ അക്കൗണ്ട് സൂക്ഷിക്കാൻ കഴിയാത്തത് ബോർഡിന്റെ വലിയ വീഴ്ചയാണെന്ന് കോടതി കുറ്റപ്പെടുത്തി. ഫണ്ട് അപഹരിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻപോലും കഴിയുന്നില്ലെന്ന് കോടതി പറഞ്ഞു.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറായി 2017-ൽ വിരമിച്ച ബി. പദ്മനാഭനുണ്ണിയുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത പരാതിയുമായി ബന്ധപ്പെട്ടാണ് വിഷയം കോടതിയിലെത്തിയത്. വൗച്ചറും മറ്റും കണ്ടെത്താനാകാത്തതിനാൽ ഏഴു ലക്ഷത്തിലധികം രൂപയുടെ ബാധ്യത ഇദ്ദേഹത്തിനുണ്ടെന്നാണ് ഓഡിറ്റിങ്ങിൽ കണ്ടെത്തിയത്. ബോണ്ട് വാങ്ങി പെൻഷൻ ആനുകൂല്യങ്ങൾ നൽകാനാണ് ഓംബുഡ്സ്മാൻ നിർദേശിച്ചത്. പെട്രോൾ പമ്പിൽ കണക്കേയില്ല. ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള നിലയ്ക്കലെ പെട്രോൾ പമ്പിൽ മാത്രം 40 ലക്ഷത്തിന്റെ കുറവ് കണ്ടെത്തിയത് കോടതി ചൂണ്ടിക്കാട്ടി. സിസ്റ്റത്തിന്റെ പൂർണപരാജയമാണ് പുറത്തുവരുന്നതെന്നും ദേവസ്വം ബെഞ്ച് പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 43
October 20, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

കഠിനാധ്വാനം എല്ലാറ്റിനേയും അതിജീവിക്കും.

**ഹോമർ**

തങ്ങളുടെ സ്വപ്നങ്ങളുടെ സൗന്ദര്യത്തിൽ വിശ്വസിക്കുന്നവരുടേതാണ് ഭാവി.

**എലിനോർ റൂസ്വെൽറ്റ്**




ഇല്ലിനോയി പ്രതിനിധി സഭയിലേക്ക് 12-ാമത് ഡിസ്ട്രിക്റ്റിൽ നിന്നും മത്സരിക്കുന്ന ലിറ്റ്സി കുരിശിങ്കലിന്റെ ഫണ്ട് റെയ്സിംഗ് കിക്കോഫിൽ പങ്കെടുത്തവർ.

# പാരീസിലെ ലൂവ്റ് മ്യൂസിയത്തിൽ മോഷണം; അപൂർവ ആഭരണങ്ങൾ നഷ്ടപ്പെട്ടു

പാരീസ്: പ്രശസ്തമായ ലൂവ്റ് മ്യൂസിയത്തിൽ മോഷണം. മുഖംമൂടി ധരിച്ച മൂന്നു കള്ളന്മാർ ഒക്ടോബർ 19-ന് രാവിലെ മ്യൂസിയത്തിലെ അപ്പോളോ ഗാലറിയിൽ കടന്ന് ആഭരണങ്ങൾ മോഷ്ടിച്ചു രക്ഷപ്പെട്ടു. ഫ്രഞ്ച് രാജകുടുംബാംഗങ്ങളുടെ ആഭരണങ്ങൾ പ്രദർശിപ്പിക്കുന്ന ഗാലറിയാണിത്. നെക്‌ലെസ്, ബ്രൂച്ച് എന്നിവയടക്കം ഒമ്പത് ആഭരണങ്ങൾ നഷ്ടപ്പെട്ടുവെന്നാണ് റിപ്പോർട്ട്. കവർച്ച വെറും ഏഴു മിനിറ്റ് മാത്രമാണു നീണ്ടതെന്ന് ഫ്രഞ്ച് ആഭ്യന്തരമന്ത്രി ലോറന്റ് നൂനെസ് പറഞ്ഞു. ലിയണാർഡോ ഡാവിഞ്ചിയുടെ മൊണോലിസ അടക്കമുള്ള കലാസൃഷ്ടികൾ സൂക്ഷിക്കുന്ന അതീവ സുരക്ഷയുള്ള മ്യൂസിയത്തിൽ രാവിലെ ഒമ്പതരയ്ക്കാണു മോഷണം നടന്നത്. കള്ളന്മാർ മ്യൂസിയത്തിനു സമീപം നിർമാണം നടക്കുന്ന കെട്ടിടത്തിലൂടെ അപ്പോളോ ഗാലറിയിൽ കടക്കുകയായിരുന്നു. മരം വെട്ടുന്ന മെഷീൻ വാൾ അടക്കമുള്ള ഉപകരണങ്ങൾ ഇവരുടെ പക്കലുണ്ടായിരുന്നു. കവർച്ചയ്ക്കുശേഷം സ്കൂട്ടറിൽ രക്ഷപ്പെട്ടു.



നഷ്ടപ്പെട്ട വസ്തുക്കളുടെ മൂല്യം വ്യക്തമല്ല. മോഷ്ടാക്കളുടെ പക്കൽനിന്നു വീണ ഒരു കിരീടം മ്യൂസിയത്തിനു പുറത്ത് കണ്ടെത്തി. നെപ്പോളിയൻ മൂന്നാമന്റെ പത്നി യുജീൻ ചക്രവർത്തിനിയുടെ കിരീടമാണിതെന്ന് കരുതുന്നു. അപ്പോളോ ഗാലറിയിൽ പ്രദർശിപ്പിച്ചരിക്കുന്ന 140 കാരറ്റുള്ള റീജന്റ് ഡയമണ്ട് എന്ന വജ്രാഭരണം നഷ്ടപ്പെട്ടിട്ടില്ല. കവർച്ചയ്ക്കു പിന്നാലെ ലൂവ്റ് മ്യൂസിയം 19-ന് അടച്ചിട്ടു.

അമൂല്യ കലാസൃഷ്ടികളും നിധികളുമടക്കം ആറു ലക്ഷത്തിലധികം വസ്തുക്കൾ പ്രദർശനത്തിനു വെച്ചിട്ടുള്ള ലൂവ്റിൽ മോഷണം ഇതാദ്യമായല്ല. 1911-ൽ വിൻചെൻസോ പെറൂജിയ എന്ന മുൻ ജീവനക്കാരൻ മൊണോലിസ പെയിന്റിംഗ് മോഷ്ടിച്ചിരുന്നു. രണ്ടു വർഷത്തിനുശേഷം ഇറ്റലിയിലെ ഫ്ളോറൻസിൽനിന്നാണ് പെയിന്റിംഗ് കണ്ടെത്തിയത്. മോണോലിസയെ ലോകത്തിലെ ഏറ്റവും പ്രശസ്ത പെയിന്റിംഗ് ആക്കുന്നതിൽ മോഷണം പ്രധാന പങ്കുവഹിച്ചു.

ലോകത്തിലേറ്റവും കൂടുതൽ സന്ദർശകരെത്തുന്ന മ്യൂസിയമാണ് ലൂവ്റ്. പ്രതിവർഷം 90 ലക്ഷം പേർ എത്തുന്നതായാണു കണക്ക്.

# പ്രസാദ് നമ്പൂതിരി ശബരിമല പുതിയ മേൽശാന്തി

സന്നിധാനം: ശബരിമലയിലെ പുതിയ മേൽശാന്തിയായി തൃശൂർ ചാലക്കുടി വാസുപുരം മറ്റത്തൂർകുന്ന് ഏറന്നൂർമന പ്രസാദ് നമ്പൂതിരിയെയും മാളികപ്പുറം മേൽശാന്തിയായി കൊല്ലം മയ്യനാട് കൂട്ടിക്കട മുട്ടത്തുമഠത്തിൽ എം.ജി. മനു നമ്പൂതിരിയേയും തെരഞ്ഞെടുത്തു. വൃശ്ചികം ഒന്നു മുതൽ ഒരു വർഷം ശബരിമലയിലും മാളികപ്പുറത്തും ഇരുവരും പുറപ്പെടാമേൽശാന്തിമാരാകും.



പ്രസാദ് നമ്പൂതിരി (46) കൊച്ചിൻ ദേവസ്വം ബോർഡിന്റെ ആറേശ്വരം ധർമശാസ്താ ക്ഷേത്രത്തിൽ മൂന്നു വർഷമായി മേൽശാന്തിയാണ്. പരേതരായ ദാമോദരൻ നമ്പൂതിരിയുടെയും ദേവസേന അന്തർജനത്തിന്റെയും മകനാണ്. ഭാര്യ രജില. മക്കൾ: അച്യുത്, ദാമോദർ, അനുജ് കൃഷ്ണൻ.

എം.ജി. മനു നമ്പൂതിരി (47) 22 വർഷമായി കൂട്ടിക്കട ധർമ്മശാസ്താ ക്ഷേത്രത്തിലെ മേൽശാന്തിയാണ്. ഡി. ഗോപാലകൃഷ്ണൻ നമ്പൂതിരിയുടെയും ശോഭന അന്തർജനത്തിന്റെയും മൂത്തമകനാണ്. ആറന്മുള സ്വദേശിനിയായ എൽ. ദേവിപ്രിയയാണ് ഭാര്യ. മക്കൾ: എം. ഭദ്രപ്രിയ, എം. പദ്മപ്രിയ, ഭരത് കൃഷ്ണ.

# കൊച്ചിൻ ഷിപ്പ്യാർഡ് മൂന്നു കപ്പലുകൾ നീറ്റിലിറക്കി

കൊച്ചി: മേക്ക് ഇൻ ഇന്ത്യ ആശയത്തിൽ 90 ശതമാനവും തദ്ദേശീയ ഉത്പന്നങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച മൂന്ന് വ്യത്യസ്തയിനം കപ്പലുകൾ നീറ്റിലിറക്കി കൊച്ചിൻ ഷിപ്പ്യാർഡ്.

നാവികസേനയ്ക്കു വേണ്ടി നിർമ്മിച്ച അന്തർവാഹിനി ആക്രമണ പ്രതിരോധ കപ്പൽ, ഹൈബ്രിഡ് ഇലക്ട്രിക് മെഥനോൾറെഡി കമ്മീഷനിംഗ് സർവീസ് ഓപ്പറേഷൻ വെസൽ, രാജ്യത്തെ ഏറ്റവും വലിയ ഡ്രഡ്ജറായ ഡിസിഐ ഡ്രഡ്ജ് ഗോദാവരി എന്നിവയാണ് നീറ്റിലിറക്കിയത്.

രാജ്യത്തിന്റെ നാവിക പ്രതിരോധ മേഖല, വാണിജ്യ കപ്പൽ നിർമ്മാണം, ഹരിതസമുദ്രഗതാഗതം എന്നിവയിൽ കൊച്ചിൻ ഷിപ്പ്യാർഡ് കരസ്ഥമാക്കിയ എൻജിനീയറിങ് വൈദഗ്ദ്ധ്യത്തിന്റെയും നേതൃത്വമികവിന്റെയും തെളിവാണ് പുതിയ കപ്പലുകളെന്ന് കൊച്ചിൻ ഷിപ്പ് യാർഡ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ മധു എസ്. നായർ പറഞ്ഞു. നാവികസേനയ്ക്കു വേണ്ടി നിർമ്മിക്കുന്ന ആറാമത്തെ അന്തർവാഹിനി കപ്പലാണ് ആന്റി സബ്മറൈൻ വാർഫെയർ. ഷാലോ വാട്ടർ ക്രാഫ്റ്റ് എഎസ്ഡബ്ല്യുഎസ്ഡബ്ല്യുസി.




കൊച്ചിൻ ഷിപ്പ്യാർഡിൽ തദ്ദേശീയ ഉത്പന്നങ്ങൾ ഉപയോഗിച്ചു നിർമ്മിച്ച മൂന്നു കപ്പലുകൾ നീറ്റിലിറക്കിയപ്പോൾ

# പ്രസന്നൻ പിള്ളയുടെ മാതാവ് ചെല്ലമ്മ അന്തരിച്ചു



നൂറനാട്: നൂറനാട് പുലിമേൽ പുല്ലേലിൽ പടിഞ്ഞാറ്റയിൽ പരേതനായ കുഞ്ഞുപിള്ള കുറുപ്പിന്റെ സഹധർമ്മിണി ചെല്ലമ്മ (85) അന്തരിച്ചു. ചിക്കാഗോയിൽ വളരെ ആദരണീയനായ സാമൂഹിക പ്രവർത്തകനും സമൂഹ നേതാവുമായ പ്രസന്നൻപിള്ളയുടെ മാതാവാണ് പരേത. മറ്റുമക്കൾ: സുരേഷ്കുമാർ (സൗദി അറേബ്യ), ഗിരിജ രാമകൃഷ്ണൻ (മുംബൈ), ശ്രീനിവാസൻ (കേരളം), ശ്രീകുമാർ. മരുമക്കൾ: ഡോ. അനിതാ പിള്ള (യുഎസ്), ശൈലജ, രാമകൃഷ്ണപിള്ള, രമാദേവി. ആശാലക്ഷ്മി. സംസ്കാരം ബുധനാഴ്ച പുല്ലേലിൽ വസതിയിൽ.

ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ചിക്കാഗോ ചാപ്റ്റർ വൈസ് പ്രസിഡണ്ടും കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ ട്രസ്റ്റി ബോർഡ് അംഗവുമായ പ്രസന്നൻപിള്ള അമേരിക്കയിലെ ഇന്ത്യൻ പ്രവാസി സമൂഹത്തിൽ എണ്ണമറ്റ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവിന്റെ നിര്യാണത്തിൽ അനുശോചനവും ദുഃഖവും രേഖപ്പെടുത്തുന്നതായി ഇന്ത്യൻ സമൂഹം അറിയിച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# അഭിമാനനേട്ടങ്ങളിൽ കൊച്ചി കപ്പൽശാല

**വൈ**വിധ്യവൽക്കരണത്തിന്റെ കപ്പൽച്ചാലുകളിലൂടെയാണു കൊച്ചിൻ ഷിപ്‌യാഡിന്റെ (സിഎസ്എൽ) കുതിപ്പ്. ചെറുയാനങ്ങളും യാത്രക്കപ്പലുകളും വാട്ടർ മെട്രോ ബോട്ടുകളും മുതൽ കൂറ്റൻ മണ്ണുമാന്തിക്കപ്പലും അന്തർവാഹിനി പ്രതിരോധയാനങ്ങളും വിമാനവാഹിനിക്കപ്പലുകളുംവരെ നിർമിക്കുന്ന ഏക ഇന്ത്യൻ കപ്പൽശാലയാണിത്. തികച്ചും വ്യത്യസ്തമായ മൂന്ന് ഇനം കപ്പലുകൾ നീറ്റിലിറക്കി ചരിത്രം സൃഷ്ടിക്കുകയാണിപ്പോൾ. സി.എസ്.എൽ. ഏകദേശം 800 കോടി രൂപ ചെലവിട്ടു നിർമിക്കുന്ന ട്രെയ്‌ലിങ് സക്ഷൻ ഹോപ്പർ ഡ്രജർ (മണ്ണുമാന്തിക്കപ്പൽ). 700 കോടി രൂപ ചെലവുള്ള ആന്റി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് (അന്തർവാഹിനി പ്രതിരോധ യാനം), 500 കോടി ചെലവിടുന്ന കമ്മീഷനിങ് സർവീസ് ഓപ്പറേഷൻ വെസൽ (പുറങ്കടൽ കാറ്റാടിപ്പാടങ്ങൾക്കുള്ള സർവീസ് യാനം) എന്നിവയാണ് നീറ്റിലിറക്കിയത്. ഒരു കപ്പൽശാലയുടെ സാങ്കേതികശേഷിക്കും തൊഴിൽ നൈപുണ്യത്തിനും മറ്റെന്തു സാക്ഷ്യം വേണം!

'ചിപ് ആയാലും ഷിപ് ആയാലും ഇന്ത്യയിൽത്തന്നെ നിർമിക്കണം'- സെപ്റ്റംബർ 20-നു ഗുജറാത്തിലെ മാരിടൈം സമ്മേളനത്തിലായിരുന്നു പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഈ ആഹ്വാനം. 34,200 കോടിയിലേറെ രൂപയുടെ മുതൽമുടക്കുള്ള വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും അദ്ദേഹം അന്നു നിർവഹിച്ചു. നാലു ദിവസത്തിനുശേഷം മാരിടൈം മേഖലയ്ക്കായി പ്രഖ്യാപിച്ചത് 69,725 കോടി രൂപയുടെ ആനുകൂല്യങ്ങളാണ്. ഷിപ്പിങ്ങും തുറമുഖങ്ങളുമെല്ലാം ഉൾപ്പെടുന്ന മാരിടൈം മേഖലയിൽ വൻ കുതിപ്പാണു കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ വലിയ പൊതുമേഖലാ കപ്പൽ നിർമാണശാലകളിലൊന്നായ സിഎസ്എലാണു ഷിപ് ബിൽഡിങ്-ഷിപ് റിപ്പയർ മേഖലയിലെ ഇന്ത്യൻ കുതിപ്പിനു ചുക്കാൻ പിടിക്കുന്നത്.

വിദേശ കമ്പനിക്കായി എൽഎൻജി കണ്ടെയ്നർ കപ്പലുകൾ നിർമിക്കുന്ന ആദ്യ ഇന്ത്യൻ കപ്പൽ നിർമാണശാലയെന്ന നേട്ടത്തിലേക്കു സിഎസ്എൽ ആദ്യചുവടു വെച്ചതു ഈയിടെയാണ്. ഫ്രഞ്ച് ലോജിസ്റ്റിക്സ്-ഷിപ്പിങ് കമ്പനിയായ സിഎംഎ സിജിഎം ഗ്രൂപ്പിനുവേണ്ടി ആറ് പുതിയ 1700 ടിഇയു ഡ്യൂവൽ-ഫ്യൂവൽ എൽഎൻജി കണ്ടെയ്നർ കപ്പലുകളാണു സിഎസ്എൽ നിർമിക്കുക. വിദേശ കമ്പനികൾക്ക് ഉൾപ്പെടെ വാണിജ്യയാനങ്ങളും പ്രതിരോധവകുപ്പിനുവേണ്ടി വ്യത്യസ്ത ഇനം യാനങ്ങളും നിർമിക്കുന്ന സിഎസ്എലിനു കൈനിറയെ ഓർഡറുകളുണ്ട്. ഇപ്പോഴുള്ളത് 19,500 കോടി രൂപയുടെ കരാറുകളാണ്. ഇന്ത്യ നിർമിക്കാൻ ലക്ഷ്യമിടുന്ന രണ്ടാമത്തെ വിമാനവാഹിനിക്കപ്പലിന്റെ കരാറാണ് ഏറ്റവും വലിയ പ്രതീക്ഷകളിലൊന്ന്. കേന്ദ്രസർക്കാർ പ്രഖ്യാപനം നടത്തിയിട്ടില്ലെങ്കിലും ആദ്യത്തെ വിമാനവാഹിനിയായ ഐഎൻഎസ് വിക്രാന്ത് നിർമിച്ചു മികവു കാട്ടിയ സിഎസ്എലിനു തന്നെ ആദ്യപരിഗണന ലഭിക്കുമെന്നാണു വിലയിരുത്തൽ.

സിഎസ്എൽ കേരളത്തിന്റെ അതിരുകൾക്കപ്പുറത്തേക്കു വളർന്നിട്ടു കാലങ്ങളായി. ബംഗാളിലെ ഹൂഗ്ലി കൊച്ചിൻ ഷിപ്‌യാഡ് ലിമിറ്റഡും (എച്ച്സിഎസ്എൽ) കർണാടകയിലെ ഉഡുപ്പി കൊച്ചിൻ ഷിപ്‌യാഡും (യുസിഎസ്എൽ) സിഎസ്എലിന്റെ ഉപസ്ഥാപനങ്ങളാണ്. മുംബൈ തുറമുഖത്തെ ഷിപ് റിപ്പയർ യൂണിറ്റും കൊൽക്കത്ത ഷിപ് റിപ്പയർ യൂണിറ്റും ആൻഡമാൻ നിക്കോബാർ ദ്വീപിലെ ഷിപ് റിപ്പയർ യൂണിറ്റും കൂടി ചേരുമ്പോൾ കൊച്ചിൻ ഷിപ്‌യാഡ് അക്ഷരാർത്ഥത്തിൽ 'ഇന്ത്യൻ ഷിപ്‌യാഡ്' ആയി മാറുന്നു. ആഗോള കപ്പൽ നിർമാണ വ്യവസായത്തിൽ ഇന്ത്യയുടെ വിഹിതം ഇപ്പോഴും കുറവാണ്. അതുകൂടി തിരിച്ചറിഞ്ഞാണ് ലോകത്തെതന്നെ വൻകിടക്കാരായ എച്ച്ഡി കൊറിയ ഷിപ് ബിൽഡിങ് ആൻഡ് ഓഫ്ഷോർ എൻജിനീയറിങ്ങുമായി (എച്ച്ഡി കെഎസ്ഒഇ) സിഎസ്എൽ ധാരണാപത്രം ഒപ്പുവെച്ചത്. സിഎസ്എലിന്റെ വൈദഗ്ധ്യം വളരുന്നതു ഇന്ത്യയുടെ കപ്പൽ നിർമാണമേഖലയ്ക്കാകെ ഗുണകരമാകും. വലിയ നഷ്ടങ്ങൾ നേരിട്ട ഒരു കാലം പിന്നിട്ടാണ് കൊച്ചി കപ്പൽശാല കഴിഞ്ഞ മൂന്നു ദശാബ്ദത്തോളമായി അഭിമാനനേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്നത്. സിഎസ്എലിന്റെ വിപണിമൂല്യം ഏകദേശം 47,114 കോടി രൂപയാണ്. കഴിഞ്ഞ സാമ്പത്തികവർഷം 5209.02 കോടി രൂപയായിരുന്നു വരുമാനം. അറ്റാദായം 827 കോടി രൂപയും. 'സിഎസ്എൽ ഒരു പൊതുമേഖലാ സ്ഥാപനമാണെങ്കിലും പ്രവർത്തിക്കുന്നതൊരു കോർപറേറ്റ് കമ്പനി പോലെയാണ്. ഞങ്ങളുടെ ജീവനക്കാരുടെ മികവ് തന്നെയാണു സിഎസ്എലിന്റെ കരുത്ത്'- ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ്. നായരുടെ വാക്കുകളിൽനിന്നു വായിച്ചെടുക്കാം, കൊച്ചിൻ ഷിപ്‌യാഡിന്റെ വിജയമന്ത്രം.




# ഭിന്നശേഷി നിയമനം അട്ടിമറിക്കപ്പെടരുത്

ഭിന്നശേഷി സംവരണസീറ്റുകൾ ഒഴിപ്പിച്ചശേഷം മറ്റു നിയമനങ്ങൾക്ക് അംഗീകാരം നൽകി അവയെ ക്രമവത്കരിക്കണമെന്ന, നായർ സർവീസ് സൊസൈറ്റിയുടെ കേസിലെ സുപ്രീംകോടി വിധി ക്രൈസ്തവ മാനേജ്മെന്റുകൾക്ക് ഉൾപ്പെടെ ബാധകമാക്കുമെന്നു സർക്കാർ തീരുമാനിച്ചത് തികച്ചും സ്വാഗതാർഹം തന്നെ. പക്ഷേ, തീരുമാനം നടപ്പാക്കുമെന്നതിനു പകരം അതിനുള്ള നിയമനടപടി സ്വീകരിക്കുമെന്ന അറിയിപ്പ് ആശയക്കുഴപ്പമുണ്ടാക്കിയിട്ടുണ്ട്. ഉത്തരവ് മറ്റു മാനേജ്മെന്റുകൾക്കും ബാധകമാക്കാമെന്ന സുപ്രീംകോടതി വിധി നിൽക്കെ, വീണ്ടും കോടതിയിലേക്കു പോകുമെന്ന തീരുമാനം പ്രശ്നപരിഹാരം വൈകിക്കുമെന്ന ആശങ്കയ്ക്കാണ് വഴി തെളിച്ചിരിക്കുന്നത്. ഉദ്യോഗാർത്ഥികളെ കിട്ടാനില്ലാത്തതിനാൽ വൈകുന്ന ഭിന്നശേഷി നിയമനത്തിന്റെ പേരിൽ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് 'ബന്ദി'കളാക്കപ്പെട്ടിരുന്ന 16,000 അദ്ധ്യാപകരെ മോചിപ്പിക്കാനുള്ള അധികാരം കോടതി സർക്കാരിനു നൽകിയിരിക്കേ, എന്തുകൊണ്ടോ അത് ഉപയോഗിച്ചിട്ടില്ല. സങ്കീർണതകൾ കഴിവതും ഒഴിവാക്കുകയല്ലേ വേണ്ടത്? കാര്യങ്ങൾ സുതാര്യമാകണം.

എൻഎസ്എസിനു സുപ്രീം കോടതി നൽകിയ ആനുകൂല്യം എല്ലാ സ്കൂൾ മാനേജ്മെന്റുകൾക്കും നൽകുന്നതിനോടു സർക്കാരിന് ഉണ്ടായിരുന്ന വിയോജിപ്പ് ഇപ്പോൾ മാറിയെന്നതാണു ശ്രദ്ധേയമായ കാര്യം. എൻഎസ്എസ് നേടിയെടുത്ത ഉത്തരവ് എല്ലാ സ്കൂൾ മാനേജ്മെന്റുകൾക്കും ബാധകമാക്കണമെന്നാണ് സർക്കാരിന്റെ അഭിപ്രായമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞിരിക്കുന്നു. വലിയ വിവാദങ്ങൾക്കും ചർച്ചകൾക്കും ശേഷമാണ് ഇത്തരത്തിൽ ഒരു നയംമാറ്റം സർക്കാരിന് ഉണ്ടായത്. സർക്കാരിന്റെ നിലപാടു കാരണം വർഷങ്ങളായി പല അദ്ധ്യാപകർക്കും താൽക്കാലിക ജീവനക്കാരായി തുടരേണ്ടിവരുന്നുവെന്നും അവരുടെ ഭാവി അനിശ്ചിതത്വത്തിലാണെന്നുമായിരുന്നു സുപ്രീം കോടതിയിൽ എൻഎസ്എസിന്റെ വാദം. എൻഎസ്എസ് സ്കൂളുകളിൽ ഭിന്നശേഷി സംവരണേതര തസ്തികകളിലെ നിയമനം സ്ഥിരപ്പെടുത്തുന്നതിനോട് എതിർപ്പില്ലെന്ന് വാദത്തിനിടെ കേരളം സുപ്രീം കോടതിയെ അറിയിച്ചിരുന്നു. ഭിന്നശേഷി നിയമനം മുൻകാല പ്രാബല്യത്തോടെ നടപ്പാക്കിയാൽ മാത്രമേ 2018 മുതൽ നടത്തിയ മറ്റു നിയമനങ്ങൾക്ക് അംഗീകാരം നൽകൂ എന്ന സർക്കാർ നിലപാടാണ് എല്ലാ സ്കൂൾ മാനേജ്മെന്റുകൾക്കും തലവേദനയായത്. ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളെ കിട്ടുന്നില്ലെന്നാണ് മാനേജ്മെന്റുകളുടെ പ്രതികരണം. എന്നാൽ, ഇതിനോട് പൊതുസമൂഹത്തിന് യോജിക്കാൻ കഴിയില്ല. ഭിന്നശേഷിക്കാർക്കു കൃത്യമായി നിയമനം കിട്ടുന്ന തരത്തിൽ നിലവിലുള്ള വിവാദങ്ങളും പ്രശ്നങ്ങളും അവസാനിപ്പിക്കാൻ നടപടി ഉണ്ടാകണം. സുപ്രീംകോടതി വിധിയനുസരിച്ച് ഭിന്നശേഷി സംവരണ നിയമനങ്ങൾ സമയബന്ധിതമായി നടത്തുന്നതിനു ജില്ലാതല സമിതികൾക്കു രൂപം നൽകിയിട്ടുണ്ട്. സ്കൂളുകളിൽനിന്ന് മാനേജർമാർ റിപ്പോർട്ട് ചെയ്യുന്ന ഒഴിവനുസരിച്ച് ഭിന്നശേഷി വിഭാഗങ്ങളിൽനിന്നുള്ള ഉദ്യോഗാർത്ഥിയെ നിയമനത്തിനായി നൽകുന്നത് ഈ സമിതികളാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നാണ് ഉദ്യോഗാർത്ഥികളുടെ പട്ടിക ജില്ലാസമിതിക്കു ലഭിക്കുന്നത്. നിയമനാധികാരം സ്കൂൾ മാനേജ്മെന്റുകൾക്കാണുള്ളത്. നിലവിൽ നിയമനത്തിന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് 1,345 ഒഴിവുകൾ മാത്രമാണെന്നും കണക്കനുസരിച്ച് ഏഴായിരത്തിലേറെ ഒഴിവുകൾ മാറ്റിവെക്കേണ്ടതാണെന്നും റിപ്പോർട്ടുകളുണ്ട്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാതെ ഭിന്നശേഷി നിയമനം അട്ടിമറിക്കാൻ ശ്രമം നടക്കുന്നതായുള്ള ആരോപണങ്ങൾ ഗൗരവത്തോടെ പരിശോധിക്കപ്പെടണം.

ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കായുള്ള സീറ്റുകൾ ഒഴിച്ചിട്ടുകൊണ്ട് മറ്റു നിയമനങ്ങൾക്ക് അംഗീകാരം നൽകി അവയെ ക്രമവത്കരിക്കണമെന്നാണ് എൻഎസ്എസ് കേസിൽ സുപ്രീംകോടതിയുടെ ഉത്തരവ്. സമാനസ്വഭാവമുള്ള സൊസൈറ്റികൾക്കും ഈ ഉത്തരവ് നടപ്പാക്കാമെന്ന് സുപ്രീംകോടതി ഈ വിധിന്യായത്തിൽതന്നെ വ്യക്തമാക്കിയിട്ടുമുണ്ട്. അത്ര ലളിതമായ പരിഹാരം ഒഴിവാക്കി, നിയമപരിഹാരം തേടുമെന്നു പറയുമ്പോൾ സർക്കാർ തെരഞ്ഞെടുപ്പുവരെ കാര്യങ്ങൾ നീട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുകയാണോയെന്ന് കാത്തിരിപ്പിന്റെ ദുരിതപർവങ്ങൾ പിന്നിട്ട അദ്ധ്യാപകർക്ക് ഉത്കണ്ഠയുണ്ടാകും. വിദ്യാഭ്യാസമേഖലയിലെ വലിയൊരു പ്രതിസന്ധി പരിഹരിക്കാൻ ക്രിയാത്മക നിലപാടാണ് ഉദ്ദേശിക്കുന്നതെങ്കിൽ സർക്കാർ സംശയനിവൃത്തി വരുത്തേണ്ടതാണ്.

എൻഎസ്എസിന്റേതിനു സമാനമായ വിഷയവും പ്രതിസന്ധിയുമാണെങ്കിലും മറ്റുള്ള മാനേജ്മെന്റുകൾ കോടതിയെ സമീപിക്കട്ടെ എന്നതായിരുന്നു സർക്കാരിന്റെ വാശി. അതോടെ, മാനേജ്മെന്റുകളും സർക്കാരും ശ്രമിച്ചിട്ടും ഒഴിവു നികത്താനാവശ്യമായ ഭിന്നശേഷിക്കാരെ കിട്ടാതെവന്നതോടെ അതിന് ഉത്തരവാദികളല്ലാത്ത മറ്റ് അദ്ധ്യാപകർ സ്ഥിരനിയമനവും മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ട് ദിവസക്കൂലിക്കാരുടെ സ്ഥിതിയിലായി. അനുകൂല വിധി നിലനിൽക്കെ മറ്റു മാനേജ്മെന്റുകൾ വീണ്ടും കോടതിയിൽ പോയാൽ കാലതാമസവും സാമ്പത്തിക നഷ്ടവും വരുത്താമെന്നല്ലാതെ കോടതിയുടെ മുൻ തീരുമാനത്തിൽ മാറ്റമുണ്ടാകാനിടയില്ല. സർക്കാർ അടിയന്തരമായി ഉത്തരവിറക്കണം. ജനാധിപത്യത്തിന്റെ ഇന്ത്യൻ ശാപമായ ചുവപ്പുനാടകൾ പൊട്ടിച്ചെറിയുന്നതിനു പകരം പുതിയ ഫയൽ തുറക്കരുത്. ഓരോ ഫയലും ഓരോ ജീവിതമല്ലേ?

# ഭൂപതിവു ചട്ട ഭേദഗതി
## പട്ടയഭൂമിയിലെ വീടുകൾ ക്രമപ്പെടുത്താൻ കേസില്ല

തിരുവനന്തപുരം: സർക്കാർ പുറത്തിറക്കിയ ഭൂപതിവു ചട്ട ഭേദഗതി വിജ്ഞാപന പ്രകാരം 2024 ജൂൺ ഏഴിന് മുമ്പുള്ള വ്യവസ്ഥാലംഘനങ്ങൾ ക്രമപ്പെടുത്താം. വിജ്ഞാപന പ്രകാരം പട്ടയഭൂമിയിലെ വീടുകൾ ക്രമീകരണ ഫീസില്ലാതെ ക്രമപ്പെടുത്താനാകും. സെപ്റ്റംബറിൽ നിയമസഭ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച ഭേദഗതിയാണ് വിജ്ഞാപനമായി പുറത്തിറക്കിയത്. 1960-ലെയും 1995-ലെയും ഭൂപതിവു ചട്ടങ്ങൾ ഉൾപ്പെടെ 11 ചട്ടങ്ങളിലെ വ്യവസ്ഥാലംഘനമാണ് ക്രമീകരിക്കാനാവുക. വിജ്ഞാപനം വന്ന് ഒരു വർഷത്തിനകം അപേക്ഷിക്കാമെന്ന് വിജ്ഞാപനത്തിൽ പറയുന്നു. 3000 ചതുരശ്ര അടി വരെ വിസ്തീർണമുള്ള വാണിജ്യ നിർമിതികൾക്കു ക്രമീകരണ ഫീസ് അടക്കേണ്ടതില്ലെന്നു വിജ്ഞാപനത്തിൽ പറയുന്നു. പട്ടയഭൂമിയിലെ വീടുകൾ, പൊതുസ്ഥലങ്ങൾ, ആരാധനാലയങ്ങൾ, കാർഷിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, സർക്കാർ അംഗീകൃത- വിദ്യാഭ്യാസ സംബന്ധിയായ കെട്ടിടങ്ങൾ എന്നിവയ്ക്കും ക്രമീകരണ ഫീസ് അടക്കേണ്ടതില്ല. എന്നാൽ ഇവ ക്രമപ്പെടുത്തുന്നതിന് അപേക്ഷ നൽകി നടപടികൾ പൂർത്തിയാക്കണം.

പട്ടയം, നികുതിയടച്ച രസീത്, കോടതി വിധി പകർപ്പുകൾ, അംഗീകൃത കെട്ടിട പെർമിറ്റ്, നിയമ പ്രകാരം ലഭിച്ച ലൈസൻസ്, അനുമതി സംബന്ധിച്ച രേഖകൾ തുടങ്ങിയ വ്യവസ്ഥാ ലംഘനങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള അപേക്ഷക്കൊപ്പം നൽകണം. വിജ്ഞാപന പ്രകാരം പട്ടയ ഭൂമിയിൽ നിർമിച്ച ആരാധനാലയങ്ങൾ, സെമിത്തേരികൾ തുടങ്ങിയവയെല്ലാം സൗജന്യമായി ക്രമപ്പെടുത്തിയെടുക്കുന്നതിനുള്ള അവസരം ലഭിക്കും. കാർഷിക ആവശ്യത്തിനുള്ള നിർമാണങ്ങളും ക്രമപ്പെടുത്താം. കാർഷിക ,താമസ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്ന 3000-5000 ചതുരശ്ര അടി സ്ഥലത്ത് വാണിജ്യ, വ്യവസായ കെട്ടിടങ്ങൾ നിർമിച്ചിട്ടുണ്ടെങ്കിൽ ന്യായവിലയുടെ 5 ശതമാനം ഫീസായി നൽകി ക്രമപ്പെടുത്താം. ഇത്തരം കെട്ടിടങ്ങൾ 25000-50000 ചതുരശ്ര അടിയുള്ളതാണെങ്കിൽ ന്യായവിലയുടെ 40 ശതമാനവും അരലക്ഷം ചതുരശ്ര അടിക്കു മുകളിലുള്ളവയ്ക്ക് 50 ശതമാനവും ഫീസ് ഈടാക്കാം.


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


പ്രവാസി കേരള കോൺഗ്രസിന്റെ
നേതൃത്വത്തിൽ
കേരള കോൺഗ്രസ് സ്റ്റേറ്റ് കോ – ഓർഡിനേറ്റർ
ശ്രീ. അപു ജോൺ ജോസഫിന്
ചിക്കാഗോ പൗരാവലി
സ്വീകരണം നൽകുന്നു
2025 ഒക്ടോബർ 26
വൈകിട്ട് 6.30 ന്
മോർട്ടൻ ഗ്രോവ് സെന്റ് മേരീസ്
പള്ളി ഓഡിറ്റോറിയത്തിൽ
7800 Lyns St, Morton Grove, Il 60053
ഏവർക്കും
സ്വാഗതം
Sunny Vallikulam
+1 (847) 722-7598
Mathew Thattamattom
+1 (773) 317-3444
Shibu Mulayanikunnel
+1 (630) 849-1253
Augustine Alapattu
+1 (224) 415-5087


LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB Accredited Business
A+ Rating
Better Business Bureau

## സെൻസസ് ട്രയൽ നവംബർ 10 മുതൽ

ന്യൂഡൽഹി: ഇന്ത്യയിൽ വീണ്ടും ജനസംഖ്യാ കണക്കെടുപ്പ് (സെൻസസ്) നടത്തുന്നതിന്റെ മുന്നോടിയായി പരീക്ഷണാടിസ്ഥാനത്തിൽ നവംബർ 10 മുതൽ വിവരശേഖരണം നടത്തും. കടലാസ് ഒഴിവാക്കി ഡിജിറ്റലായാണ് വിവരശേഖരണം. ഇതിനായി മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കും. കേരളത്തിൽ ഇടുക്കി, പാലക്കാട് ജില്ലകളിലെ ഗോത്ര മേഖലകൾ, കൊച്ചി കോർപറേഷൻ എന്നിവിടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മൊബൈൽ നെറ്റ്‌വർക് കുറവുള്ള മേഖലകളിലും നഗരമേഖലകളിലും സോഫ്റ്റ്‌വെയർ എങ്ങനെ പ്രവർത്തിക്കുന്നു എന്നു മനസ്സിലാക്കാനാണിത്. 20 ദിവസമാണ് വിവരശേഖരണം നടത്തുക. ഈ വിവരങ്ങൾ യഥാർഥ സെൻസസ് രേഖകളിൽ ഉൾപ്പെടുത്തില്ല.

വ്യക്തികൾക്കു സ്വയം വിവരങ്ങൾ നൽകാനും സൗകര്യമുണ്ട്. സെൻസസ് പോർട്ടലിൽ നവംബർ ഒന്ന് മുതൽ ഏഴ് വരെ ഇതിനായി പ്രത്യേക വിൻഡോ തുറക്കും. എന്യൂമറേറ്റർമാർക്കുള്ള പരിശീലനം അടുത്ത ആഴ്ച തുടങ്ങും.

# ഭീകരവാദം നയമാക്കിയ പാകിസ്ഥാൻ ജനാധിപത്യ ഇന്ത്യയെ ആക്ഷേപിക്കുന്നു

കൊല്ലം: ജമ്മു കശ്മീരിനെക്കുറിച്ചു കള്ളം പ്രചരിപ്പിക്കാൻ ഐക്യരാഷ്ട്ര സംഘടനയുടെ വേദി പാകിസ്ഥാൻ ദുരുപയോഗം ചെയ്യുന്നതു ഖേദകരമാണെന്ന് എൻ.കെ. പ്രേമചന്ദ്രൻ പറഞ്ഞു. ന്യൂയോർക്കിൽ 80–ാമത് യുഎൻ പൊതുസഭയിൽ ഇന്ത്യൻ പ്രതിനിധി സംഘത്തിന്റെ ഭാഗമായി പ്രസംഗിക്കുകയായിരുന്നു പ്രേമചന്ദ്രൻ. ഇതു രണ്ടാം തവണയാണു പ്രേമചന്ദ്രൻ യുഎൻ പൊതുസഭയിൽ പങ്കെടുക്കുന്നത്. ഭീകരവാദം ഇന്ത്യയുടെ നയമായി ഉപയോഗിക്കുന്നതിൽ ആഗോളതലത്തിൽ കുപ്രസിദ്ധി നേടിയ ഒരു രാജ്യം ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിനെതിരെ അധിക്ഷേപം നടത്തുന്നതു വൈരുധ്യമാണ്. പാകിസ്ഥാൻ പരിശീലനം നൽകി സ്പോൺസർ ചെയ്ത ഭീകരർ ജമ്മു കശ്മീരിലെ പഹൽഗാമിൽ നിരപരാധികളായ 26 സാധാരണ പൗരന്മാരെയാണു കൊലപ്പെടുത്തിയത്.

നിയമവിരുദ്ധമായി കയ്യേറിയ പ്രദേശങ്ങളിൽ നടത്തുന്ന ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾ പാകിസ്ഥാൻ അവസാനിപ്പിക്കണം. ജമ്മു കശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഭാഗമാണ്. അത് എന്നും അങ്ങനെ തുടരുക തന്നെ ചെയ്യും.

കോളനിവൽക്കരണത്തിനെതിരായ പോരാട്ടം കഠിനമാണെങ്കിലും ഐക്യരാഷ്ട്രസംഘടനയുടെ രൂപീകരണത്തിനുശേഷം എൺപതിലധികം രാജ്യങ്ങൾ കോളനികളല്ലാതായി. കോളനികൾ പക്ഷേ, ഇനിയും അവശേഷിക്കുന്നു. അവയുടെ മോചനത്തിനും പ്രായോഗിക സമീപനം അനിവാര്യമാണെന്നും പ്രേമചന്ദ്രൻ പറഞ്ഞു.

## ഇന്ത്യൻ കഫ് സിറപ്പുകൾക്കെതിരെ ലോകാരോഗ്യ സംഘടന

ന്യൂഡൽഹി: കഫ് സിറപ്പുകൾ കഴിച്ചു ഇന്ത്യയിൽ ഇരുപതിലധികം കുട്ടികൾ മരിച്ചതിന്റെ പശ്ചാത്തലത്തിൽ നിലവാരമില്ലാത്തതും കേന്ദ്രം ഈയിടെ നിരോധിച്ചതുമായ മൂന്ന് ഇന്ത്യൻ നിർമിത കഫ് സിറപ്പുകൾക്കെതിരെ ആഗോളതലത്തിൽ ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ്. കോൾഡ്രിഫ്, റെസ്പിഫ്രെഷ് ടിആർ, റീലൈഫ് എന്നീ മൂന്ന് ഇന്ത്യൻ നിർമിത മരുന്നുകൾ അവരുടെ രാജ്യത്ത് കണ്ടെത്തിയാൽ ലോകമെമ്പാടുമുള്ള രാജ്യങ്ങളിലെ ദേശീയ റെഗുലേറ്ററി അതോറിറ്റീസ് ഉടൻതന്നെ വിവരമറിയിക്കണമെന്ന് ഡബ്ല്യുഎച്ച്ഒ അറിയിച്ചിട്ടുണ്ട്. ഡൈഎത്തിലീൻ ഗ്ലൈക്കോൾ (ഡിഇജി) എന്ന വസ്തു അനുവദനീയമായതിലും കൂടുതൽ അടങ്ങിയിരിക്കുന്ന ഈ കഫ് സിറപ്പുകൾ കണ്ടെത്തിയാൽ ഉടൻ തന്നെ റിപ്പോർട്ട് ചെയ്യണമെന്ന് മെഡിക്കൽ വിദഗ്ധരോട് ഡബ്ല്യുഎച്ച്ഒ നിർദേശിച്ചിട്ടുണ്ട്.

ഈ മരുന്നുകളിൽനിന്ന് വിപരീത ഫലങ്ങളുണ്ടാകുകയോ പ്രതീക്ഷിച്ച ഫലം ഇല്ലാതിരിക്കുകയോ ചെയ്താൽ ദേശീയ റെഗുലേറ്ററി അതോറിറ്റിസിനെയോ നാഷണൽ ഫാർമോ കോവിജിലൻസ് സെന്ററിനെയോ അറിയിക്കണമെന്നും നിർദേശമുണ്ട്.

ശ്രീശൻ ഫാർമസ്യൂട്ടിക്കൽസ്, റെഡ്നെക്സ് ഫാർമസ്യൂട്ടിക്കൽസ്, ഷേപ്പ് ഫാർമ എന്നീ കമ്പനികൾ നിർമിച്ച പ്രസ്തുത മരുന്നുകളുടെ വ്യാപാരം സൂക്ഷ്മമായി നിരീക്ഷിക്കാൻ ഇന്ത്യയിലെ അധികൃതർക്ക് ഡബ്ല്യുഎച്ച്ഒ നിർദേശം നൽകിയിട്ടുണ്ട്.

കഫ് സിറപ്പുകൾ കഴിച്ച് ഇന്ത്യയിൽ കുട്ടികൾ മരിച്ചതിന്റെ പശ്ചാത്തലത്തിൽ വിഷവസ്തു അടങ്ങിയിരിക്കുന്ന ഈ മരുന്നുകൾ വിദേശത്തേക്ക് കയറ്റുമതി ചെയ്തിട്ടുണ്ടോയെന്നതിൽ ഡബ്ല്യുഎച്ച്ഒ കഴിഞ്ഞ ആഴ്ച ഇന്ത്യയോട് വിശദീകരണം തേടിയിരുന്നു.

ഈ മരുന്നുകൾ കയറ്റുമതിക്കായി നിർമിച്ചതല്ലെന്നും അനധികൃത കയറ്റുമതിയുടെ തെളിവൊന്നുമില്ലെന്നാണ് ഇന്ത്യ മറുപടി നൽകിയിരുന്നത്.

## നഗ്മ മുഹമ്മദ് മല്ലിക് ജപ്പാനിലെ ഇന്ത്യൻ അംബാസഡർ



ന്യൂഡൽഹി: പോളണ്ടിലെ ഇന്ത്യൻ അംബാസഡറായ മലയാളി ഐഎഫ്എസ് ഉദ്യോഗസ്ഥ നഗ്മ മുഹമ്മദ് മല്ലിക്കിനെ ജപ്പാനിലെ അംബാസഡറായി മാറ്റി നിയമിച്ചു. മലയാളിയായ സിബി ജോർജിന്റെ പിൻഗാമിയായിട്ടാണു മറ്റൊരു മലയാളി പദവിയിലെത്തുന്നത്. സിബി ജോർജിനെ വിദേശകാര്യ മന്ത്രാലയത്തിൽ സെക്രട്ടറി (വെസ്റ്റ്) പദവിയിൽ നിയമിച്ചിരുന്നു.

കാസർകോട് ഫോർട്ട് റോഡ് സ്വദേശികളായ മുഹമ്മദ് ഹബീബുല്ല–സുലൈഖ ദമ്പതികളുടെ മകളായ നഗ്മ 1991 ബാച്ച് ഐഎഫ്എസ് ഉദ്യോഗസ്ഥയാണ്. മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാളിന്റെ സ്റ്റാഫ് ഓഫീസറായിരുന്നു. തുനീസിയ, ബ്രൂണയ് എന്നിവിടങ്ങളിലെ അംബാസഡറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ജപ്പാനിലെ ഇന്ത്യൻ എംബസിയിൽ ഡപ്യൂട്ടി ചീഫ് ഓഫ് മിഷനും മലയാളിയാണ്. പാലക്കാട് രാമശ്ശേരി സ്വദേശിയായ ആർ. മധുസൂദൻ നിലവിൽ അംബാസഡറുടെ ചുമതല ഇദ്ദേഹമാണു വഹിക്കുന്നത്. നഗ്മ നവംബർ ആദ്യം പുതിയ ചുമതല ഏറ്റെടുക്കും.

## പലസ്തീൻപ്രശ്നത്തിന് ദ്വിരാഷ്ട്ര പരിഹാരം വേണമെന്ന് ഇന്ത്യ

കംപാല: പലസ്തീൻ പ്രശ്നത്തിന് ചർച്ചയിലൂടെയുള്ള ദ്വിരാഷ്ട്ര പരിഹാരമാണു വേണ്ടതെന്ന ദീർഘകാല നിലപാട് ആവർത്തിച്ച് ഇന്ത്യ. പശ്ചിമേഷ്യയിൽ ശാശ്വതസമാധാനവും അഭിവൃദ്ധിയുമുണ്ടാകാൻ അതുമാത്രമാണ് സാധ്യമായ ഏകവഴിയെന്ന് വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് പറഞ്ഞു. യുഗാണ്ഡയുടെ തലസ്ഥാനമായ കംപാലയിൽ ചേരിചേരാ പ്രസ്ഥാനത്തിന്റെ (നാം) പലസ്തീൻകാര്യ മന്ത്രിതലസമിതി യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പലസ്തീൻ ജനതയുടെ സ്വയം നിർണയാവകാശം, ദേശീയ സ്വാതന്ത്ര്യം, പരമാധികാരം എന്നിവയിലുള്ള പിന്തുണ ഇന്ത്യ തുടരുമെന്ന് അദ്ദേഹം പറഞ്ഞു. പലസ്തീനുമായുള്ള ഇന്ത്യയുടെ ചരിത്രപരമായ ബന്ധം അദ്ദേഹം ഓർമിപ്പിച്ചു.

പലസ്തീൻ കാര്യ മന്ത്രിതലസമിതിയുണ്ടാക്കിയത് 1983–ൽ ഇന്ത്യയിൽ നാം ഉച്ചകോടി നടന്നപ്പോഴാണെന്ന് സിംഗ് അനുസ്മരിച്ചു. 2023 ഒക്ടോബറിൽ ഗാസയിൽ യുദ്ധം തുടങ്ങിയശേഷം 135 ടൺ മരുന്നുകളും മറ്റു അവശ്യവസ്തുക്കളും നൽകി. പലസ്തീൻ കാര്യങ്ങൾക്കുള്ള യുഎൻ ഏജൻസിയിലേക്ക് ഓരോ വർഷവും ഇന്ത്യ 50 ലക്ഷം ഡോളർ (44 കോടി രൂപ) സംഭാവന നൽകുന്നുണ്ട്. നാലു കോടി ഡോളറിന്റെ (352 കോടി രൂപ) പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്– അദ്ദേഹം പറഞ്ഞു. അതേ സമയം ഭീകരതയെ അപലപിക്കുന്നെന്നും സിംഗ് പറഞ്ഞു.

## വി.എസിന്റെ സഹോദരി ആഴിക്കുട്ടി അന്തരിച്ചു




അമ്പലപ്പുഴ: മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ ഏക സഹോദരി പറവൂർ കിഴക്ക് വെന്തലത്തറയിൽ ആഴിക്കുട്ടി (95) അന്തരിച്ചു. അവശനിലയിൽ ഓർമ നഷ്ടപ്പെട്ട് കിടപ്പിലായിരുന്ന ആഴിക്കുട്ടിയെ വിഎസിന്റെ വിയോഗം അറിയിച്ചിരുന്നില്ല.

വിഎസ് അന്തരിച്ച് മൂന്നു മാസം തികയാൻ ദിവസങ്ങൾ മാത്രം ബാക്കിയുള്ളപ്പോഴാണ് സഹോദരിയുടെ മരണം. ഭർത്താവ്: പരേതനായ ഭാസ്കരൻ. മക്കൾ: തങ്കമണി, പരേതയായ സുശീല. മരുമക്കൾ: പരമേശ്വരൻ, വിശ്വംബരൻ.







PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com

# ഭിന്നശേഷി സംവരണം: സർക്കാർ ഉത്തരവിറക്കണമെന്ന്

പാലാ: എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണപ്രശ്നത്തിൽ സർക്കാർ അടിയന്തരമായി ഉത്തരവിറക്കണമെന്നും ഇനിയും കോടതി വ്യവഹാരങ്ങളിലേക്ക് വലിച്ചഴയ്ക്കാതെ പ്രശ്നം പരിഹരിക്കണമെന്നും വിവിധ ക്രൈസ്തവസഭകളുടെ എക്യുമെനിക്കൽ സമ്മേളനം ആവശ്യപ്പെട്ടു. പാലാ ബിഷപ്സ് ഹൗസിൽ ചേർന്ന കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ പ്രതിനിധി സമ്മേളനമാണ് ഈ ആവശ്യമുന്നയിച്ചത്.


സീറോമലബാർ എക്യുമെനിക്കൽ-എഡ്യൂക്കേഷൻ കമ്മീഷനുകളുടെ ആഭിമുഖ്യത്തിൽ പാലാ ബിഷപ്സ് ഹൗസിൽ ചേർന്ന എക്യുമെനിക്കൽ യോഗം.

ഭിന്നശേഷി വിഷയത്തിൽ സർക്കാരിന്റെ നിലപാട് ആശ്വാസകരമാണെന്ന നിലപാട് സഭയ്ക്കില്ലെന്ന് യോഗതീരുമാനങ്ങൾ വിശദീകരിച്ച മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ പത്രസമ്മേളനത്തിൽ ഉയർന്ന ചോദ്യത്തിനു മറുപടിയായി പറഞ്ഞു. എൻഎസ്എസിനു ലഭിച്ചതു പോലുള്ള ഉത്തരവ് ലഭിക്കുമെന്ന ഉറപ്പ് ലഭിക്കാത്തിടത്തോളം കാലം സഭയ്ക്ക് ആശങ്കയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇത്തരമൊരു ഉത്തരവിറക്കാൻ ഭരണാധികാരികൾ മടിക്കേണ്ടതില്ല. അതിനെതിരായി ഏതെങ്കിലും സംഘടനയോ മറ്റുള്ളവരോ ഗവൺമെന്റിനുമേൽ എതിർപ്പുണ്ടാക്കുമെന്നും താൻ കരുതുന്നില്ലെന്നും കാതോലിക്കാ ബാവ പറഞ്ഞു. ഇക്കാര്യത്തിൽ സമരത്തിനല്ല, ബോധവത്കരണത്തിനാണ് ശ്രമം നടത്തുന്നത്.

ഈ വിഷയത്തിൽ ക്രൈസ്തവ സമൂഹത്തിൽ നിലനിൽക്കുന്ന പ്രധാന വികാരം ഗൗരവതരമായ നീതിനിഷേധം നടന്നിട്ടുണ്ട് എന്നതാണെന്ന് സീറോമലബാർ സഭാ പിആർഒ ഫാ. ടോം ഓലിക്കരോട്ട് പറഞ്ഞു. ഭരണഘടന ഉറപ്പു നല്കുന്ന തുല്യത നിഷേധിക്കപ്പെട്ടിരിക്കുന്നു. എൻഎസ്എസിനു നല്കിയതുപോലുള്ള ഉത്തരവാണ് ക്രൈസ്തവ മാനേജ്മെന്റുകൾക്കും കിട്ടേണ്ടത്. എന്നാൽ, ചർച്ചയ്ക്കു ശേഷം വിദ്യാഭ്യാസമന്ത്രി പറഞ്ഞത് സുപ്രീം കോടതിയിൽ കേസ് വരുമ്പോൾ സർക്കാർ തടസ്സവാദം ഉന്നയിക്കില്ലെന്നാണ്. ഇക്കാര്യത്തിൽ കോടതി വ്യവഹാരങ്ങളുടെ കാലതാമസം കണക്കിലെടുക്കേണ്ടതുണ്ട്. 2018 മുതൽ 16,000 അധ്യാപകർ ശമ്പളമില്ലാതെ ജോലി ചെയ്യുന്നു. ഇവരെ ആശ്രയിച്ചു ജീവിക്കുന്നവരടക്കം അമ്പതിനായിരത്തോളം മനുഷ്യരുടെ ഉപജീവനമാണ് സർക്കാരിന്റെ മനഃപൂർവമുള്ള നീതിവൈകിക്കലിലൂടെ അപകടത്തിലെത്തി നിൽക്കുന്നതെന്നും ഫാ. ടോം ഓലിക്കരോട്ട് ചൂണ്ടിക്കാട്ടി. ഭിന്നശേഷി നിയമനത്തിലൂടെ ന്യൂനപക്ഷ സ്ഥാപനങ്ങളിലെ മാനേജർക്ക് ഭരണഘടന നല്കിയിരിക്കുന്ന അധ്യാപകരെ തെരഞ്ഞെടുക്കാനും നിയമിക്കാനുമുള്ള അധികാരം കവർന്നെടുക്കാനുള്ള ശ്രമത്തെ യോഗം അപലപിച്ചു. ഗവൺമെന്റ് തരുന്ന ലിസ്റ്റിൽ നിന്ന് ഇന്റർവ്യൂ നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കാനുള്ള അവകാശം ന്യൂനപക്ഷ മാനേജുമെന്റുകൾക്ക് പുനഃസ്ഥാപിച്ചു തരണം. രണ്ട് വർഷമായി ഒരു നടപടിയും സ്വീകരിക്കാതെ പൂഴ്ത്തിവെച്ചിരിക്കുന്ന ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന്റെ റിപ്പോർട്ട് പുറത്തുവിടുകയും കമ്മീഷൻ ക്രൈസ്തവ സമുദായങ്ങളുടെ ഉന്നമനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കുകയും ചെയ്യണമെന്നും എക്യുമെനിക്കൽ സമ്മേളനം ആവശ്യപ്പെട്ടു. സീറോമലബാർ സഭയുടെ വിദ്യാഭ്യാസ എക്യുമെനിക്കൽ കമ്മീഷനുകളുടെ ചെയർമാനും പാലാ ബിഷപ്പുമായ മാർ ജോസഫ് കല്ലറങ്ങാട്ടാണ് യോഗം വിളിച്ചു ചേർത്തത്.

# വിദ്യാർത്ഥിയുടെ മരണം: ക്ലാസ് ടീച്ചറെയും പ്രധാനാദ്ധ്യാപികയെയും സസ്പെൻഡ് ചെയ്തു

പാലക്കാട്: കണ്ണാടി ഹയർ സെക്കൻഡറി സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥി അർജുന്റെ (14) ആത്മഹത്യയ്ക്കു പിന്നിൽ അദ്ധ്യാപികയുടെ മാനസിക പീഡനമാണെന്ന ആരോപണവുമായി വിദ്യാർത്ഥികൾ. അദ്ധ്യാപികയ്ക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് വിദ്യാർത്ഥികൾ പ്രതിഷേധിച്ചു.

പ്രതിഷേധത്തിനൊടുവിൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപിക ലിസിയെയും ക്ലാസ് ടീച്ചർ ആശയെയും അന്വേഷണവിധേയമായി മാറ്റിനിർത്താൻ മാനേജ്മെന്റ് തീരുമാനിച്ചു. വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശമനുസരിച്ചാണിത്. കൂടാതെ വകുപ്പുതല അന്വേഷണത്തിനും ഉത്തരവിട്ടിട്ടുണ്ട്.

14-ന് വൈകുന്നേരമാണ് അർജുനനെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. അർജുന്റെ മരണത്തിനു കാരണം ക്ലാസ് ടീച്ചറുടെ മാനസിക പീഡനമാണെന്ന് വിദ്യാർത്ഥികൾ ആരോപിച്ചു. ഒരുവിഭാഗം വിദ്യാർത്ഥികൾ അദ്ധ്യാപികയെ അനുകൂലിച്ചും രംഗത്തുവന്നു. അസ്വാഭാവിക മരണത്തിനു കേസെടുത്തിട്ടുണ്ടെന്നും കൂടുതൽ അന്വേഷണം നടത്തി നടപടി കൈക്കൊള്ളുമെന്നും കുഴൽമന്ദം പോലീസ് അറിയിച്ചു.

ഇൻസ്റ്റഗ്രാം വഴി അർജുൻ മെസേ



ജ് അയച്ചതിനെച്ചൊല്ലി പരാതിയുമായി ക്ലാസിലെ മറ്റൊരു വിദ്യാർത്ഥിയുടെ അച്ഛൻ ക്ലാസ് ടീച്ചറെ സമീപിച്ചിരുന്നു.

ഇതേത്തുടർന്ന് ടീച്ചർ അർജുനെ ചീത്ത പറഞ്ഞെന്നും വിവരം സൈബർ സെല്ലിൽ അറിയിച്ചാൽ ജയിലിൽ കഴിയേണ്ടിവരുമെന്നും പറഞ്ഞതായി വിദ്യാർത്ഥികൾ പറയുന്നു. അന്നു വൈകുന്നേരമാണ് അർജുൻ ആത്മഹത്യ ചെയ്തതെന്നും വിദ്യാർത്ഥികൾ പറഞ്ഞു. സാമൂഹിക മാധ്യമങ്ങളുടെ ദോഷവശങ്ങളെക്കുറിച്ച് കുട്ടിയെ പറഞ്ഞു ബോധ്യപ്പെടുത്തുക മാത്രമാണ് അദ്ധ്യാപിക ചെയ്തതെന്ന് പ്രധാനാദ്ധ്യാപിക പറഞ്ഞു.

കുട്ടിക്ക് സ്കൂളിൽനിന്ന് മാനസികമായും ശാരീരികമായും പീഡനം നേരിടേണ്ടി വന്നിട്ടുണ്ടെന്നും നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കുട്ടിയുടെ പിതാവ് കുഴൽമന്ദം പോലീസിൽ പരാതി നല്കി.

അദ്ധ്യാപികയെ പിരിച്ചുവിടണമെന്ന് ആവശ്യപ്പെട്ട് വീണ്ടും വിദ്യാർത്ഥികൾ പ്രതിഷേധിച്ചു.

റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും കൃത്യമായ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുമെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ കുട്ടികൾക്ക് ഉറപ്പു നല്കിയതോടെയാണ് പ്രതിഷേധം അവസാനിച്ചത്.

# ആധാർ ഓതന്റിക്കേഷൻ: മൊബൈൽ ക്യാമറ വഴിയും

ന്യൂഡൽഹി: ഫെയ്സ് ഡിറ്റക്ഷൻ വഴിയുള്ള ആധാർ പരിശോധന കുറ്റമറ്റതാക്കാൻ സ്റ്റാർട്ടപ്പുകളിൽ നിന്ന് ആധാർ അതോറിറ്റി സാങ്കേതിക വിദ്യ വഴിയുള്ള പരിഹാരങ്ങൾ തേടുന്നു.

നിലവിൽ ഫിംഗർ പ്രിന്റ്, ഐറിസ്, ഒടിപി വഴിയാണ് ആധാർ പരിശോധന (ഓതന്റിക്കേഷൻ) നടക്കുന്നത്. ഇനി മൊബൈൽ ക്യാമറയിൽ മുഖം കാണിച്ചും ആധാർ ഓതന്റിക്കേഷൻ നടത്താം. എന്നാൽ, ക്യാമറയ്ക്കു മുന്നിലുള്ള മുഖം യഥാർത്ഥമാണെന്ന് ഉറപ്പാക്കാനുള്ള സോഫ്റ്റ്വെയർ ടൂൾ വികസിപ്പിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ഫോട്ടോ, വീഡിയോ മുഖംമൂടി, എഐ ഡീപ്ഫെയ്ക് തുടങ്ങിയവ വഴിയുള്ള ക്രമക്കേട് തടയുകയാണ് ലക്ഷ്യം. ഫിംഗർ പ്രിന്റ് റീഡർ ഇല്ലാത്ത സാധാരണ സ്മാർട്ട്ഫോണുകളുടെ ക്യാമറ ഉപയോഗിച്ച് വിരലടയാളം പകർത്താനുള്ള സാങ്കേതികവിദ്യയും ആധാർ അതോറിറ്റി തേടുന്നുണ്ട്. ക്യാമറയിൽ സ്പർശിക്കാതെ വിരലിന്റെ ചിത്രത്തിലൂടെ വിരലടയാളം പകർത്താനാകണം. സ്റ്റാർട്ടപ്പുകൾക്ക് അപേക്ഷിക്കാം.






# പാലിയേക്കരയിലെ ടോൾ പുനരാരംഭിക്കാൻ ഹൈക്കോടതി അനുമതി

കൊച്ചി: പാലിയേക്കരയിലെ ടോൾ പുനരാരംഭിക്കാൻ ഹൈക്കോടതിയുടെ അനുമതി. നിബന്ധനകളോടെയാണ് അനുമതി നൽകിയിരിക്കുന്നത്. പുതുക്കിയ ടോൾനിരക്ക് ഈടാക്കാൻ പാടില്ലെന്നും പഴയ നിരക്കേ പിടിക്കാവൂ എന്നും കോടതി വ്യക്തമാക്കി. ഗതാഗതക്കുരുക്ക് രൂക്ഷമായതിനെത്തുടർന്ന് കഴിഞ്ഞ ഓഗസ്റ്റ് അഞ്ച് മുതലാണ് ടോൾ പിരിവ് വിലക്കിയത്.

വിലക്ക് നീക്കാൻ കേന്ദ്രസർക്കാരും ദേശീയപാത അതോറിറ്റിയും ടോൾകമ്പനിയും നിരന്തരം ആവശ്യപ്പെട്ടെങ്കിലും ടോൾപിരിവിന് കോടതി അനുമതി നൽകിയിരുന്നില്ല. തൃശൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് ഓരോ തവണയും വിലക്ക് നീട്ടുകയായിരുന്നു. സർവീസ് റോഡിൽ നിലവിൽ പ്രശ്നങ്ങളില്ലെന്ന് കളക്ടർ ഒടുവിൽ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ചാണ് ഇപ്പോൾ കോടതി അനുമതി നൽകിയത്. എല്ലാ പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കുമെന്ന് കേന്ദ്രസർക്കാർ ഉറപ്പു നൽകി. ടോൾപിരിവിന് അനുമതി ലഭിച്ചാലേ കരാറുകാരനെക്കൊണ്ട് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തിക്കാനാവൂ എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചു. തുടർന്നാണ് നിബന്ധനകളോടെ ടോൾപിരിവിന് കോടതി അനുമതി നൽകിയത്. 71 ദിവസത്തിനു ശേഷമാണ് ടോൾപിരിവിനുള്ള വിലക്ക് നീക്കിയത്.

# തേജസ് സേനയുടെ ഭാഗമാക്കുന്നു



നാസിക്കിൽ തേജസ് മാർക്ക് 1എ യുദ്ധവിമാനത്തിന്റെ ഫ്ളാഗ് ഓഫ് ചടങ്ങിൽ കേന്ദ്ര പ്രതിരോധമന്ത്രി രാജ്നാഥ് സിങ്.

മുംബൈ: രാജ്യത്ത് തദ്ദേശീയമായി വികസിപ്പിച്ച തേജസ് മാർക്ക് 1 എ യുദ്ധവിമാനം ഈ വർഷം തന്നെ സേനയുടെ ഭാഗമായേക്കും. നാസിക്കിൽ എച്ച്എഎൽ പ്ലാന്റിൽ നിർമ്മിച്ച ആദ്യ തേജസ് എംകെ1എ വിമാനം കേന്ദ്ര പ്രതിരോധമന്ത്രി രാജ്നാഥ് സിങ് ഫ്ളാഗ്ഓഫ് ചെയ്തു. കഴിഞ്ഞ 10-12 വർഷമായി പ്രതിരോധ, സാങ്കേതിക മേഖലകളിൽ ഇന്ത്യ നേടിയ സ്വയംപര്യാപ്തത ശ്രദ്ധേയമാണെന്ന് രാജ്നാഥ് സിങ് പറഞ്ഞു. നേരത്തെ നമ്മൾ പുറത്തുനിന്ന് വാങ്ങിയിരുന്നവ ഇന്ന് ഇവിടെത്തന്നെ നിർമ്മിക്കുന്നു. ഇതോടൊപ്പം തേജസിന്റെ മൂന്നാമത്തെ ഉല്പാദന യൂണിറ്റും ഹിന്ദുസ്ഥാൻ ടർബോ ട്രെയിനർ-40 വിമാനത്തിന്റെ രണ്ടാമത്തെ ഉല്പാദനകേന്ദ്രവും പ്രതിരോധമന്ത്രി ഉദ്ഘാടനം ചെയ്തു. തെക്കേ അമേരിക്ക, ആഫ്രിക്ക തെക്കു കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള രാജ്യങ്ങളും തേജസ് മാർക്ക് 1 എ യുദ്ധവിമാനങ്ങൾക്കായി കാത്തിരിക്കുകയാണെന്ന് എച്ച്എഎൽ അധികൃതർ സൂചിപ്പിച്ചു.

ഒരിക്കൽ മിഗ് വിമാനങ്ങൾ നിർമ്മിച്ചിരുന്ന ഫാക്ടറിയാണിത്. സുഖോയ് ജെറ്റുകളുടെ ആധുനിക കേന്ദ്രമായും ഇതു പ്രവർത്തിക്കുന്നു. ഇത് സ്വാശ്രയത്വത്തിന്റെ യഥാർത്ഥ ഉദാഹരണമാണെന്നും എസ്.യു-30, എം.കെ. 1 എ, എച്ച്ടിടി-40 എന്നിവയുടെ പ്രവർത്തനം നിരീക്ഷിച്ചുകൊണ്ട് രാജ്നാഥ് സിങ് പറഞ്ഞു. മുൻപ് 65-70 ശതമാനം പ്രതിരോധ ഉപകരണങ്ങളും ഇറക്കുമതി ചെയ്തിരുന്നു. ഇപ്പോൾ സ്വന്തം മണ്ണിൽ 65 ശതമാനം ഉല്പാദനം നടത്തുന്നു. സ്വയംപര്യാപ്തമാകാതെ രാജ്യത്തിന് ഒരിക്കലും യഥാർത്ഥ സുരക്ഷ ലഭ്യമാകില്ലെന്ന് സർക്കാരിനു ബോദ്ധ്യപ്പെട്ടിരുന്നു. രാജ്യത്ത് 1,000 കോടി രൂപയിൽ താഴെയായിരുന്ന പ്രതിരോധ കയറ്റുമതി ഇപ്പോൾ 25,000 കോടി രൂപയിലെത്തി. 2029-ഓടെ ആഭ്യന്തര പ്രതിരോധ നിർമ്മാണത്തിൽ മൂന്നു ലക്ഷം കോടി രൂപയും പ്രതിരോധ കയറ്റുമതിയിൽ 50,000 കോടി രൂപയും നേടാൻ ലക്ഷ്യമിടുന്നു.

# വെർച്വൽ അറസ്റ്റ്:
# ബാങ്കിന്റെ ഇടപെടലിൽ വൃദ്ധദമ്പതികളുടെ 50 ലക്ഷം നഷ്ടമായില്ല

ചങ്ങനാശേരി: ബാങ്ക് ജീവനക്കാരുടെ അവസരോചിതമായ ഇടപെടലിൽ വെർച്വൽ അറസ്റ്റിലൂടെ പെരുന്ന സ്വദേശികളായ വയോധിക ദമ്പതികളുടെ 50 ലക്ഷം രൂപ തട്ടിയെടുക്കാനുള്ള സൈബർ തട്ടിപ്പുകാരുടെ ശ്രമം പോലീസ് തടഞ്ഞു. കോട്ടയം സൈബർ പോലീസിന്റെയും ചങ്ങനാശേരി എസ്ഐയുടെയും സമയോചിതമായ ഇടപെടലിലൂടെയാണു കബളിപ്പിക്കൽ തടഞ്ഞത്. ദമ്പതികളുടെ അക്കൗണ്ട് മുഖേന പരിധിയിൽ കവിഞ്ഞുള്ള സാമ്പത്തിക ഇടപാടുകൾ നടത്തിയിട്ടുണ്ടെന്നും ഇതു രാജ്യവിരുദ്ധ ഇടപാടുകൾക്കായി ഉപയോഗിക്കുന്നുണ്ടെന്നു കണ്ടെത്തിയെന്നും പറഞ്ഞായിരുന്നു തട്ടിപ്പിനു തുടക്കം. വെർച്വൽ അറസ്റ്റിലാണെന്നും പോലീസ് ഓഫീസറുടെ വേഷത്തിൽ വാട്സ് ആപ്പ് വഴി വീഡിയോകോളിൽ വന്ന തട്ടിപ്പുകാർ അറിയിക്കുകയും അറസ്റ്റ് ചെയ്തു കൊണ്ടുപോകാതിരിക്കാൻ 50 ലക്ഷം രൂപ നൽകിയാൽ ഒഴിവാക്കാമെന്നും പറഞ്ഞ് വിശ്വസിപ്പിക്കുകയായിരുന്നു. ഇതേത്തുടർന്ന് ഒക്ടോബർ 15-ന് ബുധനാഴ്ച ചങ്ങനാശേരി ഫെഡറൽ ബാങ്ക് ശാഖയിലെത്തി സ്ഥിര നിക്ഷേപമായിരുന്ന 50 ലക്ഷം രൂപ പിൻവലിച്ച് രാജ് എഡ്യുക്കേഷണൽ ട്രസ്റ്റ് എന്ന സ്ഥാപനത്തിന്റെ ഐസിഐസിഐ ബാങ്കിലുള്ള അക്കൗണ്ടിലേക്ക് അയയ്ക്കുവാൻ ആവശ്യപ്പെട്ടു.

സംശയം തോന്നിയ ബാങ്ക് മാനേജർ ശ്രീവിദ്യ ഐസിഐസിഐ ബാങ്കുമായി ബന്ധപ്പെടുകയും തട്ടിപ്പ് അക്കൗണ്ട് ആണെന്നു മനസിലാക്കുകയും ചെയ്തു. തുടർന്ന് ഇടപാട് നടത്താതെ തിരിച്ചയച്ചു. എന്നാൽ, വീണ്ടും ദമ്പതികൾ ബാങ്കിലെത്തി ഐസിഐസിഐ ബാങ്ക് അക്കൗണ്ടിലേക്ക് 50 ലക്ഷം രൂപ അയയ്ക്കാൻ വീണ്ടും ബാങ്ക് മാനേജരെ നിർബന്ധിച്ചു. ഈ വിവരം ഫെഡറൽ ബാങ്ക് വൈസ് പ്രസിഡണ്ട് ആൻഡ് റീജണൽ മാനേജർ കെ.ടി. ജയചന്ദ്രൻ സൈബർ പോലീസ് സ്റ്റേഷൻ എസ്എച്ച്ഒയെ അറിയിച്ചു.

തുടർന്നു ചങ്ങനാശേരി എസ്ഐ ബാങ്ക് ബ്രാഞ്ചിൽ എത്തി വയോധിക ദമ്പതികളെ കാര്യങ്ങൾ പറഞ്ഞ് മനസിലാക്കി തട്ടിപ്പിൽനിന്നും രക്ഷിക്കുകയായിരുന്നു.

ഈ സമയമത്രയും ദമ്പതികൾ വെർച്വൽ അറസ്റ്റിൽ തുടരുന്ന നിലയിലായിരുന്നു. പോലീസ് ഇടപെട്ടുവെന്നു ബോധ്യപ്പെട്ടതിനെ തുടർന്നു തട്ടിപ്പു സംഘം കോൾ കട്ടാക്കി സംഘം മുങ്ങുകയായിരുന്നു.

# കെപിസിസിക്ക് പുതിയ ഭാരവാഹികൾ

ന്യൂഡൽഹി: 59 ജനറൽസെക്രട്ടറിമാരും 13 വൈസ് പ്രസിഡണ്ടുമാരുമുൾപ്പെടുന്ന ജംബോ ഭാരവാഹിപ്പട്ടികയുമായി കെപിസിസി. ഒക്ടോബർ 16-ന് വ്യാഴാഴ്ച വൈകിട്ടാണ് പുതിയ ഭാരവാഹികളെ എഐസിസി നേതൃത്വം പ്രഖ്യാപിച്ചത്. പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് ബിജെപിയിൽനിന്ന് കോൺഗ്രസിൽ ചേർന്ന സന്ദീപ് വാരിയർ പുതിയ ജനറൽ സെക്രട്ടറിമാരിൽ ഉൾപ്പെടുന്നു. 13 വൈസ് പ്രസിഡണ്ടുമാരിൽ ഏക വനിതാസാന്നിദ്ധ്യം മുൻ എംപി രമ്യാ ഹരിദാസാണ്. വി.എ. നാരായണനാണ് ട്രഷറർ.

ആറുപേരെക്കൂടി പുതുതായി രാഷ്ട്രീയ കാര്യസമിതിയിലേക്ക് നാമനിർദേശം ചെയ്തതായി എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എംപി അറിയിച്ചു. ടി. ശരത്ചന്ദ്ര പ്രസാദ്, ഹൈബി ഈഡൻ, പാലോട് രവി, വി.ടി. ബൽറാം, വി.പി. സജീന്ദ്രൻ, മാത്യു കുഴൽനാടൻ, ഡി. സുഗതൻ, രമ്യാഹരിദാസ്, എം. ലിജു, എ.എ. ഷുക്കൂർ, എം. വിൻസന്റ്, റോയ് കെ. പൗലോസ്, ജെയ്സൻ ജോസഫ് എന്നിവരാണ് വൈസ് പ്രസിഡണ്ടുമാർ.

# ഗുജറാത്തിൽ 26 മന്ത്രിമാർ സ്ഥാനമേറ്റു

ന്യൂഡൽഹി: അടുത്ത വർഷം തദ്ദേശ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ, പരിചയസമ്പന്നർക്കൊപ്പം യുവത്വവും ജാതിസമവാക്യവും ഉറപ്പാക്കി ഗുജറാത്തിൽ മന്ത്രിസഭ പുനഃസംഘടിപ്പിച്ചു. 2022 ഡിസംബറിൽ അധികാരത്തിലെത്തിയ ഭൂപേന്ദ്ര പട്ടേലിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിലെ 16 ബിജെപി മന്ത്രിമാരും രാജിവെച്ചിരുന്നു. തുടർന്നാണ് 26 പേരെ ഉൾപ്പെടുത്തി മന്ത്രിസഭ പുനഃസംഘടിപ്പിച്ചത്. കേന്ദ്രമന്ത്രി സി.ആർ. പാട്ടീലിനെ മാറ്റി ബിജെപി സംസ്ഥാന പ്രസിഡണ്ടായി വ്യവസായ സഹമന്ത്രി ജഗദീഷ് വിശ്വകർമയെ നിയമിച്ചത് ദിവസങ്ങൾക്കു മുൻപാണ്. 2027-ൽ നിയമസഭാ തെരഞ്ഞെടുപ്പ് വരാനിരിക്കുന്നതും ആംആദ്മി പാർട്ടി സംസ്ഥാനത്തു സ്വാധീനം വർധിപ്പിക്കുന്നതും ബിജെപി കണക്കിലെടുത്തു. ക്രിക്കറ്റ് താരം രവീന്ദ്ര ജഡേജയുടെ ഭാര്യ റിവാബ ജഡേജ ഉൾപ്പെടെ 19 പേർ പുതുമുഖങ്ങളാണ്.



# കെസിഡബ്ല്യുഎഫ്എൻഎയുടെ അഞ്ചാമത് സമ്മിറ്റ് ഒക്ടോബർ 23 മുതൽ 26 വരെ കാൻകൂണിൽ

**ബൈജു ആലപ്പാട്ട്**

ഡാളസ്: ചരിത്രത്തിൽ ആദ്യമായി അതിരുകൾ കടന്ന് KCWFNA അന്തർദേശീയ തലത്തിൽ അഞ്ചാം സമ്മിറ്റ് സംഘടിപ്പിക്കുന്നു.

ഒക്ടോബർ 23 മുതൽ 26 വരെ മെക്സിക്കോയിലെ കാൻകൂൺ നഗരത്തിലെ മൂൺ പാലസ് റിസോർട്ടിൽ നടക്കാനിരിക്കുന്ന ഈ മഹാസമ്മേളനം വിശ്വാസം, സ്ത്രീശാക്തീകരണം, ഐക്യം, സാഹോദരിത്വം എന്നിവയുടെ ഉത്സവമായി മാറും.

Knanaya Catholic Women's Forum of North America (KCWFNA)-യുടെ മുഖ്യ സമ്മേളനം യുണൈറ്റഡ് സ്റ്റേറ്റ്സിന് പുറത്തായി ആദ്യമായി സംഘടിപ്പിക്കപ്പെടുന്നതിലൂടെ സംഘടനയുടെ വളർച്ചയുടെയും ആഗോള ഐക്യത്തിന്റെയും പുതിയ അധ്യായം ആരംഭിക്കുന്നതായി KCWFNA എക്സിക്യൂട്ടീവ് കമ്മിറ്റിക്കു വേണ്ടി പ്രസിഡണ്ട് ഡാനി പല്ലാട്ടുമഠം അറിയിച്ചു.

നാല് ദിവസങ്ങളിലായി സംഘടിപ്പിക്കുന്ന ഈ സമ്മിറ്റിന് തുടക്കം കുറിച്ചുകൊണ്ട് വിശുദ്ധ കുർബാനയും ഭംഗിയുറ്റ ഉദ്ഘാടനചടങ്ങും ആദ്യദിനത്തിൽ നടക്കും.




**പ്രധാന ഹൈലൈറ്റുകൾ**

വിശുദ്ധ കുർബാനയും ഉദ്ഘാടന ചടങ്ങും- വിശ്വാസത്തിന്റെയും സൗഹൃദത്തിന്റെയും സമന്വയം.

ഫ്ളാഷ്മോബ് പ്രകടനങ്ങളും സാംസ്കാരിക അവതരണങ്ങളും- വൈവിധ്യത്തിന്റെ നിറചാർത്തുകൾ.

നേതൃത്വവും സ്ത്രീശക്തീകരണ സെഷനുകളും- പ്രചോദനവും പ്രാവർത്തികമായ മാതൃകകളും.

KCWFNA അവാർഡ് നൈറ്റ്- ഉന്നത വനിതാ നേതാക്കളെ ആദരിക്കൽ.

സമാപന ബാങ്കെറ്റും ഗാലാ ആഘോഷവും- സന്തോഷത്തിന്റെയും ഐക്യത്തിന്റെയും അർപ്പണം.


ഓരോ ദിവസവും "സാഹോദരിത്വം, ഐക്യം, ശാക്തീകരണം, പാരമ്പര്യം" എന്ന പ്രമേയങ്ങളിലൊന്നിനെ ആസ്പദമാക്കിയാണ് പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. KCWFNA യുടെ ലക്ഷ്യം സമൂഹത്തിൽ മാറ്റം സൃഷ്ടിക്കുന്ന വനിതകളെ പ്രോത്സാഹിപ്പിക്കുകയും ബന്ധിപ്പിക്കുകയും ചെയ്യുന്നതാണ്.

"ഞങ്ങളുടെ ആദ്യ അന്തർദേശീയ സമ്മിറ്റ് ഒരു ലക്ഷ്യസ്ഥാന യാത്രയല്ല- അത് ലക്ഷ്യബോധത്താൽ ഏകീകൃതരായ സ്ത്രീകളുടെ പ്രസ്ഥാനം തന്നെയാണ്; ശക്തി, സംസ്കാരം, ബന്ധം എന്നിവ ആഘോഷിക്കാൻ അതിരുകൾ കടന്നൊരു പ്രചോദനാത്മക യാത്ര."

വിശ്വാസം, കല, പ്രചോദനം, വിനോദം, സംസ്കാരം എന്നിവയുടെ അതുല്യസമന്വയം കാൻകൂൺ നഗരത്തിലെ നീല കടൽതീരങ്ങളുടെയും സ്വർണ്ണസന്ധ്യാസൂര്യന്റെയും പശ്ചാത്തലത്തിൽ ഈ സമ്മേളനം സ്ത്രീശക്തിയുടെ ചരിത്രത്തിലൊരു ഓർമയായി മാറുമെന്നും പ്രസിഡണ്ട് ഡാനി പല്ലാട്ടുപഠം പ്രസ്താവിച്ചു.

അമേരിക്കയിലും കാനഡയിലും നിന്നുമായി 400-ൽപരം വുമൺസ് ഫോറം അംഗങ്ങൾ ഒത്തുചേരുന്ന, ബന്ധങ്ങളും സൗഹൃദങ്ങളും പുതുക്കുന്ന ഈ മാമാങ്കത്തിനു തിരിതെളിയാൻ ഇനി വെറും നാല് നാളുകൾ മാത്രം.

KCCNA പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലിന്റെ നേതൃത്വത്തിൽ KCCNA എക്സിക്യൂട്ടീവ് അംഗങ്ങളും സമ്മിറ്റിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കും.





## കേരളത്തിന്റെ പുരോഗതി തുടർഭരണം മൂലമെന്ന് മുഖ്യമന്ത്രി

മനാമ: കേരളം ഇന്നു നേടിയ പുരോഗതിയുടെ അടിസ്ഥാനം തുടർഭരണമാണെന്നും അത് ജനങ്ങൾ ഉൾക്കൊള്ളണമെന്നും പറഞ്ഞ് പ്രവാസി മലയാളി സംഗമങ്ങൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ബഹ്റൈനിൽ തുടക്കമിട്ടു. 2016-21-ൽ തുടങ്ങിയ വികസനപ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടപ്പാക്കാൻ തുടർഭരണത്തിലൂടെ സാധിച്ചു. ഒന്നര മണിക്കൂറിലേറെ നീണ്ട പ്രസംഗത്തിൽ 9 വർഷത്തെ ഭരണനേട്ടങ്ങൾ അക്കമിട്ടു നിരത്തിയ മുഖ്യമന്ത്രി കേരളം സമസ്ത മേഖലയിലും പുരോഗതി കൈവരിച്ചെന്ന് അവകാശപ്പെട്ടു. ഉരുൾപൊട്ടലിൽ തകർന്ന മുണ്ടക്കൈ-ചൂരൽമല മേഖലയിൽ നിർമിച്ച ടൗൺഷിപ് ജനുവരിയിൽ കൈമാറും. വിഴിഞ്ഞം രണ്ടാംഘട്ടം നിർമ്മാണം ഉടൻ ആരംഭിക്കുമെന്നും 2 മുതൽ 4 വരെ ഘട്ടം ഒരുമിച്ചു നടപ്പാക്കുമെന്നും അറിയിച്ചു. മലയാള ഭാഷയുടെ വ്യാപനം ലക്ഷ്യമാക്കി ഡിസംബർ 20, 21, 22 തീയതികളിൽ കൊച്ചിയിൽ ആഗോള സാംസ്കാരിക കോൺഗ്രസ് സംഘടിപ്പിക്കുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ബഹ്റൈൻ കേരളീയ സമാജം പ്രസിഡണ്ട് പി.വി. രാധാകൃഷ്ണപിള്ള അധ്യക്ഷനായിരുന്നു.






# കുന്നുപറമ്പിൽ ആൻഡ്രൂസിന് പയനിയർ ക്ലബിന്റെ കമ്മ്യൂണിറ്റി സർവീസ് അവാർഡ്








എഴുത്തുകാരനും സാമൂഹിക സാംസ്കാരിക മതസംഘടനകളിൽ വിവിധ ഔദ്യോഗിക പദവികളിൽ പ്രവർത്തിച്ചിട്ടുള്ള കുന്നുപറമ്പിൽ ആൻഡ്രൂസ് കോട്ടയം കുറിച്ചി കുന്നുപറമ്പിൽ കുടുംബാംഗമാണ്. 1946 - ൽ ജനിക്കുകയും വിവാഹത്തിനുശേഷം കുടുംബസമേതം അമേരിക്കയിൽ കുടിയേറി പാർക്കുന്ന ആദ്യകാല കുടിയേറ്റ അംഗവുമാണ്.

ചിങ്ങവനം സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ബോംബെ നേവൽ ഡോക്ക് യാർഡിൽ നിന്നും നാല് വർഷത്തെ നേവൽ ആർക്കിടെക്ട് കോഴ്സ് പൂർത്തിയാക്കി ന്യൂഡൽഹിയിലുള്ള ഡയറക്ടറേറ്റ് ഓഫ് നേവൽ ഡിസൈനിങ്ങിൽ അഞ്ചു വർഷം ജോലി ചെയ്തു. അമേരിക്കയിൽ എത്തി ഏതാനും വർഷങ്ങൾക്കുള്ളിൽ 1981 - ൽ റെസ്പിറേറ്ററി തെറാപ്പിയിൽ ബിരുദം നേടുകയും നസ്സാവു യൂണിവേഴ്സിറ്റി മെഡിക്കൽ സെന്ററിൽ 27 വർഷക്കാലം തെറാപ്പിസ്റ്റ് ആയി സേവനം ചെയ്തു. അറിവ് ശരിയാണെങ്കിൽ മലയാളികളിൽ ആദ്യത്തെ റെസ്പിറേറ്ററി തെറാപ്പിസ്റ്റാണ്. ജോലിയിൽ നിന്നും വിരമിച്ചശേഷം 2010 - ൽ കുന്നുപറമ്പിൽ ഫൗണ്ടേഷൻ രൂപീകരിക്കുകയും അതിന്റെ ചെയർമാനായി ഇപ്പോഴും പ്രവർത്തിക്കുന്നു.

പ്രാഥമിക ഉദ്യോഗത്തിനു പുറമെ സമയം കണ്ടെത്തി മലയാളി സമൂഹത്തിനു വേണ്ടി പല ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രത്യേകിച്ച് എടുത്തു പറയേണ്ടത് 'കേരളൈറ്റ്സ് ഇൻ അമേരിക്ക' എന്ന കമ്യൂണിറ്റി റഫറൻസ് ബുക്ക് 1983 - ലും അതിന്റെ പരിഷ്കരിച്ച പതിപ്പ് 2001 - ലും പ്രസിദ്ധീകരിച്ചു. മനോരമ ഇയർ ബുക്ക് എന്നപോലെ വിജ്ഞാനത്തിന്റെ അപൂർവ്വ ശേഖരമാണ് ഈ ഗ്രന്ഥം. കേരളത്തിന്റെ ഭൂമിശാസ്ത്രവും ചരിത്രവും സാമൂഹിക ജീവിതവും വിശദീകരിക്കുന്ന അദ്ധ്യായങ്ങൾ അമേരിക്കയിൽ വളരുന്ന രണ്ടാം തലമുറയ്ക്ക് എന്തെന്ന് മനസ്സിലാക്കുവാൻ ഉതകുന്ന രീതിയിലാണ് വിശദീകരിച്ചിരിക്കുന്നത്. അമേരിക്കയിലെ കുടിയേറ്റ ചരിത്രം, ആദ്യകാല കുടിയേറ്റങ്ങൾ, ആയിരത്തിലധികം മലയാളികളുടെ ജീവചരിത്രക്കുറിപ്പുകൾ, സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, മാധ്യമ സംഘടനകളുടെ വിവരങ്ങൾ, ചരിത്ര അറിവുകൾ എന്നിവ ഉൾക്കൊള്ളുന്നതാണ് ഈ ഗ്രന്ഥം.

കൂടാതെ 2007 - ൽ കേരളാ കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക നടത്തുന്ന ജോസ് ജോസഫ് മെമ്മോറിയൽ മലയാളം സ്കൂളിന്റെ പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിച്ച അവസരത്തിൽ 'ടെക്സ്റ്റ് ബുക്ക് ടു ലേൺ മലയാളം' എന്ന പാഠപുസ്തകവും പ്രസിദ്ധീകരിച്ചു. അമേരിക്കയിൽ വളരുന്ന മലയാളി കുട്ടികൾക്ക് മൂന്നു വർഷം കൊണ്ട് അത്യാവശ്യമായി മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയുന്ന രീതിയിലാണ് ഈ ഗ്രന്ഥം രൂപീകരിച്ചിരിക്കുന്നത്.

ഇതിനു പുറമെ തന്റെ കുടുംബമായ വെളിയനാട് പുത്തൻപുരയ്ക്കൽ ഫാമിലിയുടെ ജീനിയോളജി റഫറൻസ് ബുക്ക് (വംശാവലി) 2021 - ൽ പ്രസിദ്ധീകരിച്ചു. 1730 മുതൽ 2021 വരെയുള്ള എട്ട് ജനറേഷന്റെ പേരുവിവരങ്ങൾ (ലഭിക്കാവുന്നിടത്തോളം) ഈ റഫറൻസ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുടുംബത്തിന്റെ ഫാമിലി ട്രീ വരയ്ക്കുവാനും സാധിച്ചിട്ടുണ്ട്.

ഫൊക്കാനയുടെ ആദ്യകാല സംഘാടകൻ എന്നതിനു പുറമെ ഫൊക്കാന റീജിയണൽ കൺവൻഷൻ കോ - ഓർഡിനേറ്റർ, കാനഡ കൺവൻഷൻ കോ - ചെയർ, നാഷണൽ കമ്മിറ്റി മെംബർ, വിവിധ കമ്മിറ്റികളുടെ കോ - ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങളും കേരളാ കൾച്ചറൽ അസോസിയേഷൻ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, മലയാളം സ്കൂൾ പ്രിൻസിപ്പൽ, എഫ്ഐഎ ഡയറക്ടർ ബോർഡ് മെംബർ, ഓഡിറ്റർ, ബോർഡ് ഓഫ് ട്രസ്റ്റി മെംബർ, സിൽവർ ജൂബിലി സെലിബ്രേഷൻ കോ - ഓർഡിനേറ്റർ, സ്പെല്ലിങ് ബീ ബോർഡ് ചെയർമാൻ, ഇലക്ഷൻ കമ്മീഷണർ, കോൺസ്റ്റിറ്റ്യൂഷൻ കമ്മിറ്റി ചെയർ എന്നീ പദവികളിൽ പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ ന്യൂയോർക്ക് പ്രോവിൻസിന്റെ അഡ്വൈസറി ബോർഡ് മെംബർ, ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ ന്യൂയോർക്ക് ചാപ്റ്റർ ഗുഡ്‌വിൽ അംബാസഡർ എന്നീ പദവികളിൽ പ്രവർത്തിക്കുന്നു.

ഇതിനുപരിയായി നോർത്ത് അമേരിക്കൻ ക്നാനായ യാക്കോബായ കമ്മ്യൂണിറ്റിയുടെ ആദ്യസംഘാടകൻ, ഓഡിറ്റർ, പബ്ലിക്കേഷൻ കമ്മിറ്റി മെംബർ, സുവനീർ എഡിറ്റർ, എൻഎകെസി എക്സിക്യൂട്ടീവ് കമ്മിറ്റി മെംബറായും സെന്റ് ജോസഫ് ലോങ് ഐലൻഡ് ചർച്ചിന്റെ സെക്രട്ടറി എന്നീ സ്ഥാനങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്.

കുന്നുപറമ്പിൽ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പല നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. 2010 മുതൽ 2013 വരെയുള്ള കാലയളവിൽ സ്പെല്ലിങ് ബീ കോമ്പറ്റീഷൻ നടത്തുകയുണ്ടായി. കൂടാതെ ഹെൽത്ത് സെമിനാർ, ഭവനരഹിതർ, ആപത്തുകളിൽ മരണം സംഭവിക്കുന്ന കുടുംബങ്ങൾ, വിദ്യാഭ്യാസത്തിന് ആവശ്യമായ ധനസഹായങ്ങൾ എന്നീ നല്ല കാര്യങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നു.

അമേരിക്കയിലെ കഴിഞ്ഞ 49 വർഷത്തെ ജീവിതകാലയളവിൽ മലയാളി സമൂഹത്തിനു നല്കിയ നല്ല പ്രവർത്തനങ്ങളെ ആസ്പദമാക്കി പല പുരസ്കാരങ്ങളും ലഭിക്കുകയുണ്ടായി. അതിൽ പ്രത്യേകിച്ച് പറയേണ്ടത് വേൾഡ് മലയാളി കൗൺസിലിന്റെ 'ഭാഷാമിത്ര' പുരസ്കാരം, കെസിഎഎൻഎയുടെ 'പ്രസിഡണ്ട് സർവീസ് അവാർഡ്', മലയാളം സ്കൂളിന്റെ 'പ്രിൻസിപ്പൽ സർവീസ് അവാർഡ്', ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ന്യൂയോർക്കിന്റെ 'എക്സലൻസ് കമ്യൂണിറ്റി സർവീസ് അവാർഡ്' എന്നിവയാകുന്നു.






വഴിത്താരകൾ
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇനി ലോകം നിങ്ങളെ അറിയട്ടെ
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.



മത്തായിച്ചൻ
MATHAICHAN
ROOFING & SIDING
We Specialize In Storm Damage Repair & Remodeling
We Work with All Home Insurances
Will do any Remodeling
JBR RESTORATION SERVICES - LICENSED
CITGO bp Shell AMOCO
Hotel, Motel, Gas Station
Roofing & Repairing
FREE ESTIMATE
Call Mathew:
630-205-5585

# ഹൂസ്റ്റണിൽ വിശുദ്ധ കാർലോ അക്യുറ്റിസിന്റെ തിരുനാൾ ഭക്തിസാന്ദ്രമായി

**ബിബി തെക്കനാട്ട്**

ഹൂസ്റ്റൺ: സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ യുവജന മദ്ധ്യസ്ഥനായ വിശുദ്ധ കാർലോ അക്യുറ്റിസിന്റെ തിരുനാൾ ആചരിച്ചു. സെപ്റ്റംബർ 7-ന് കത്തോലിക്കാ തിരുസഭ വിശുദ്ധനായി പ്രഖ്യാപിച്ച വിശുദ്ധ കാർലോസ് അക്യുറ്റിസിന്റെ ആദ്യതിരുനാൾ ഒക്ടോബർ 12-ന് എല്ലാ യുവജനങ്ങളും ചേർന്ന് ഇടവകയിൽ കൊണ്ടാടി. സെ. മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ നടന്നുവരുന്ന പ്രധാന തിരുനാളിന്റെ ഭാഗമായാണ് തിരുനാൾ നടത്തപ്പെട്ടത്.

ദിവ്യബലിക്കു മുമ്പായി യുവജനങ്ങളും കുട്ടികളും വിശുദ്ധ കാർലോസ് അക്യുറ്റിസിന്റെ ചിത്രത്തിനു മുമ്പിൽ പുഷ്പാർച്ചന നടത്തി പ്രാർത്ഥിച്ചു. തിരുനാളിന് അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഈ വർഷത്തെ തിരുനാൾ ഇടവകയിലെ എല്ലാ യുവജനങ്ങളും പ്രസുദേന്തിമാരായാണ് നടത്തപ്പെട്ടത്.







തിരുനാൾ ദിവസങ്ങളിൽ എല്ലാദിവസവും വൈകുന്നേരം വിശുദ്ധ കുർബാനയും നൊവേനയും ഉണ്ടായിരുന്നു. വിശുദ്ധ കുർബാനയ്ക്കുശേഷം ഒൻപതു മണി വരെ ധ്യാനവും ആരാധനയും നടത്തി.

ബ്രദർ പ്രിൻസ് വിതയത്തിൽ, ജെറിൻ, നീതു, റോയ് തച്ചിൽ, ഷീബാ മുത്തോലത്ത്, മിഷണറീസ് ഓഫ് അപ്പസ്തോലിക് ഗ്രേസ് യുകെ ആണ് ധ്യാനം നയിച്ചത്.

ഒക്ടോബർ 18, 19 തീയതികളിൽ നടക്കുന്ന പ്രധാന തിരുനാളിന് കൈക്കാരന്മാരായ ജായിച്ചൻ തയ്യിൽപുത്തൻപുരയിൽ, ഷാജുമോൻ മുകളേൽ, ബാബു പറയംകാലായിൽ, ജോപ്പൻ പൂവപ്പാടത്ത്, ജെയിംസ് ഇടുക്കുതറയിൽ, പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങളായ ജോസ് പുളിക്കത്തൊട്ടിയിൽ, സിസ്റ്റർ റെജി എസ്ജെസി, ബിബി തെക്കനാട്ട്, യുവജന പ്രതിനിധി ജെഫ് പുളിക്കത്തൊട്ടിയിൽ, പാരിഷ് കൗൺസിൽ അംഗങ്ങൾ, കൂടാരയോഗ ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചതായി ഫാ. അബ്രാഹം മുത്തോലത്ത്, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ അറിയിച്ചു.

# വിശുദ്ധ കാർലോ അക്യുറ്റിസിന്റെ തിരുനാളിൽ ഡാളസ് യുവജന കൂട്ടായ്മ

**സിജോയി പറപ്പള്ളിൽ**





ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിൽ വിശുദ്ധ കാർലോ അക്യുറ്റിസിന്റെ തിരുനാൾ ദിനത്തിൽ യുവജന കൂട്ടായ്മ വിജയകരമായി നടത്തപ്പെട്ടു. അന്നേദിവസം യുവജനങ്ങൾക്കായി വിശുദ്ധ കുർബാനയും ആരാധനയും പ്രത്യേകമായി നടത്തപ്പെട്ടു. തുടർന്ന് ഇടവക ഹാളിൽ പുതുമയാർന്ന മത്സരങ്ങളും വിശ്വാസബന്ധിയായ ചർച്ചകളും സ്നേഹവിരുന്നും നടത്തപ്പെട്ടു. യൂത്ത് മിനിസ്ട്രി എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ ഏറെ ചിട്ടയോടെ ഒരുങ്ങി നടത്തപ്പെട്ട ഈ കൂട്ടായ്മ ഏവർക്കും ഹൃദ്യമായ അനുഭവമായിരുന്നു. ആധുനിക കാലഘട്ടത്തിൽ നാം വാച്ച് ചെയ്യുന്നതും സേർച്ച് ചെയ്യുന്നതും വിശുദ്ധമാകണം എന്ന് വിശുദ്ധന്റെ തിരുനാൾ ഓർമ്മപ്പെടുത്തുന്നു എന്ന് വികാരി ഫാ. ബിൻസ് ചേത്തലിൽ തന്റെ സന്ദേശത്തിൽ ഓർമ്മപ്പെടുത്തി. പങ്കെടുത്തവരെയും പിന്നിൽ പ്രവർത്തിച്ചവരെയും പ്രത്യേകം അഭിനന്ദിച്ചു.

# ഉല്ലാസനൗകയിൽ കൂട്ടായ്മ ഒരുക്കി ഡാളസ് സീനിയർ മിനിസ്ട്രി





**സിജോയി പറപ്പള്ളിൽ**

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക സീനിയർ അംഗങ്ങളുടെ 'ജോയ്' മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഉല്ലാസനൗക പ്രോഗ്രാം ക്രമീകരിച്ചു. മരീന ഈഗിൾ പോയിന്റിൽ നിന്ന് നടത്തിയ 4 മണിക്കൂർ ഉല്ലാസയാത്ര ഏവർക്കും നവ്യാനുഭവമായിരുന്നു. എല്ലാംമറന്ന് പാടാനും ആടാനും ഭക്ഷിക്കാനും അവർ ശ്രമിച്ചു.

സായാഹ്നം സഫലമാക്കാൻ ഇതുപോലെ ഒത്തുചേരൽ സഹായിക്കുമെന്ന് ഫാ. ബിൻസ് ചേത്തലിൽ തന്റെ സന്ദേശത്തിൽ പറഞ്ഞു. പ്രസിഡണ്ട് തിയോഫിൻ ചാമക്കാലാ പരിപാടി കോ-ഓർഡിനേറ്റ് ചെയ്തു.

# ജോർജ് തുമ്പയിലിന് ഇന്ത്യ പ്രസ്‌ക്ലബിന്റെ 'പയനിയർ ഇൻ ജേർണലിസം' അവാർഡ്













ജോർജ് ജോസഫ്

ന്യൂജേഴ്സി: ഇന്ത്യ പ്രസ്‌ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ 'പയനിയർ ഇൻ ജേർണലിസം' അവാർഡ് പ്രശസ്ത മാധ്യമ പ്രവർത്തകൻ ജോർജ് തുമ്പയിലിന് പ്രമോദ് നാരായൺ എംഎൽഎ സമ്മാനിച്ചു. ഇന്ത്യ പ്രസ്‌ക്ലബിന്റെ അന്താരാഷ്ട്ര കോൺഫറൻസിൽ എംപിമാരായ എൻ.കെ. പ്രേമചന്ദ്രൻ, വി.കെ. ശ്രീകണ്ഠൻ, നാട്ടിൽനിന്ന് എത്തിയ പ്രമുഖ മാധ്യമപ്രവർത്തകർ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു അവാർഡ് സമ്മാനിച്ചത്.

കൈവെച്ച രംഗങ്ങളിലെല്ലാം മികവ് തെളിയിച്ച ബഹുമുഖ പ്രതിഭയായ ജോർജ് തുമ്പയിലിനു ഇത് അർഹതയ്ക്കുള്ള അംഗീകാരമായി. ദൃശ്യ, ശ്രാവ്യ, അച്ചടി മേഖലകളിലെല്ലാം സ്വന്തം തട്ടകമൊരുക്കി തുമ്പയിൽ ശ്രദ്ധേയനായിട്ട് 32 ആണ്ട് പിന്നിടുന്നു. തൂലികയുടെ അക്ഷരത്തുമ്പിൽ നിന്നു ഇറ്റുവീണ പുസ്തകങ്ങളും നിരവധി.

മുൻപുണ്ടായിരുന്ന പ്രമുഖ വാർത്താവാരിക 'മലയാളം



പത്ര'ത്തിന്റെ നാഷണൽ കറസ്പോണ്ടന്റ്, ഇപ്പോൾ ഇ-മലയാളി സീനിയർ എഡിറ്റർ, മനോരമ ഓൺലൈൻ കറസ്പോണ്ടന്റ്, എന്നിവക്ക് പുറമെ വിവിധ സംഘടനകളുടെ മീഡിയ ലെയ്സൺ ഓഫീസറും പബ്ലിക് റിലേഷൻസ് ഓഫീസറുമായി സേവനമനുഷ്ഠിക്കുന്നു. എംസി.എൻ ചാനലിലെ 'കാഴ്ച ഈ ആഴ്ച' എന്ന പരിപാടിയുടെ ചീഫ് ന്യൂസ് എഡിറ്ററായിരുന്നു. ഏഷ്യാനെറ്റിലും വാർത്താവതാരകനായി പ്രവർത്തിച്ചിട്ടുണ്ട്.

വിമാന റാഞ്ചികളെന്നു കരുതി നടി സംയുക്താ വർമ്മയും സംഘവും അറസ്റ്റിലായ വാർത്ത (2002 മലയാള മനോരമ) ചൂടും ചൂരും നഷ്ടപ്പെടുത്താതെ ലോകമെമ്പാടുമുള്ള മലയാളികളിലെത്തിച്ച തുമ്പയിൽ 9/11 വാർത്തകൾ മനോരമയുടെ ഒന്നാം പേജിൽ വരത്തക്കവണ്ണം റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

മലയാളത്തെയും കേരളത്തെയും വിദേശ രാജ്യങ്ങളിൽ




പരിപോഷിപ്പിക്കാൻ ആവേശം കാണിക്കുന്ന ജോർജ് തന്റെ മാധ്യമ മണ്ഡലങ്ങളിലൊക്കെ ഈ വിഷയത്തിന് കാര്യമായ സംഭാവനകൾ നൽകാറുണ്ട്. ദൃശ്യ മാധ്യമ രംഗത്ത് വൈഡ് ആംഗിൾ പ്രൊഡക്ഷൻസിന്റെ ബാനറിൽ സുഹൃത്തുക്കളുമായി രൂപപ്പെടുത്തിയെടുത്തു വിജയിപ്പിച്ച യുഎസ് റൗണ്ടപ്പ് പരിപാടികൾക്ക് 2006-ൽ ഏഷ്യാനെറ്റ് പുരസ്കാരം ജോർജിനെ തേടിയെത്തി.

2009-ൽ അന്നത്തെ മന്ത്രിയായിരുന്ന ബിനോയ് വിശ്വം പത്രപ്രവർത്തനത്തിലെ മികവിന് ഇന്ത്യ പ്രസ്‌ക്ലബ് നാഷണൽ കോൺഫറൻസിൽ പൊന്നാട ചാർത്തിയാണ് ആദരിച്ചത്.

'മലയാളം പത്ര'ത്തെ പ്രതിനിധീകരിച്ച് വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ബ്രസീൽ സമ്മിറ്റിൽ പങ്കെടുത്ത് റിപ്പോർട്ട് ചെയ്തു. 2000-ൽ ഓസ്ട്രേലിയയിൽ ഒളിമ്പിക്സും റിപ്പോർട്ടു ചെയ്തു. 2004-ൽ ഏഥൻസ് ഒളിമ്പിക്സിൽ 'മലയാളം പത്ര'ത്തിന് വേണ്ടി റിപ്പോർട്ട് ചെയ്തു.

സമയരഥമുരുളുന്ന പുണ്യഭൂമി (വിശുദ്ധ നാടുകളിലേക്കുള്ള യാത്രാവിവരണം), ജന്മഭൂമിയുടെ വേരുകൾ തേടി (ഇന്ത്യൻ യാത്രാവിവരണം), ഒരു പിറന്നാളിന്റെ ഓർമ്മയ്ക്ക് (എം. ടി. വാസുദേവൻ നായരെക്കുറിച്ച്), ഭൂമിക്കുമപ്പുറത്തു നിന്ന് (ചറുകഥ സമാഹരണം), ദേശാന്തരങ്ങൾ (യാത്രാവിവരണം), ഡി.സി. ബുക്സ് കോവിഡ് കാലത്ത് പ്രസിദ്ധീകരിച്ച മുരളി തുമ്മാരുകുടിയുടെ "കൊറോണക്കാലത്തെ വീട്" എന്ന ഒരു അധ്യായമുള്ള പുസ്തകം എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2007 മുതൽ തുടർച്ചയായി 'മലയാളംപത്ര'ത്തിൽ കോളം ചെയ്തു. ഗ്രൗണ്ട് സീറോ എന്ന കോളം ഏറെ ശ്രദ്ധിക്കപ്പെട്ടു. തുടർന്ന് 2008-ൽ സമസ്യ എന്ന പേരിലും 2009-ൽ ദേശാന്തരങ്ങൾ എന്ന പേരിലും തുടർച്ചയായി എഴുതി.

2010-ൽ 'ലാളിത്യത്തിന്റെ സങ്കീർണതകൾ', 2011-ൽ 'പരിണാമഗാഥ', 2012/13-ൽ 'അപ്പോസ്തോല വഴിയിലൂടെ ഒരു തീർത്ഥയാത്ര', 2014-ൽ 'പ്രകൃതിയുടെ നിഴലുകൾ തേടി', 2015-ൽ 'പകൽക്കിനാവ്', 2017-ൽ 'ലൗഡ് സ്പീക്കർ' എന്ന പേരിലും തുടർച്ചയായി എഴുതി.

2010-ൽ ലാളിത്യത്തിന്റെ സങ്കീർണതകൾ എന്ന പേരിലെഴുതിയ കോളത്തിന് ഏറെ വായനക്കാരെ ലഭിച്ചു. തുടർന്ന് തൊട്ടടുത്ത വർഷം പരിണാമഗാഥകൾ എന്ന പേരിൽ ഒരു വർഷം തുടർച്ചയായി മലയാളംപത്രത്തിലൂടെ മികച്ച വായനാനുഭവം നൽകി. ടർക്കി/ഗ്രീസ് യാത്രാവിവരണം 2012-2013-ൽ തുടർച്ചയായി പ്രസിദ്ധീകരിച്ചു. മലയാളംപത്രത്തിനു പുറമെ, പ്രകൃതിയുടെ നിഴലുകൾ തേടി എന്ന പേരിൽ 2014-ൽ കേരളത്തിലെ പ്രസിദ്ധങ്ങളായ സഞ്ചാരഭൂപടത്തെക്കുറിച്ച് പ്രമുഖ വാർത്താ വെബ്സൈറ്റായ ഇ-മലയാളിയിലും എഴുതി. 'മലയാളം പത്രം' നിന്നതിന് ശേഷം 'കേരളാ എക്സ്പ്രസ്'ലും തുടർച്ചയായി കോളങ്ങൾ ചെയ്തുവന്നു.

ഫൈൻ ആർട്സ് മലയാളം ആർട്സ് ക്ലബിന്റെ സ്ഥാപക സെക്രട്ടറി, പിന്നീട് മൂന്നുതവണ സെക്രട്ടറി, രണ്ടു തവണ പ്രസിഡണ്ട്, ഇപ്പോൾ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുകയും നാടകാവതരണത്തിൽ പങ്കാളിയാകുകയും ചെയ്യുന്നു. അമേരിക്കയിലും കാനഡയിലും മലേഷ്യയിലും വിവിധ സ്റ്റേജുകളിൽ നാടക അഭിനേതാവായി കൈയടി നേടുകയും ചെയ്തു.

അമേരിക്കയിലുടനീളം അവതരിപ്പിച്ച നിരവധി കലാ-സാംസ്കാരിക പരിപാടികളുടെ സ്റ്റേജ് പ്രോഗ്രാമിന്റെ അവതാരകൻ എന്ന നിലയിലും ശ്രദ്ധേയൻ. കേരള സർക്കാർ, ഫൊക്കാന, ഫോമാ, വേൾഡ് മലയാളി കൗൺസിൽ എന്നീ സംഘടനകളുടെ പരിപാടികൾ ആസ്വാദകർക്കായി അവതരിപ്പിച്ചിട്ടുണ്ട്. ഗാനഗന്ധർവ്വൻ യേശുദാസ് ഏറെക്കാലത്തിനുശേഷം ലൈവ് പ്രോഗ്രാം നടത്തിയ ദാസേട്ടൻ യസ്റ്റർഡേ ടുഡേ എന്ന പരിപാടിയുടെയും അവതാരകനായിരുന്നു. ക്രൈസ്തവ ഭക്തിഗായകൻ ബിനോയി ചാക്കോയുമായി ചേർന്ന് സ്നേഹം, ഹൃദ്യം, സോൾഫുൾ മെലഡീസ് (സോൾഫുൾ മെലഡീസ് 1, സോൾഫുൾ മെലഡീസ് 2) എന്നീ ഓഡിയോ ആൽബങ്ങൾ നിർമ്മിച്ചു.

മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷൻ വിമാനത്തിൽ ജന്മദിനം ആഘോഷിച്ച കഥ ആദ്യമായി റിപ്പോർട്ട് ചെയ്തു. ചുഴലിക്കൊടുങ്കാറ്റ് ഐറീൻ അമേരിക്കയിൽ വരുത്തിയ നാശനഷ്ടങ്ങൾക്കു നടുവിൽ നിന്നും വാർത്താവിനിമയ ബന്ധങ്ങൾ പോലും തകരാറിലായ സമയത്തും കൃത്യമായി റിപ്പോർട്ട് ചെയ്യാൻ തുമ്പയിലിനു കഴിഞ്ഞത് ഏറെ പ്രശംസനീയമായി. ഇതിനു പുറമെ കേരളത്തിൽ പ്രശസ്തരായ നിരവധി പ്രമുഖരെ അഭിമുഖം നടത്താനും അവസരം ലഭിച്ചു.

അമേരിക്കൻ മലയാളികളുടെ മാധ്യമ കൂട്ടായ്മയുടെ തുടക്കം മുതൽ തന്നെ ജോർജിന്റെ സഹകരണമുണ്ട്. ഇന്ത്യ പ്രസ്‌ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ 2010-12 വർഷങ്ങളിൽ നാഷണൽ ട്രഷററായിരുന്നു. സംഘടനയുടെ ന്യൂയോർക്ക് ചാപ്റ്ററിന്റെ പ്രസിഡണ്ടായും സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. 2008-2009-ൽ ന്യൂജേഴ്സി കേരള അസോസിയേഷന്റെ മീഡിയ പബ്ലിക്കേഷൻസ് ലെയ്സൺ ഓഫീസറായിരുന്നു. അതേവർഷം തന്നെ ന്യൂജേഴ്സി എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പിആർഒയുമായിരുന്നു. അമേരിക്കൻ ഭദ്രാസന ഇന്ത്യൻ ഓർത്തഡോക്സ് ഫാമിലി കോൺഫറൻസിന്റെയും മാധ്യമ പ്രതിനിധിയായി 2009 മുതൽ പ്രവർത്തിച്ചു വരുന്നു.

പുരസ്കാരങ്ങളും അവാർഡുകളും നിരവധി തവണ ജോർജിനെ തേടിയെത്തി. മികച്ച ന്യൂസ് റിപ്പോർട്ടിംഗിന് ആദ്യമായി ന്യൂജേഴ്സി കേരള കൾച്ചറൽ ഫോറം 1994-ൽ പുരസ്കാരം നല്കി. മികച്ച അന്വേഷണാത്മക പത്രപ്രവർത്തനത്തിന് ഫൊക്കാനയുടെ പുരസ്കാരം 1994-ലും 1996-ലും ലഭിച്ചിട്ടുണ്ട്. മികച്ച വികസനാത്മക റിപ്പോർട്ടിനുള്ള പുരസ്കാരവും ഈ വർഷങ്ങളിൽ ഫൊക്കാനയിൽ നിന്നും ലഭിച്ചു. 'ഇ-മലയാളി' അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. ക്രിസ്ത്യൻ ആർട്സ് ആൻഡ് കൾച്ചറൽ ഫോറത്തിന്റെ മികച്ച പെർഫോമൻസിനുള്ള 2003-ലെ പുരസ്കാരമാണ് ശ്രദ്ധേയമായ മറ്റൊന്ന്. പുറമേ ഇന്ത്യ കാത്തലിക് അസോസിയേഷന്റെ മികച്ച ലേഖനത്തിനുള്ള അവാർഡും ആ വർഷംതന്നെ ലഭിച്ചത് നേട്ടമായി. തുടർന്ന് ഇതേ പുരസ്കാരം 2004-ൽ ഫൊക്കാനയിൽ നിന്നും ലഭിച്ചു.

ഫോമാ, നാമം എന്നീ സംഘടനകളും പുരസ്കാരം നല്കി ആദരിച്ചിട്ടുണ്ട്. 2006-ൽ അമേരിക്കൻ മലയാളികൾക്കിടയിലെ സാഹിത്യ സംഭാവനകൾക്ക് ഫൊക്കാനയിൽ നിന്നുള്ള പുരസ്കാരം ഏറ്റുവാങ്ങി.

രണ്ട് തവണ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ ജനറൽ സെക്രട്ടറിയായി റവ.ഡോ. വർഗീസ് എം. ഡാനിയേലിനോടൊപ്പം പ്രവർത്തിച്ചു. മൗണ്ട് ഒലിവ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ കൈക്കാരൻ ആയി രണ്ട് തവണ, സെക്രട്ടറിയായി ആറ് തവണയും (ഇത്തവണയും സെക്രട്ടറി) സേവനമനുഷ്ഠിച്ചു.

2008-ൽ മികച്ച ലേഖനങ്ങൾക്കും മികച്ച മ്യൂസിക്കൽ ആൽബത്തിനും ഫോമ അവാർഡുകൾ നല്കി ആദരിച്ചു. യാത്രാനുഭവങ്ങൾ തേടി ഓസ്ട്രേലിയ, ന്യൂസിലൻഡ്, ബ്രസീൽ, സിംഗപ്പൂർ, മലേഷ്യ, ജർമ്മനി, നെതർലൻഡ്സ്, ബെൽജിയം, ടർക്കി, ഗ്രീസ്, ഇസ്രയേൽ, ഇറ്റലി, വത്തിക്കാൻ, ജോർദ്ദാൻ, ഈജിപ്ത്, കോസ്റ്ററിക്കാ, യുഎഇ, കുവൈറ്റ്, ഡൊമിനിക്കൻ റിപ്പബ്ലിക്, ജമൈക്ക, മെക്സിക്കോ, ഗ്വാട്ടിമാല, പാനമ എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഏറെക്കാലം സൗദി അറേബ്യയിൽ ജോലി ചെയ്തിരുന്നതുകൊണ്ട് ഒട്ടുമിക്ക ഗൾഫ് രാജ്യങ്ങളും സന്ദർശിക്കാനായി. കേരള ഗവൺമെന്റ്, ഇന്ത്യൻ ടൂറിസം ഡിപ്പാർട്ടുമെന്റ് എന്നിവരുടെ പ്രത്യേക ക്ഷണിതാവായി ഇന്ത്യയൊട്ടാകെ സന്ദർശിച്ചു.

നാലായിരത്തിലേറെപ്പേർ ജോലി ചെയ്യുന്ന ന്യൂവാർക്ക് ബെത്ത് ഇസ്രയേൽ മെഡിക്കൽ സെന്ററിലെ എംപ്ലോയ് ഓഫ് ദി മംത്, കോർവാല്യു അവാർഡ് ജേതാവ്, ഡിപ്പാർട്ടുമെന്റ് വിഷണറി അവാർഡ് ജേതാവ്, മാനേജർ ഓഫ് ദി മംത് ആയും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

അവിടെ റെസ്പിറേറ്ററി ഡിപ്പാർട്ടുമെന്റിലെ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ച് കഴിഞ്ഞവർഷം റിട്ടയർ ചെയ്തു. ബെർഗൻ കൗണ്ടി കമ്യൂണിറ്റി കോളജിൽ 16 വർഷം അഡ്ജങ്ക്റ്റ് ഫാക്കൽറ്റി അംഗവുമായിരുന്നു. ബെർഗൻ കമ്യൂണിറ്റി കോളജ്, മോറിസ് കൗണ്ടി കോളജ് എന്നിവിടങ്ങളിൽ അഡ്വൈസറി ബോർഡ് അംഗവുമായിരുന്നു. ഭാര്യ ഇന്ദിര ന്യൂവാർക്ക് ബെത്ത് ഇസ്രയേൽ മെഡിക്കൽ സെന്ററിൽ നേഴ്സ് പ്രാക്ടീഷണർ ആയി റിട്ടയർ ചെയ്തു. മകൻ ബ്രയൻ ചിക്കാഗോയിൽ എൻജിനീയർ. മകൾ ഷെറിൻ ഫിസിഷ്യനും കണക്റ്റിക്കട്ട് യേൽ സ്കൂൾ ഓഫ് മെഡിസിനിൽ അസി. പ്രഫസറും റെസ്പിറേറ്ററി സ്ലീപ് മെഡിസിൻ ഉപമേധാവിയുമാണ്. മരുമകൻ ജയ്സൺ അക്കൗണ്ടന്റ്. രണ്ട് കൊച്ചുമക്കളുണ്ട്.

# ഡോ. കൃഷ്ണ കിഷോറിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്

ന്യൂജേഴ്സി: ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ സമഗ്ര സംഭാവനയ്ക്കുള്ള ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നല്കി ന്യൂജേഴ്സിയിൽ നടന്ന വർണാഭമായ ചടങ്ങിൽ എൻ.കെ. പ്രേമചന്ദ്രൻ എംപി ഡോ. കൃഷ്ണ കിഷോറിനെ ആദരിച്ചു. വി.കെ. ശ്രീകണ്ഠൻ എംപി, പ്രമോദ് നാരായണൻ എംഎൽഎ, പ്രസ്ക്ലബ് പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, സെക്രട്ടറി ഷിജോ പൗലോസ്, കേരളത്തിലെ പ്രശസ്ത മാധ്യമ പ്രവർത്തകർ എന്നിവർ പങ്കെടുത്ത ചടങ്ങിലാണ് അവാർഡ് സമ്മാനിച്ചത്.





ലോകമലയാളികൾക്ക് അഭിമാനമാണ് ഡോ. കൃഷ്ണ കിഷോർ. 1989-ൽ ഫുൾ മെറിറ്റ് സ്കോളർഷിപ്പോടെ ഉപരിപഠനത്തിനായി അമേരിക്കയിൽ എത്തിയ അദ്ദേഹം അക്കാദമിക് മേഖലയിലും കോർപ്പറേറ്റ് രംഗത്തും മാധ്യമ രംഗത്തും ഒരുപോലെ തിളങ്ങിയ അസാമാന്യ വ്യക്തിത്വമാണ്. ഡോ. കൃഷ്ണ കിഷോർ സഞ്ചരിച്ച ജീവിതയാത്ര അത്യപൂർവവും പ്രചോദനാത്മകവുമായ ബഹുമുഖ മികവിന്റെ തെളിവാണ്.

ഇന്ന് ഡോ. കൃഷ്ണ കിഷോർ ലോകത്തിലെ ഏറ്റവും വലിയ 58 ബില്യൺ ഡോളർ വാർഷിക വരുമാനമുള്ള പ്രൊഫഷണൽ സർവീസ് സ്ഥാപനങ്ങളിലൊന്നായ പ്രൈസ് വാട്ടർ ഹൗസ്കൂപ്പേഴ്സ് (PwC)യിലെ മെർജേഴ്സ് & അക്വിസിഷൻസ് ബിസിനസിനായുള്ള ഇൻഫർമേഷൻ മാനേജ്മെന്റിന്റെ സീനിയർ ഡയറക്ടറും യുഎസ് ലീഡറുമാണ്.

ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിലെ നിരവധി സംരംഭങ്ങൾക്ക് നേതൃത്വം നല്കുന്നു. അതിനുമുമ്പ് ഡോ. കിഷോർ ഡിലോയിറ്റ് എന്ന ആഗോള കൺസൺട്ടിങ് കമ്പനിയിൽ 15 വർഷം ഡയറക്ടറായി പ്രവർത്തിച്ചു. അമേരിക്കയിലെ പ്രമുഖ ടെലികമ്യൂണിക്കേഷൻ കേന്ദ്രമായ ബെൽ കമ്യൂണിക്കേഷൻസ് റിസർച്ചിൽ അദ്ദേഹം ഏറെക്കാലം വിജയകരമായ സേവനം അനുഷ്ഠിച്ചു. 15-ലേറെ രാജ്യങ്ങളിൽ ടെലികോം ഇൻഫ്രാസ്ട്രക്ചർ സ്വതന്ത്രവൽക്കരണത്തിൽ സംഭാവന ചെയ്ത പദ്ധതികൾക്ക് അദ്ദേഹം നേതൃത്വം നല്കി. ഇന്ത്യയിൽ റിലയൻസ് ഇൻഡസ്ട്രീസ് ടെലികമ്യൂണിക്കേഷൻസ് ബിസിനസ് ആരംഭിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. ഏഷ്യാ-പസഫിക് മേഖലയുടെ ഡയറക്ടറായി.

ലോകത്തിലെ ഏറ്റവും വലിയ സ്ഥാപനങ്ങളിൽ നേതൃസ്ഥാനങ്ങളിലേക്ക് ഉയർന്നുകൊണ്ടിരിക്കുമ്പോഴും അവിടെനിന്നു തന്നെ അദ്ദേഹം ഒരു പ്രതിഭാധനനായ മാധ്യമപ്രവർത്തകനായി തന്റേതായ വഴിയേ തീർത്തു. ഗൗരവത്തോടും വ്യക്തതയോടും സമഗ്രതയോടും കൂടി അമേരിക്കൻ സംഭവവികാസങ്ങളെ ഇന്ത്യൻ പ്രേക്ഷകരിലേക്കെത്തിച്ചു. 37 വർഷങ്ങൾക്ക് മുൻപ് ആകാശവാണിയിൽ ന്യൂസ് റീഡറായിരുന്ന അദ്ദേഹം കഴിഞ്ഞ 18 വർഷമായി ഏഷ്യാനെറ്റ് ന്യൂസിലൂടെ ലോകമലയാളികൾക്ക് സുപരിചിതനായ ഡോ. കൃഷ്ണ കിഷോർ ഇന്നും അമേരിക്കയിൽ നിന്നുള്ള മലയാളികളുടെ ഏറ്റവും ആധികാരിക ശബ്ദംതന്നെ. അകലെയുള്ള അമേരിക്കയെ മലയാളികൾക്ക് കൃത്യതയോടെ അടുത്തെത്തിച്ച വ്യക്തിയാണ് അദ്ദേഹം.

ഇംഗ്ലീഷിലും മലയാളത്തിലും ഒരേ മികവോടെ മാധ്യമപ്രവർത്തനം നടത്തുന്ന അപൂർവ വ്യക്തികളിൽ ഒരാൾ. നാലായിരത്തിലധികം ന്യൂസ് റിപ്പോർട്ടുകൾ, യുഎസ് വീക്കിലി റൗണ്ടപ്, അമേരിക്ക ഈയാഴ്ച പരിപാടികളുടെ ആയിരം പ്രതിവാര എപ്പിസോഡുകൾ പൂർത്തിയാക്കി. ഇന്ന് ഇംഗ്ലീഷിലും മലയാളത്തിലും മുൻനിര പത്രങ്ങളിൽ കോളംനിസ്റ്റ്, മുപ്പതിലധികം മാധ്യമ പുരസ്കാരങ്ങൾ, അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരങ്ങളിലും ആഗോള രാഷ്ട്രീയ വേദികളിലും ഒരുപോലെ നിറസാന്നിദ്ധ്യം.


ടെലികമ്യൂണിക്കേഷൻ രംഗത്തെ ഗവേഷണത്തിന് യുഎസ് ഗവൺമെന്റിന്റെ ഔട്ട്സ്റ്റാൻഡിംഗ് റിസേർച്ചർ ബഹുമതി, സതേൺ ഇല്ലിനോയ് യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ബിരുദം, പെൻസിൽവേനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് പിഎച്ച്.ഡി-ഈ വർഷത്തെ ഔട്ട്സ്റ്റാൻഡിംഗ് അലൂംമ്നി അവാർഡും അദ്ദേഹത്തിനു ലഭിച്ചു. ഇന്ത്യയുടെയും അമേരിക്കയുടെയും ബന്ധങ്ങളെ ശക്തിപ്പെടുത്താൻ പ്രവർത്തിക്കുന്ന അദ്ദേഹത്തെ ന്യൂജേഴ്സി-ഇന്ത്യ കമ്മീഷനിലേക്ക് ന്യൂജേഴ്സി ഗവർണർ ഫിൽ മർഫി നിയമിച്ചത് ഒരു അസുലഭ നേട്ടമാണ്.

ലോകപൗരത്വം ലക്ഷ്യബോധത്തോടു കൂടി എങ്ങനെയാകണം എന്നതിന് അദ്ദേഹത്തിന്റെ ജീവിതപ്രവർത്തനം ഒരു അപൂർവ മാതൃകയായി നിലകൊള്ളുന്നു.

അർപ്പണബോധത്തിന്റെയും മികവിന്റെയും പര്യായമായ ഡോ. കൃഷ്ണ കിഷോറിന് ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് അഭിമാനപൂർവമാണ് നല്കിയതെന്ന് ഭാരവാഹികൾ അറിയിച്ചു.

## ടീം വോയിസ് ഓഫ് ഫോമാ സജീവമായി മുന്നേറുന്നു

ചിക്കാഗോ: 2026-28 കാലയളവിലേക്കുള്ള ഫോമായെ നയിക്കുവാൻ ടീം വോയിസ് ഓഫ് ഫോമാ സർവ്വസജ്ജമായി മുന്നേറുന്നു. പ്രവർത്തനപാരമ്പര്യവും ജനപ്രീതിയും ഏറെയുള്ള ആറ് സ്ഥാനാർത്ഥികൾ ഒറ്റക്കെട്ടായി പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കുന്ന ബിജു തോണിക്കടവിലിനോടൊപ്പം അണിചേരുകയാണ്. ബിജു തോണിക്ക




ടവിലിനോടൊപ്പം ജനറൽ സെക്രട്ടറിയായി ന്യൂയോർക്കിൽ നിന്നുള്ള പോൾ പി. ജോസും ട്രഷററായി കണക്ടിക്കട്ടിൽ നിന്നുള്ള പ്രദീപ് നായരും വൈസ് പ്രസിഡണ്ടായി ടെക്സസിൽ നിന്നുള്ള സാമുവൽ മത്തായിയും ജോയിന്റ് സെക്രട്ടറിയായി അരിസോണയിൽ നിന്നുള്ള ഡോ. മഞ്ജു പിള്ളയും ജോയിന്റ് ട്രഷററായി ചിക്കാഗോയിൽ നിന്നുള്ള ജോൺസൺ കണ്ണൂക്കാടനുമാണ് മത്സരിക്കുന്നത്.

നോർത്ത് അമേരിക്കയിലും കാനഡയിലുമുള്ള ഒട്ടുമിക്ക അസോസിയേഷനുകളും ടീം വോയിസ് ഓഫ് ഫോമായ്ക്ക് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട് എന്നുള്ളത് പ്രത്യേകം എടുത്തു പറയട്ടെ. മറ്റു പലരും മത്സരരംഗത്ത് ഉണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഈ ടീമിന് ബദലായി ഒരു ടീം ഇതുവരെ നിലവിൽ വന്നിട്ടില്ല എന്നുള്ളതും വളരെ ശ്രദ്ധേയമാണ്.

2028-ലെ ഫോമാ കൺവൻഷന്റെ ഒരു വ്യക്തമായ പ്ലാൻ ഇപ്പോഴേ ഈ ടീമിനുണ്ട് എന്ന് ബിജു തോണിക്കടവിൽ പറഞ്ഞു. ഫ്ളോറിഡയിൽ വെച്ചാണ് കൺവൻഷൻ നടത്താൻ ആഗ്രഹിക്കുന്നതെങ്കിലും നാഷണൽ കമ്മിറ്റിയുടെ അഭിപ്രായമനുസരിച്ച് ക്രൂയിസ് കൺവൻഷനായോ, ഡെസ്റ്റിനേഷൻ കൺവൻഷൻ ആയിട്ടോ അതുമല്ലെങ്കിൽ മറ്റു മേജർ സിറ്റികളിലോ ആയിരിക്കും 2028-ലെ കൺവൻഷൻ നടത്തുക. ഇതുകൂടാതെതന്നെ ഫോമായെ അടുത്ത ലെവലിൽ എത്തിക്കാനുള്ള വിവിധ പദ്ധതികളും പ്ലാനുകളും ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഏറെ വൈകാതെ തന്നെ ടീം വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങളെപ്പറ്റിയുള്ള ഒരു രൂപരേഖ സമർപ്പിക്കുവാൻ സാധിക്കും എന്നും അറിയിച്ചു. നോർത്ത് അമേരിക്കയിലും കാനഡയിലുമുള്ള മലയാളികളുടെ ഉന്നമനത്തിനും വളർച്ചയ്ക്കും സഹായകമായി നിലകൊള്ളുമെന്നും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊളിറ്റിക്കൽ രംഗത്തും സാമൂഹിക സാംസ്കാരിക രംഗങ്ങളിലും സേവനരംഗത്തും തനതായ വ്യക്തിമുദ്ര പതിപ്പിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ മലയാളികളെയും ഏകോപിപ്പിച്ചുകൊണ്ട് നമ്മുടെ സമൂഹത്തെ അമേരിക്കയുടെ മുഖ്യധാരയിൽ എത്തിക്കുവാൻ ആയിരിക്കും ഈ കമ്മിറ്റി പ്രാധാന്യം നല്കുക. അതുവഴി അമേരിക്കയുടെ വിവിധ മേഖലകളിൽ നമ്മുടെ സമൂഹത്തിന് ഭാവിയിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിക്കുവാനും ഉയർച്ചയിലേക്ക് വളരുവാനും സാധിക്കും. വിശാലമായ ഈ കാഴ്ചപ്പാടുകളോടു കൂടി മത്സരരംഗത്ത് വന്നിരിക്കുന്ന ഞങ്ങളുടെ ടീമിന് എല്ലാവിധ പിന്തുണയും സഹായസഹകരണങ്ങളും നല്കി വിജയിപ്പിക്കണമെന്ന് ഫോമായെ സ്നേഹിക്കുന്ന എല്ലാ മലയാളികളോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

## അമേരിക്കയിലേക്കുള്ള തപാൽ സേവനം പുനരാരംഭിച്ചു

ന്യൂഡൽഹി: താത്കാലികമായി നിർത്തിവെച്ച അമേരിക്കയിലേക്കുള്ള എല്ലാ തപാൽ സേവനങ്ങളും ഒക്ടോബർ 15 മുതൽ പുനരാരംഭിച്ചതായി തപാൽ വകുപ്പ് അറിയിച്ചു. അമേരിക്കയിലെ കസ്റ്റംസ് ചട്ടങ്ങളെ തുടർന്നാണ് തപാൽസേവനങ്ങൾ ഓഗസ്റ്റ് 22-ന് കേന്ദ്രസർക്കാർ താത്കാലികമായി നിർത്തിവെച്ചത്. യുഎസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷന്റെ (സിബിപി) മാർഗനിർദേശപ്രകാരം ഇന്ത്യയിൽനിന്നുള്ള തപാൽ സേവനങ്ങൾക്ക് 50 ശതമാനം താരിഫ് നയം ബാധകമാകും. കൊറിയറുകൾ, വാണിജ്യ ഉത്പന്നങ്ങൾ എന്നിവയ്ക്കൊഴികെ തപാൽ സേവനങ്ങൾക്ക് അധിക താരിഫ് ഉണ്ടാകില്ല. തപാൽ വഴി അയയ്ക്കുന്ന വസ്തുക്കൾ കൃത്യമായ മേൽവിലാസത്തിൽ എത്തിക്കുന്നതിന് അധികഫീസ് ഇല്ലെന്നും തപാൽവകുപ്പ് വ്യക്തമാക്കി. നിലവിലെ തപാൽ താരിഫുകൾ മാറ്റമില്ലാതെ തുടരും. ഭാരിച്ച വസ്തുക്കൾ ഒഴികെയുള്ളവ യുഎസിലേക്ക് അയയ്ക്കാൻ തപാൽമാർഗം സ്വീകരിക്കുന്നവർക്ക് പുതിയ നടപടികൾ കൂടുതൽ എളുപ്പത്തിലാക്കുമെന്നും തപാൽ വകുപ്പ് പ്രസ്താവനയിൽ വ്യക്തമാക്കി. എക്സ്പ്രസ് മെയിൽ സർവീസ് (ഇഎംഎസ്), എയർ പാഴ്സലുകൾ, രജിസ്റ്റർ ചെയ്ത കത്തുകൾ തുടങ്ങിയവ ഇന്ത്യയിലെ ഏതൊരു തപാൽ ഓഫീസിൽനിന്നും അമേരിക്കയിലേക്ക് അയയ്ക്കാമെന്നും കേന്ദ്രസർക്കാർ വ്യക്തമാക്കി.

# ഡോ. സിമി ജെസ്റ്റോ ജോസഫിന് ഐപിസിഎൻഎ മീഡിയ എക്സലൻസ് അവാർഡ്






**ഡോ.** സിമി ജെസ്റ്റോ ജോസഫ് 2025-ലെ ഐപിസിഎൻഎ (ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക) മീഡിയ എക്സലൻസ് അവാർഡ് ടെലിവിഷൻ ആങ്കറിങ് വിഭാഗത്തിൽ നേടി.

മാധ്യമരംഗത്ത് പത്ത് വർഷത്തിലേറെ നീണ്ടുനിൽക്കുന്ന അവരുടെ സമർപ്പണത്തിനും മികവിനുമാണ് ഈ പുരസ്കാരം ലഭിച്ചത്. ഏഷ്യാനെറ്റ് ന്യൂസ് വീക്കിലി റൗണ്ടപ് പരിപാടിയിൽ 400 എപ്പിസോഡുകൾ അവതരിപ്പിച്ചു നല്കിയ സംഭാവനയും അതുപോലെ അവർ സൃഷ്ടിച്ച 'ലൈഫ് ആൻഡ് ഹെൽത്ത്' പരിപാടിയും പ്രേക്ഷകരുടെ വൻ സ്വീകരണം നേടിയിരുന്നു.

ഏഷ്യാനെറ്റ്, ഫ്ളവേഴ്സ് ചാനലുകളിലെ ചിക്കാഗോയിൽ നിന്നുള്ള ടിവി അവതാരകയായി മാധ്യമരംഗത്ത് ചുവടുറപ്പിച്ചു. കൈരളി ടിവിയിലെ ഓർമ്മസ്പർശം എന്ന സംഗീത പരിപാടിയുടെ പ്രധാന അവതാരകയായി ശ്രദ്ധിക്കപ്പെട്ടതിനു ശേഷം ഏഷ്യാനെറ്റിൽ യുഎസ് വീക്കിലി റൗണ്ടപ്പിന്റെ പ്രധാന അവതാരകയായി അഞ്ചു വർഷത്തോളം പ്രവർത്തിച്ചു.

ചിക്കാഗോയിലെ കുക്ക് കൗണ്ടി ഹെൽത്ത് സിസ്റ്റത്തിൽ നേഴ്സിങ് ഇന്നോവേഷൻ ആൻഡ് റിസേർച്ച് സെന്ററിന്റെ സിസ്റ്റം സീനിയർ ഡയറക്ടറായി പ്രവർത്തിക്കുന്ന ഡോ. സിമി ജെസ്റ്റോ മൂന്ന് ഫെലോഷിപ്പുകളും രണ്ട് ഡോക്ടറേറ്റും കരസ്ഥമാക്കിയിട്ടുണ്ട്. അമേരിക്കയിലെ ആരോഗ്യരംഗത്തെ നേതൃത്വപാടവത്തിന് ലഭിക്കുന്ന ഏറ്റവും പ്രാധാന്യമേറിയ അമേരിക്കൻ കോളജ് ഓഫ് ഹെൽത്ത്കെയർ എക്സിക്യൂട്ടീവ്സിന്റെ ഫെലോഷിപ്പ് ഡോ. സിമി ജെസ്റ്റോയുടെ ഏറെ ശ്രദ്ധേയമായ നേട്ടമാണ്. ഇതു കൂടാതെ ദി നാഷണൽ അക്കാഡമിസ് ഓഫ് പ്രാക്ടീസ് (എൻഎപി), ദി അമേരിക്കൻ അസോസിയേഷൻ ഓഫ് നേഴ്സ് പ്രാക്ടീഷണേഴ്സ് (എഫ്എഎഎൻപി) എന്നിവയുടെ ഫെലോഷിപ്പുകൾ ഡോ. സിമി ജെസ്റ്റോ കരസ്ഥമാക്കിയിട്ടുണ്ട്.

എഎൻഎ-ഇല്ലിനോയി 40 അണ്ടർ 40 നേഴ്സ് ലീഡർ അവാർഡ്, ദി അമേരിക്കൻ അസോസിയേഷൻ ഓഫ് നേഴ്സ് പ്രാക്ടീഷണേഴ്സ് (എഎഎൻപി), നാഷണൽ അവാർഡ് ഫോർ എക്സലൻസ് ഇൻ ക്ലിനിക്കൽ പ്രാക്ടീസ് ആൻഡ് ടോപ് നേഴ്സ് പ്രാക്ടീഷണർ അവാർഡ് ഇൻ യുഎസ്എ എന്നീ പുരസ്കാരങ്ങളും ഡോ. സിമി ജെസ്റ്റോ സ്വന്തമാക്കിയിട്ടുണ്ട്.

ഇപ്പോൾ അവർ ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയിയുടെ പ്രസിഡണ്ടായും കൂടാതെ ഐപിസിഎൻഎ ചിക്കാഗോ ചാപ്റ്റർ ജോയിന്റ് സെക്രട്ടറിയായും സേവനമനുഷ്ഠിക്കുന്നു.

ഡോ. സിമി ജെസ്റ്റോ ജോസഫ് പ്രക്ഷേപണ മാധ്യമരംഗത്ത് തന്റെ പാത തെളിക്കാൻ മാർഗ്ഗനിർദേശവും പ്രോത്സാഹനവും നല്കിയ രാജു പള്ളത്ത് (പ്രൊഡ്യൂസർ & പ്രോഗ്രാം ഡയറക്ടർ), അനിൽ മറ്റത്തിൽകുന്നേൽ (എക്സിക്യൂട്ടീവ് എഡിറ്റർ) എന്നിവർക്കുള്ള ഹൃദയപൂർവമായ നന്ദി അറിയിക്കുന്നു.

അവരുടെ ശക്തിയുടെ തൂണും എല്ലാ നേട്ടങ്ങൾക്കുമുള്ള പ്രചോദവുമായത് അവരുടെ ഭർത്താവ് ജെസ്റ്റോ ജോസഫ്, മക്കളായ അനീന, എയ്ഡൻ, ആഷ്ന, ആഷിഷ് ആണെന്ന് അവർ പറയുന്നു.















കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിമൂന്നാം വർഷം 1992-2025



## വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

# സരോജ വർഗീസ്: എഴുത്തിന്റെയും സ്നേഹത്തിന്റെയും പെൺകൈയൊപ്പ്



*“കഴിവിലും ജനപ്രീതിയിലും ഇത്രകണ്ട് ഉയർന്ന നിലവാരത്തിൽ എത്തിനിൽക്കുന്ന ഈ എഴുത്തുകാരി ഒരിക്കലും ഒരിടത്തും ’വലുപ്പം’ കാണിക്കാറില്ല. ചെറിയവരോടൊപ്പം അവർ പ്രവർത്തിക്കുന്നു; ചെറുതാണ് താൻ എന്നവർ വിശ്വസിക്കുന്നു. ഈ സ്വഭാവവിശുദ്ധി അവരെ വലിയവരിൽ വലിയവളാക്കുന്നു.”*

***-ജെ. മാത്യൂസ്***

**അ**മേരിക്കൻ മലയാളി സമൂഹത്തിൽ തന്റേതായ ഇടം കണ്ടെത്തിയ കവയിത്രിയും സാമൂഹിക പ്രവർത്തകയുമാണ് സരോജ വർഗീസ്. ന്യൂയോർക്കിലെ തിരക്കിട്ട പ്രവാസജീവിതത്തിനിടയിലും, മാതൃഭാഷയോടും കുടുംബത്തോടുമുള്ള അചഞ്ചലമായ സ്നേഹത്താൽ സാഹിത്യത്തെയും, സാമൂഹിക പ്രവർത്തനങ്ങളെയും ഒരുപോലെ നെഞ്ചിലേറ്റി. തന്റെ ജീവിതാനുഭവങ്ങളെ ലളിതവും എന്നാൽ തീവ്രവുമായ വികാരങ്ങളോടെ അക്ഷരങ്ങളിലേക്ക് പകർത്തിയ ഈ എഴുത്തുകാരി അമേരിക്കൻ പ്രവാസലോകത്തെ സ്ത്രീകൾക്ക് എന്നും ഒരു പ്രചോദനമാണ്. അതുകൊണ്ടുതന്നെ സരോജ വർഗീസിനെക്കുറിച്ച് കൂടുതൽ എഴുതുമ്പോൾ അത് സ്ത്രീകളുടെ മുന്നോട്ടുള്ള നിലനിൽപ്പിന് വളരെയധികം കരുത്തേകും.

### ബാല്യവും ജീവിതത്തിന്റെ മുഖ്യധാരയിലേക്കുള്ള മുന്നൊരുക്കങ്ങളും

തിരുവല്ല തുകലശേരി പുതുപ്പറമ്പിൽ ഇടത്തരം ബിസിനസുകാരനായ വർക്കി വർഗീസിന്റെയും അധ്യാപികയായ തങ്കമ്മയുടെയും മകളായിട്ടാണ് സരോജ വർഗീസ് ജനിച്ചത്.അധ്യാപികയായ അമ്മയിൽ നിന്ന് ലഭിച്ച മലയാള ഭാഷാ സ്നേഹം പിൽക്കാലത്ത് എഴുത്തിനുള്ള അടിത്തറയായി. ചെറിയ പ്രായത്തിൽ തന്നെ കവിതകൾ എഴുതിത്തുടങ്ങി. എങ്കിലും പഠനമായിരുന്നു മുഖ്യം. പത്താം ക്ലാസ് പാസ്സായപ്പോൾ തന്നെ നേഴ്സിംഗ് മേഖലയിലേക്ക് തിരിയണമെന്ന ആഗ്രഹം കലശലായി. പക്ഷേ, പതിനേഴ് വയസ് പൂർത്തിയായാൽ മാത്രമേ നേഴ്സിംഗിന് പോകാൻ സാധിക്കുമായിരുന്നുള്ളു. അതുവരെ ഹിന്ദിവിദ്വാൻ പഠിക്കുവാൻ തീരുമാനിച്ചു. ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതവുമായിരുന്നു സിലബസിൽ. നന്നായി പഠിച്ച് ഹിന്ദി വിദ്വാൻ കോഴ്സ് പൂർത്തിയാക്കാൻ തുടങ്ങുമ്പോഴേക്കും ആന്ധ്രാപ്രദേശിൽ കുഗ്ളർ ആശുപത്രിയിൽ നേഴ്സിംഗിന് അഡ്മിഷൻ ലഭിച്ചു. സ്കോളർഷിപ്പോടെ പഠനം പൂർത്തിയാക്കി പുറത്തിറങ്ങിയപ്പോഴേക്കും സർക്കാർ നേഴ്സായി ജോലിയും ലഭിച്ചു. കോട്ടയം, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ മാറി മാറി ജോലി ചെയ്തു.

### ഇന്ത്യൻ വ്യോമസേനയിലേക്ക്

സരോജ വർഗീസിന്റെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം യാദൃച്ഛികമാണെങ്കിലും അവയ്ക്കെല്ലാം നന്മയുടെ ഒരു കരുത്തുണ്ടായിരുന്നു. ഒപ്പം ദൈവത്തിന്റെ നിയോഗവും. 1964-ൽ ഡെപ്യൂട്ടേഷനിൽ ഇന്ത്യൻ വ്യോമസേനയിലേക്ക് സെലക്ഷൻ ലഭിച്ചു. കാൺപൂരിൽ ലഫ്റ്റനന്റ് റാങ്കിൽ ഓഫീസർ റാങ്കിൽ നിയമനം. ഔദ്യോഗിക ജീവിതത്തിലെ അഭിമാനകരമായ നിമിഷങ്ങൾ. 1965-ലെ ഇന്ത്യ - പാക് യുദ്ധകാലവും അന്നത്തെ നേഴ്സിംഗ് ജീവിതത്തിൽ ഒരിക്കലും മറക്കാവുന്നതല്ല. മുറിവേറ്റവരും അംഗഭംഗം സംഭവിച്ചവരുമായ ജവാൻമാരെ കാണുമ്പോൾ ഹൃദയത്തിൽ വേദനയായിരുന്നു. രാജ്യത്തിനു വേണ്ടി പോരാടുന്ന ഭാരതത്തിന്റെ ധീരൻമാർ. രാത്രിയും പകലുമെന്നില്ലാതെ അവരെ ശുശ്രൂഷിക്കുന്നതിൽ വലിയ സംതൃപ്തി ആയിരുന്നു.

### വിവാഹം, പുതുജീവിതം, അമേരിക്കൻ യാത്ര

യുദ്ധം അവസാനിച്ച് 1966-ൽ നാട്ടിൽ വന്നപ്പോഴായിരുന്നു വിവാഹം. നിരണം സ്വദേശിയായ മാത്യു വർഗീസ് എന്ന ജോയുമായി 1966 ജൂൺ 30-ന് വിവാഹം. പെണ്ണുകാണലും വിവാഹ നിശ്ചയവും വിവാഹവും മധുവിധുവും എല്ലാം ഒരു മാസം കൊണ്ട് കഴിഞ്ഞു. യുദ്ധകാലത്ത് വ്യോമസേനയിലെ ജോലി ചെയ്യുന്നതിൽ മാതാപിതാക്കൾക്ക് വിഷമമായിരുന്നതിനാൽ ഇനി ജോലി ചെയ്യണ്ട എന്ന് തീരുമാനിച്ചു. കേരളത്തിൽ നിന്ന് ഡെപ്യൂട്ടേഷനിൽ പോയതിനാൽ തിരികെ എത്തിയാൽ നാട്ടിൽ ജോലി ലഭിക്കുമായിരുന്നു. തിരികെ കാൺപൂരിൽ എത്തി ജോലിയിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം തിരികെ നാട്ടിലേക്ക്. ചങ്ങനാശേരി റൂബി റബർ വർക്സിൽ ഉദ്യോഗസ്ഥനായിരുന്ന ഭർത്താവ് ജോയുടേയും തന്റെയും വേതനവും കൊണ്ട് സംതൃപ്തമായ ഒരു കുടുംബ ജീവിതത്തിന് തുടക്കമിട്ടപ്പോഴേക്കും 1967 ജൂൺ 13-ന് മകൾ മഞ്ജുവിന്റെ ജനനം. 1972-ൽ ന്യൂയോർക്ക് കൊളംബിയ പ്രസ്ബിറ്റേറിയൻ ആശുപത്രിയിൽ നിന്ന് ജോലിക്കായി അവസരം വന്നു. അങ്ങനെ അമേരിക്കയിലേക്ക്. 1977-ൽ ഫെബ്രുവരി 21-ന് മകൻ മജു ജനിച്ചു. ഒരു മകൻകൂടി വേണമെന്നുള്ള തന്റെ ആഗ്രഹത്തിന് ദൈവത്തിന്റെ സമ്മാനമായിരുന്നു അത്.

### എഴുത്തിന്റെ വഴികൾ വായനയുടെ ഉത്സവം

ബാല്യ കൗമാരങ്ങളിലെ വായന യൗവനത്തിലെത്തിയപ്പോൾ കൂടുതൽ പുസ്തകങ്ങളിലേക്ക് നയിച്ചു. ബഷീറിന്റെ കഥകൾ ഹൃദയത്തിൽ ചേക്കേറി. എഴുതണമെന്ന് തോന്നലുണ്ടായിരുന്നുവെങ്കിലും ഉള്ളിൽ ഒരു എഴുത്തുകാരി ഉണ്ട് എന്ന് തിരിച്ചറിഞ്ഞത് അമേരിക്കയിലെത്തിയ ശേഷമാണ്. കഥകൾ, കവിതകൾ ഒക്കെ എഴുതാൻ തുടങ്ങിയത് പൊതുജീവിതവുമായി ബന്ധപ്പെട്ടു തുടങ്ങിയപ്പോഴാണ്. അതിന് തന്നെ സഹായിച്ചത് തന്റെ ഭർത്താവ് ജോ ആണ്. എഴുതുന്നതൊക്കെ വായിച്ച് അഭിപ്രായം പറയുമായിരുന്നു. പ്രോത്സാഹിപ്പിക്കുമായിരുന്നു. 1988 മുതൽ പലപ്പോഴായി എഴുതിയ കഥകൾ അമേരിക്കയിൽ പ്രചാരത്തിലിരുന്ന പല പത്രങ്ങളിലും പ്രസിദ്ധീകരിച്ചുവന്നത് പ്രചോദനമായി.

















കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിമൂന്നാം വർഷം 1992-2025









### തീരം കാണാത്ത തിരമുതൽ കമലദളം വരെ

തീരം കാണാത്ത തിര എന്ന ചെറുകഥാ സമാഹാരമാണ് സരോജ വർഗീസിന്റെ പ്രഥമ കൃതി. അതിൽ 'പിന്നിട്ടു പോയ എക്സിറ്റ്' എന്ന ചെറുകഥയാണ് ആദ്യമായി പ്രസിദ്ധീകരിച്ചത്. രജനി മാസികയിൽ പ്രസിദ്ധീകരിച്ച കഥ.

ചാക്കോ ശങ്കരത്തിൽ എഡിറ്ററായ മാസികയായിരുന്നു അത്. തുടർന്ന് നിരവധി പ്രസിദ്ധീകരണങ്ങളിൽ രചനകൾ പ്രസിദ്ധീകരിച്ചു. എഴുതിയതെല്ലാം പുസ്തകമായി.

തീരം കാണാത്ത തിര (ചെറുകഥകൾ), വിശുദ്ധ സ്വപ്നങ്ങളുമായി വിശുദ്ധനാട്ടിൽ (യാത്രാവിവരണം), പൊലിയാത്ത പൊൻവിളക്ക് (ചെറുകഥകൾ) – പിന്നീട് ഇംഗ്ലീഷിലേക്ക് The Golden Lamp Stand എന്ന പേരിൽ വിവർത്തനം ചെയ്തു. സഹൃദയ രേഖകൾ (ചെറുകഥകൾ, ലേഖനങ്ങൾ), സാഗരഹൃദയത്തിലെ പറുദീസയുടെ (യാത്രാവിവരണം),

സുവാർത്ത ഗീതം (ക്രിസ്തുമസ് ഗാനങ്ങൾ), മുത്തശ്ശി കഥകൾ (കുട്ടികൾക്കായുള്ള കഥകൾ), പ്രിയ ജോ, നിനക്കായി ഈ വരികൾ (ഓർമ്മക്കുറിപ്പുകൾ), സഞ്ചാരം സാഹിത്യം സന്ദേശം, കമലദളങ്ങൾ (കവിതാസമാഹാരം). കവിതകൾ, ലേഖനങ്ങൾ, ഓർമ്മക്കുറിപ്പുകൾ തുടങ്ങി ഏറെ എഴുതിയിട്ടുണ്ടെങ്കിലും ഏറ്റവും മികച്ച മാധ്യമമായി തോന്നിയത് ചെറുകഥകളാണ്. കഥകൾ മനുഷ്യനെ ഏറെ ചിന്തിപ്പിക്കുകയും മനുഷ്യ മനസ്സുകളിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധ്യമാക്കുന്നവയുമാണ് എന്ന് സരോജ വർഗീസ് വിശ്വസിക്കുന്നു.

### പ്രവാസ കവിതയിലെയും കഥയിലെയും ആത്മബന്ധം

സരോജ വർഗീസ്, അമേരിക്കൻ മലയാളി സാഹിത്യത്തിന് നൽകിയത് കേവലം കുറച്ച് കവിതകളും കഥകളും ലേഖനങ്ങളും മാത്രമല്ല; മറിച്ച്, പ്രവാസത്തിന്റെ ആത്മാവിനെയും മാതൃത്വത്തിന്റെയും ഭാര്യയുടെയും സ്നേഹത്തെയും സത്യസന്ധമായി അടയാളപ്പെടുത്തിയ രചനകളാണ്. 47 വർഷത്തിലധികം നീണ്ട പ്രവാസ ജീവിതത്തിൽ നേടിയ അനുഭവങ്ങളെ അക്ഷരങ്ങളിലൂടെ നമുക്ക് പകർന്നു നൽകി.

അവരുടെ വാക്കുകൾ, വിശ്വാസം, സ്നേഹം, പ്രത്യാശ എന്നിവ കൈവിടാതെ ജീവിതത്തിലെ വെല്ലുവിളികളെ നേരിടാൻ ഓരോ പ്രവാസി മലയാളി സ്ത്രീക്കും പ്രചോദനമാകുന്നു. സരോജ വർഗീസ് എന്ന കവയിത്രി, കഥാകൃത്ത്, ലേഖിക, ന്യൂയോർക്കിലെ തിരക്കുകൾക്കിടയിലും മാതൃഭാഷയുടെ മധുരം നിലനിർത്താൻ പരിശ്രമിച്ച ഒരു സാംസ്കാരിക നായികയായി എന്നും ഓർമ്മിക്കപ്പെടും.

### സ്നേഹത്തിന്റെ സമർപ്പണം 'പ്രിയ ജോ, നിനക്കായ് ഈ വരികൾ'

സരോജ വർഗീസിന്റെ സാഹിത്യ ജീവിതത്തിലെ ഏറ്റവും ഹൃദയസ്പർശിയായ സൃഷ്ടിയാണ്, തന്റെ പ്രിയ ഭർത്താവിനായുള്ള കുറിപ്പുകളുടെ സമാഹാരമായ 'പ്രിയ ജോ, നിനക്കായ് ഈ വരികൾ'. ഈ കൃതി വെറുമൊരു സമാഹാരമല്ല, മറിച്ച്, പ്രവാസത്തിന്റെ ഏകാന്തതയിലും ജീവിതത്തിന്റെ എല്ലാ പ്രതിസന്ധികളിലും, വിജയത്തിലും കൂടെനിന്ന ഭർത്താവിനോടുള്ള ആദരവിന്റെയും സ്നേഹത്തിന്റെയും സാക്ഷ്യമാണ്.

ഈ പുസ്തകം, ഒരു പ്രവാസി ഭാര്യയുടെയും അമ്മയുടെയും മനസ്സിലെ വികാരങ്ങളെ സത്യസന്ധമായി അവതരിപ്പിക്കുന്നു. 2014-ൽ ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ ജോയിന്റ് സെക്രട്ടറി ആയിരിക്കെ കേരളത്തിൽ തിരൂർ തുഞ്ചൻ പറമ്പിൽ സംഘടിപ്പിച്ച ലാനയുടെ കേരളാ കൺവെൻഷനിൽ മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരൻ എം.ടി വാസുദേവൻ നായർ ആയിരുന്നു ഈ പുസ്തകം പ്രകാശനം ചെയ്തത്. കുടുംബബന്ധങ്ങളുടെ ഊഷ്മളത, വിരഹം, ഓർമ്മകൾ, വിശ്വാസം എന്നിവയെല്ലാം സരോജാ വർഗീസിന്റെ രചനകളുടെ പ്രധാന വിഷയങ്ങളാണ്. ഭർത്താവിന്റെയും മക്കളുടെയും സ്നേഹം നൽകിയ ആത്മവിശ്വാസമാണ് എഴുത്തിന്റെ വഴിയിൽ മുന്നോട്ട് പോകാൻ തനിക്ക് ശക്തി നൽകിയതെന്ന് രേഖപ്പെടുത്തുന്നു. മരിക്കും മുൻപ് കുത്തിക്കുറിച്ച ഓർമ്മക്കുറിപ്പുകൾ അച്ചടിച്ച് കാണണമെന്നുള്ള ജോയുടെ ആഗ്രഹം സാധിച്ചുകൊടുക്കുവാൻ സാധിച്ചതാണ് എഴുത്തുകാരി എന്ന നിലയിൽ ധന്യത തോന്നിയ അനുഭവം. 'ഓർമ്മയുടെ സരോവരതീരങ്ങളിൽ' എന്ന പേരിൽ ആ പുസ്തകവും പ്രസിദ്ധീകരിച്ചു.

അധികം എഴുത്തുകാരുടെ പിൻബലമില്ലാതെ, കഥയും കവിതയും ലേഖനങ്ങളുമായി സരോജ വർഗീസ് എന്ന വനിത സഞ്ചരിക്കുമ്പോൾ, അതൊരു ഭാഗ്യമായി ഭവിക്കുന്നു. മലയാളികളെ ലോകത്തിന്റെ ഏത് കോണിൽ ചെന്നാലും ഒന്നിപ്പിക്കാൻ കഴിയുന്ന കാര്യങ്ങളെ അവർ തിരിച്ചറിഞ്ഞു.

സരോജാ വർഗീസിന്റെ രചനകൾ പ്രവാസത്തിന്റെ ആശങ്കകളെയും ഒറ്റപ്പെടലിനെയും സ്നേഹം കൊണ്ട് എങ്ങനെ മറികടക്കാമെന്ന് പഠിപ്പിക്കുന്നു. മാതൃനാടിന്റെ ഓർമ്മകളും, അമേരിക്കൻ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളും അവർ തന്റെ തൂലികയിലൂടെ സമന്വയിപ്പിച്ചു.

### കുടുംബം: ജീവിതത്തിന്റെ ആധാരശില

സരോജ വർഗീസിന്റെ ജീവിതത്തിലും എഴുത്തിലും ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയത് കുടുംബമാണ്. മാതാപിതാക്കൾ ഭർത്താവ് മാത്യു വർഗീസ് (ജോ), മക്കൾ എന്നിവർ സരോജാ വർഗീസിന്റെ സാഹിത്യ – സാമൂഹിക ജീവിതത്തിൽ അചഞ്ചലമായ പിന്തുണ നൽകി. അധ്യാപികയായ മകൾ മഞ്ജുവിനും മരുമകൻ കോശി മാത്യുവിനുമൊപ്പം ഫ്ളോറിഡയിലാണ് ഇപ്പോൾ താമസം. മകളുടെ രണ്ടു പെൺമക്കളുടെയും (ജെന്നീഫർ, ജാക്ലിൻ) വിവാഹം കഴിഞ്ഞു. ഒരാൾ ഫ്ളോറിഡയിലും മറ്റൊരാൾ ന്യൂജേഴ്സിയിലുമാണ് താമസം. മകൻ മജു വർഗീസ് പൊളിറ്റിക്സിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. ഡെമോക്രാറ്റിക് പാർട്ടി അനുഭാവിയാണ്. ഒബാമയും ബൈഡനും പ്രസിഡൻഷ്യൽ സ്ഥാനാർഥികൾ ആയിരിക്കെ അവരുടെ കാമ്പെയ്ൻ മാനേജരായി പ്രവർത്തിച്ചിരുന്നു. അമേരിക്കക്കാരിയായ ജൂലിയെയാണ് മജു വിവാഹം ചെയ്തിരിക്കുന്നത്. ഒരു മകൻ എവൻ. ഇന്ത്യയുടെ റിപ്പബ്ലിക് ഡേ പരേഡിൽ പ്രസിഡന്റ് ബറാക്ക് ഒബാമ പങ്കെടുത്തപ്പോൾ ഒപ്പമുണ്ടായിരുന്ന മലയാളി എന്ന പേരിൽ മജുവിനെക്കുറിച്ച് ഇന്ത്യയിലെ പത്രദൃശ്യ മാധ്യമങ്ങൾ മജുവിനെക്കുറിച്ച് എഴുതിയിരുന്നു. അത് ഒരു 'അമ്മ എന്ന നിലയിൽ വലിയ അഭിമാനം തോന്നി. ബൈഡൻ ഭരണകൂടത്തിനു കീഴിൽ ഡയറക്ടർ ഓഫ് വൈറ്റ് ഹൗസ് മിലിട്ടറിയായി പ്രവർത്തിച്ചിരുന്നു. ജോയുടെ മരണ സമയത്ത് ഒബാമ ന്യൂയോർക്കിൽ എത്തി അനുശോചനം അറിയിച്ചതും ഒരു കരുത്തായിരുന്നു അന്ന്. മക്കളും കൊച്ചുമക്കളും ജോയെക്കുറിച്ചുള്ള ഓർമ്മകളുമാണ് ഇന്ന് സരോജാ വർഗീസിന്റെ കരുത്ത്. അത് മുന്നോട്ടു നടക്കാൻ നൽകുന്ന ഊർജം ചെറുതല്ല.

പ്രവാസത്തിന്റെ ഓട്ടപ്പാച്ചിലിനിടയിലും കഠിനാദ്ധ്വാനത്തിലും, കുടുംബത്തിന്റെ സാമീപ്യം അവർക്ക് സ്വർഗ്ഗതുല്യമായ സന്തോഷം നൽകി. തന്റെ കൃതികളുടെ ആമുഖത്തിൽ, കുടുംബമാണ് തന്റെ എല്ലാമെല്ലാമെന്ന് അവർ ഹൃദയസ്പർശിയായി കുറിക്കുന്നു. ഈ കുടുംബബന്ധങ്ങളുടെ ഊഷ്മളതയാണ് അവരുടെ എഴുത്തുകളുടെ അടിസ്ഥാന വികാരം.

### സംഘടനാ രംഗത്തെ സ്ത്രീശക്തി: സാമൂഹിക സമർപ്പണത്തിന്റെ അധ്യായം

സരോജ വർഗീസ് എന്ന കവയിത്രി, കഥാകൃത്ത്, സാഹിത്യ ലോകത്തെ തന്റെ സംഭാവനകൾക്കപ്പുറം, അമേരിക്കൻ മലയാളി സമൂഹത്തിൽ സാമൂഹിക സമർപ്പണത്തിന്റെയും സ്ത്രീശക്തിയുടെയും പ്രതീകമായി നിലകൊണ്ടു. ന്യൂയോർക്കിലെ തിരക്കിട്ട പ്രവാസജീവിതത്തിനിടയിലും, വിവിധ കലാ-സാംസ്കാരിക, മതപരമായ സംഘടനകളിൽ അവർ വഹിച്ച നേതൃപരമായ പദവികൾ, പ്രവാസി സമൂഹത്തിന്റെ വളർച്ചയ്ക്കായുള്ള അവരുടെ നിസ്വാർത്ഥമായ പ്രതിബദ്ധതയുടെ ആഴം വ്യക്തമാക്കുന്നു. ആത്മീയ രംഗത്ത്, മലങ്കര ഓർത്തഡോക്സ് അമേരിക്കൻ ഡയോസിസ് മർത്തമറിയം ജനറൽ സെക്രട്ടറി എന്ന സുപ്രധാന സ്ഥാനവും, ഫാമിലി & യൂത്ത് കോൺഫറൻസിന്റെ സെക്രട്ടറി എന്ന പദവിയും അവർ അലങ്കരിച്ചു.

ഡയോസിസിന്റെ മുഖപത്രമായ ഡയോസിസ് വോയ്സിന്റെ ചീഫ് എഡിറ്റർ എന്ന നിലയിലും, എക്യുമിനിക്കൽ ഓർത്തഡോക്സ് അസ്സോസിയേഷന്റെ വൈസ് പ്രസിഡന്റ് എന്ന നിലയിലും സഭയുടെയും വിശ്വാസ സമൂഹത്തിന്റെയും പ്രവർത്തനങ്ങളിൽ അവർ സജീവമായിരുന്നു. അവരുടെ സാമൂഹ്യ പ്രവർത്തനങ്ങൾ ഒരു സഭയുടെ മാത്രം അതിർത്തിരേഖകളിൽ ഒതുങ്ങി നിന്നില്ല. അമേരിക്കൻ മലയാളികളുടെ പല പൊതുവേദികളിലും അവർ നൽകിയ സന്ദേശങ്ങൾ മികവുറ്റതായിരുന്നു. മലയാളി സംഘടനകളുടെ ഓണാഘോഷങ്ങൾ, ശ്രീനാരായണ ധർമ്മപരിപാലന സംഘടനയുടെ സമ്മേളനങ്ങൾ, ജനനി മാസികയുടെ വാർഷികാഘോഷങ്ങൾ ഇവയിലൊക്കെ സരോജ വർഗീസിന്റെ വാക്കുകൾ സവിശേഷ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. അമേരിക്കയിലെ യുവജനങ്ങളിൽ വീക്ഷണവിശുദ്ധി വരുത്താനും സരോജ വർഗീസ് പ്രവർത്തിച്ചിട്ടുണ്ട്. Indian culture and tradition എന്ന വിഷയത്തെപ്പറ്റി New Hyde Park Memorial High School-ൽ യുവജനങ്ങൾക്കുവേണ്ടി സരോജ വർഗീസ് പല തവണ ക്ലാസ്സുകൾ നയിച്ചിട്ടുണ്ട്.

കലാ-സാംസ്കാരിക മേഖലയിൽ, കേരളാ സെന്റർ ന്യൂയോർക്കിന്റെ ബോർഡ് ഓഫ് ഡയറക്ടർ എന്ന നിലയിൽ പ്രവർത്തിച്ച സരോജ വർഗീസ്, കേരള സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ ട്രഷറർ, വൈസ് പ്രസിഡന്റ്, പ്രസിഡന്റ്, സുവനീർ ചീഫ് എഡിറ്റർ എന്നീ വിവിധ പദവികളും വഹിച്ചു. അമേരിക്കൻ മലയാളി എഴുത്തുകാരുടെ സംഘടനയായ ലാനയുടെ ജോയിന്റ് സെക്രട്ടറിയായും പ്രവർത്തിച്ച് പ്രവാസി എഴുത്തുകാർക്ക് പ്രോത്സാഹനം നൽകി.

ഈ പ്രവർത്തനങ്ങളെല്ലാം, പ്രവാസലോകത്ത് മലയാളി സാംസ്കാരിക പൈതൃകം നിലനിർത്താനും, യുവതലമുറയെ മൂല്യബോധമുള്ളവരാക്കാനും, ഒരു സ്ത്രീ എന്ന നിലയിൽ നേതൃനിരയിൽ നിന്ന് സമൂഹത്തിന് ദിശാബോധം നൽകാനും സരോജ വർഗീസിന് കഴിഞ്ഞു എന്ന് തെളിയിക്കുന്നു.


### എഴുത്തിലെ സ്ത്രീ പ്രാതിനിധ്യം

പ്രവാസലോകത്തെ യാഥാസ്ഥിതിക ചിന്തകളെ മറികടന്ന്, സരോജ വർഗീസ് എന്ന എഴുത്തുകാരി തന്റെ തൂലികയാൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു എന്ന് വേണം അടയാളപ്പെടുത്താൻ. സ്ത്രീകൾ പൊതുരംഗത്തും സാഹിത്യരംഗത്തും പലപ്പോഴും പിന്നോട്ട് നിൽക്കേണ്ടി വരുന്ന പ്രവാസി സമൂഹത്തിൽ, സരോജ തന്റെ കൃതികളിലൂടെയും സംഘടനാ നേതൃത്വത്തിലൂടെയും ശക്തമായ ഒരു പെൺശബ്ദമായി മാറി.

ഈ നേതൃപരമായ പങ്ക്, മതപരവും സാംസ്കാരികവുമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്ന ഉയർന്ന വേദികളിൽ സ്ത്രീകളുടെ ശബ്ദവും പ്രാതിനിധ്യവും ഉറപ്പിച്ചു. ഈ ബഹുമുഖ പ്രവർത്തനങ്ങളിലൂടെ, തൊഴിലിനും കുടുംബത്തിനും പുറത്തും ഒരു സ്ത്രീക്ക് സമൂഹത്തിൽ സജീവവും നിർണ്ണായകവുമായ പങ്ക് വഹിക്കാൻ കഴിയുമെന്ന് അവർ തെളിയിച്ചു.

സരോജ വർഗീസിന്റെ എഴുത്ത്, വിശ്വാസം, സ്നേഹം, മാതൃഭാഷാ പൈതൃകം എന്നീ മൂല്യങ്ങളെ ആധുനിക ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളുമായി സമന്വയിപ്പിച്ചു. കേരളീയ മൂല്യങ്ങളിൽ ഉറച്ചുനിന്ന്, അതേ സമയം അമേരിക്കൻ ജീവിതത്തിന്റെ വേഗതയെയും ഒറ്റപ്പെടലിനെയും ചിത്രീകരിക്കുന്നതിലൂടെ, അവർ ഒരു പുതിയ പ്രവാസി സാഹിത്യധാരയ്ക്ക് തുടക്കമിട്ടു. ഈ എഴുത്ത്, ഒരു അധ്യാപികയായ അമ്മയിൽ നിന്ന് ലഭിച്ച ഭാഷാപരമായ അറിവും അനുഭവങ്ങൾ നൽകിയ കാര്യക്ഷമതയും ഉപയോഗിച്ച്, വളരെ വ്യക്തവും ലക്ഷ്യബോധമുള്ളതുമായിരുന്നു. കേവലം ഗൃഹാതുരതയല്ല, മറിച്ച്, പ്രവാസത്തെ അതിജീവിച്ച് വിജയിച്ച ഒരു സ്ത്രീയുടെ ആത്മവിശ്വാസം അവരുടെ ഓരോ വാക്കുകളിലും പ്രതിധ്വനിക്കുന്നു. ഈ ധീരവും സമർപ്പിതവുമായ സാഹിത്യ – സാമൂഹിക ജീവിതം, പ്രവാസ ലോകത്തെ 'പെണ്ണെഴുത്തിലെ വിപ്ലവത്തിന്റെ' ഒരു തിളങ്ങുന്ന അധ്യായമായി നിലനിൽക്കുന്നു.

KERALA EXPRESS പ്രവാസി താളുകൾ



കേരളാ എക്സ്പ്രസ് KERALA EXPRESS

## വാരാന്ത്യം

# ശൂന്യതയിൽ നിന്നും വെള്ളത്തിന്റെ ഉറവ



ഷിബു ഗോപാലകൃഷ്ണൻ

ചില ജീവിതങ്ങൾ അവർ എത്തിപ്പിടിച്ച ഉയരങ്ങൾ കൊണ്ടുമാത്രമല്ല അവിടെയെത്താൻ അവർ താണ്ടിയ പാതാളങ്ങൾ കൊണ്ടും നമ്മളെ അത്ഭുതപ്പെടുത്തും.

അങ്ങനെയൊരു ജീവിതമാണ് ഒമർ എം. യാഗി. ഗാസയിൽ നിന്നും ഒരു യുദ്ധകാലത്ത് പലായനം ചെയ്തു ജോർദാനിൽ എത്തിയ ആറാം ക്ലാസുകാരനായ ഒരു ഇറച്ചിവെട്ടുകാരനും എഴുത്തും വായനയും അറിയാൻ പാടില്ലാത്ത അയാളുടെ ഭാര്യക്കും ജനിച്ച പത്തുമക്കളിൽ ഒരാൾ. ഒറ്റമുറി മാത്രമുള്ള അഭയാർത്ഥി കുടുംബത്തിൽ അവർക്കൊപ്പം അപ്പന്റെ കന്നുകാലികളും അന്തിയുറങ്ങി.

വെള്ളമില്ല, വെളിച്ചമില്ല. അതിരാവിലെ എഴുന്നേറ്റ് മണിക്കൂറുകൾ ക്യൂ നിൽക്കണം വെള്ളം കിട്ടാൻ. ആഴ്ചയിൽ ഏതാനും മണിക്കൂറുകൾ മാത്രമാണ് വെള്ളം ലഭിക്കുക. അതുകൊണ്ടുതന്നെ ഓരോ തുള്ളിയും ഒമറിനു അമൂല്യമായിരുന്നു. വെള്ളം കിട്ടാത്ത ഒരു ലോകത്തു ജീവിക്കുന്നതിന്റെ വേനൽ മറ്റേതൊരു മനുഷ്യനെക്കാളും അയാളുടെ ജീവിതത്തിൽ കത്തിയെരിഞ്ഞു കിടന്നു.

പിന്നീട്, അമേരിക്കയിലെ ഗവേഷണജീവിതം കൊണ്ട് അയാൾ ഒരു പുതിയ രസതന്ത്രശാഖക്ക് തുടക്കംകുറിച്ചു - റെറ്റികുലാർ കെമിസ്ട്രി (Reticular Chemistry). അതുവഴി മെറ്റൽ ഓർഗാനിക് ഫ്രെയിംവർക്കുകൾ ഉണ്ടാക്കി. അവയ്ക്ക് അപാരമായ ആഗിരണശേഷി ഉണ്ടായിരുന്നു. അന്തരീക്ഷത്തിൽ നിന്നും അമിതമായി വികിരണം ചെയ്യപ്പെടുന്ന കാർബൺ ഡയോക്സൈഡ് വലിച്ചെടുക്കാനും വിഷവാതകങ്ങളെ വലിച്ചെടുത്തു സംഭരിച്ചു വയ്ക്കാനും അവയ്ക്കുള്ള ശേഷി ലോകത്തെ അത്ഭുതപ്പെടുത്തി. എന്നാൽ അവയ്ക്ക് മറ്റൊരു മാന്ത്രികശേഷി കൂടി ഉണ്ടായിരുന്നു, ഒരു തുള്ളിവെള്ളം പോലും കിട്ടാത്ത മരുഭൂമികളിൽ വീശിയടിക്കുന്ന ചൂടുകാറ്റിൽ നിന്നും ആഗിരണം ചെയ്തു വെള്ളത്തുള്ളികളെ ഉണ്ടാക്കാനുള്ള കഴിവ്. ശൂന്യതയിൽ നിന്നും വെള്ളത്തിന്റെ ഉറവ ഉണ്ടാക്കാനുള്ള കഴിവ്.

അതിനാണ് ഒമർ എം. യാഗിക്ക് ഇക്കൊല്ലത്തെ രസതന്ത്ര നോബൽ ലഭിച്ചത്, ഒരുകാലത്തു കടന്നുപോയ അത്രയും കഠിനമായ ഒരു ആവശ്യം മാതാവായി മാറിയ ഒരു സൃഷ്ടി.




# നിലപാടുകളുടെ രാജകുമാരൻ



റഫീല നിസാർ അഹമ്മദ്

പൃഥിരാജ് സുകുമാരന്റെ നിലപാടുകൾ പലപ്പോഴും ശ്രദ്ധേയവും ചർച്ചാവിഷയമാകാറുമുള്ള ഒന്നാണ്.... സിനിമയിലെ നിലപാടുകളും, കാഴ്ചപ്പാടുകളും തുറന്ന് പറയാൻ പലരും മടിക്കുന്നതിന്റെ കാരണം തന്നെ അവസരങ്ങൾ നഷ്ടപ്പെടുന്ന ഭയം കൊണ്ടാണ്. മലയാള സിനിമയിൽ തന്റേതായ ഒരിടം കണ്ടെത്തിയ നടനും, സംവിധായകനും, നിർമ്മാതാവും എന്ന നിലയിൽ പൃഥിരാജ് സുകുമാരന്റെ നിലപാടുകൾക്ക് വലിയ പ്രാധാന്യമുണ്ട്..

വ്യക്തിഗത ജീവിതത്തിലും സിനിമയുമായി ബന്ധപ്പെട്ട വിഷയങ്ങളിലും അദ്ദേഹം വ്യക്തമായ കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കാറുണ്ട്...

ഷെയ്ൻ തുറന്ന് പറയുന്നത് കൊണ്ട് ആള് നേരിടുന്ന തിരിച്ചടികൾ കണ്ട് കൊണ്ടിരിക്കുകയാണല്ലോ... ഇത് പക്ഷേ ഐറ്റം വേറെയാണ്...കുലുങ്ങൂല്ല...

താൻ ഒരു സിനിമ തെരഞ്ഞെടുക്കുന്നത് രാഷ്ട്രീയപരമായ കാരണങ്ങളാലല്ല, മറിച്ച് അതിന്റെ കലാപരമായ മൂല്യം മുൻനിർത്തിയാണെന്ന് അദ്ദേഹം പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്... കഥയുടെ സാധ്യത, അവതരണ രീതി, ഒരു കലാകാരനെന്ന നിലയിൽ തനിക്കുള്ള വെല്ലുവിളി എന്നിവക്കാണ് അദ്ദേഹം പ്രാധാന്യം നൽകുന്നത്...

തന്റെ വ്യക്തിപരമായ രാഷ്ട്രീയ നിലപാടുകൾ സിനിമയിലൂടെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കില്ലെന്നും അദ്ദേഹം പറയാറുണ്ട്....

മലയാള സിനിമയിൽ പുതിയ പരീക്ഷണങ്ങൾക്കും മാറ്റങ്ങൾക്കും വേണ്ടി നിലകൊള്ളുന്ന വ്യക്തിയാണ് പൃഥിരാജ്... അദ്ദേഹത്തിന്റെ പ്രൊഡക്ഷൻ കമ്പനിയായ 'പൃഥിരാജ് പ്രൊഡക്ഷൻസ്' നിർമ്മിക്കുന്ന സിനിമകൾ പലപ്പോഴും വ്യത്യസ്തമായ കഥാതന്തുക്കൾ അവതരിപ്പിക്കാറുണ്ട് (ഉദാഹരണം: 9, കുരുതി, ജന ഗണ മന).

മലയാള സിനിമയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിലും, മറ്റ് ഭാഷാ സിനിമകളിലേക്ക് കടന്നുചെല്ലുന്നതിലും അദ്ദേഹം താൽപ്പര്യം കാണിക്കുന്നു.

സാമൂഹിക വിഷയങ്ങളിലും, സിനിമാ മേഖലയിലെ പ്രശ്നങ്ങളിലും അദ്ദേഹം തുറന്ന അഭിപ്രായങ്ങൾ പറയാൻ മടികാണിക്കാറില്ല... താരപദവിക്ക് പുറമെ, ഒരു നടൻ എന്ന നിലയിലുള്ള ഉത്തരവാദിത്തത്തെക്കുറിച്ചും, സ്വയം മെച്ചപ്പെടുത്തേണ്ടതിനെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധേയമാണ്.. താരപദവിയോടുള്ള അദ്ദേഹത്തിന്റെ സമീപനം ശ്രദ്ധേയമാണ്. 'സ്റ്റാർഡം' എന്നത് തന്റെ പുറത്തുള്ള ഒന്നാണ്, അകത്ത് താൻ എപ്പോഴും മെച്ചപ്പെടാൻ ശ്രമിക്കുന്ന ഒരു കലാകാരൻ മാത്രമാണെന്നാണ് അദ്ദേഹം പലപ്പോഴും പറയാറുള്ളത്...

സ്വയം വെല്ലുവിളിക്കാനുള്ള അവസരങ്ങൾ നൽകുന്ന കഥാപാത്രങ്ങൾ തിരഞ്ഞെടുക്കുന്നത് ഇതിന്റെ ഭാഗമായാണ്... എങ്കിലും, ചില സമയങ്ങളിൽ അദ്ദേഹം എടുക്കുന്ന നിലപാടുകളും പ്രവൃത്തികളും തമ്മിൽ വൈരുദ്ധ്യമുണ്ടെന്ന് വിമർശിക്കുന്നവരും ഉണ്ട്... പൊതുവേ, സിനിമാ മേഖലയിൽ ഏറെ വിവരമുള്ള, കാര്യങ്ങൾ വ്യക്തമായി അവതരിപ്പിക്കാൻ കഴിവുള്ള, സ്വന്തം നിലപാടുകളിൽ ഉറച്ചുനിൽക്കുന്ന ഒരാളായിട്ടാണ് പൃഥിരാജ് സുകുമാരനെ വിലയിരുത്തപ്പെടുന്നത്.

# ബിയർ ലോകത്തെ രണ്ട് ചേരികൾ

Disclaimer:

*മദ്യപാനം ആരോഗ്യത്തിന് ഹാനികരം, ഏതെങ്കിലും രീതിയിൽ മദ്യപാനം പ്രോത്സാഹിപ്പിക്കുക എന്നത് ഈ ലേഖനത്തിന്റെ ലക്ഷ്യമല്ല.*





സുരേഷ് കുട്ടി

രണ്ട് സുഹൃത്തുക്കൾ ഒരുവൻ തർക്കത്തിൽ ആണ്. ഏറ്റവും നല്ല ബിയർ ഫ്ളേവർ ഏതാണ് എന്നതാണ് തർക്കം. ഒരാൾക്ക് പഴങ്ങളുടെ നേരിയ മണവും മധുരവുമുള്ള ബെൽജിയൻ ഏൽ (Belgian Ale) ആണ് ലോകത്തിലെ ഏറ്റവും മികച്ച ബിയർ. മറ്റൊരാൾ തറപ്പിച്ചു പറയുന്നു, അല്ല, ജർമ്മൻ ഗോതമ്പു ബിയറിന്റെ (Hefeweizen) എരിവും സ്പൈസിയുമായ രുചിയാണ് ഏറ്റവും കേമം.

നമ്മൾ മലയാളികൾക്ക് ലാലേട്ടനോ, മമ്മുക്കയോ കേമൻ എന്ന ദശാബ്ദങ്ങൾ പഴക്കമുള്ള തർക്കം പോലെ വിദേശ രാജ്യങ്ങളിൽ പ്രാബല്യത്തിൽ ഉള്ള ഒരു തർക്കം ആണ്, ഏതാണ് മികച്ച ബിയർ എന്നത്.

ഈ തർക്കം വെറുമൊരു ഇഷ്ടാനിഷ്ടത്തിന്റെ വിഷയമല്ല. ഈ ഇഷ്ടത്തിനു പിന്നിൽ, നൂറ്റാണ്ടുകളുടെ ചരിത്രവും, യീസ്റ്റിന്റെ ജനിതക രഹസ്യങ്ങളും, സങ്കീർണ്ണമായ രസതന്ത്രവും ഒളിഞ്ഞിരിപ്പുണ്ട്.

ബെൽജിയത്തിലെ ല്യൂവൻ സർവ്വകലാശാലയിലെ ഒരു കൂട്ടം ശാസ്ത്രജ്ഞർ ബിയർ പ്രേമികളുടെ ഈ ഇഷ്ടങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ തീരുമാനിച്ചു. ലോകമെമ്പാടുമുള്ള നൂറുകണക്കിന് ബിയർ യീസ്റ്റ് സ്ട്രെയിനുകൾ ശേഖരിച്ച്, അവ ഓരോന്നും ഉപയോഗിച്ച് ബിയർ ഉണ്ടാക്കി, ഒരു വലിയ സംഘം ആളുകളെക്കൊണ്ട് അത് രുചിപ്പിച്ചു. ബിയർ ലോകം വ്യക്തമായി രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു.

ഇത് യാദൃശ്ചികമല്ല, മറിച്ച് രണ്ട് പ്രധാന രാസവസ്തുക്കളോടുള്ള നമ്മുടെ പ്രതികരണമാണ് ഈ ചേരിതിരിവിന് കാരണം.

ബിയറിന് ആൾക്കോഹോൾ ലഹരി നൽകുന്നത് യീസ്റ്റ് ആണെന്ന് നമുക്കറിയാം. എന്നാൽ യീസ്റ്റിന്റെ ജോലി അവിടെ തീരുന്നില്ല. അവ ഓരോന്നും ബിയറിന് തനതായ മണവും രുചിയും നൽകുന്ന നൂറുകണക്കിന് രാസവസ്തുക്കൾ ഉത്പാദിപ്പിക്കുന്ന കുഞ്ഞൻ ഫാക്ടറികളാണ്. ഇത് ഉൽപ്പാദിപ്പിക്കുന്ന രണ്ട് രാസവസ്തുക്കൾ ആണ് ഈ വേർതിരിവിന്റെ പ്രധാന കാരണം.

ഒന്നാമൻ, ഐസോമൈൽ അസറ്റേറ്റ് (Isoamyl acetate). ഈ പേര് കേട്ട് പേടിക്കേണ്ട. വാഴപ്പഴത്തിന് അതിന്റെ തനതായ മണം നൽകുന്ന അതേ രാസവസ്തുവാണിത്. ഈ രാസവസ്തുവാണ് പല ബിയറുകൾക്കും പഴങ്ങളുടെയും പൂക്കളുടെയും ഒക്കെ ഹൃദ്യമായ സുഗന്ധം നൽകുന്നത്. ഈ മണം ഇഷ്ടപ്പെടുന്നവരാണ് ബിയർ ലോകത്തെ ഒന്നാം ചേരിക്കാർ. അവർ ബെൽജിയൻ സ്ട്രോങ്ങ് ഏൽ (Belgian Strong Ale) പോലുള്ള ഫ്രൂട്ടി ബിയറുകളുടെ ആരാധകരായിരിക്കും.

രണ്ടാമൻ, 4-വിനൈൽ ഗ്വായാക്കോൾ (4-Vinyl guaiacol AYhm 4-VG). ഗ്രാമ്പൂവിന് അതിന്റെ പ്രത്യേക മണം നൽകുന്നത് ഈ രാസവസ്തുവാണ്. ഇത് ബിയറിന് അല്പം എരിവും, സ്പൈസിയുമായ ഒരു ഫ്ളേവർ നൽകുന്നു. ഈ രുചി തേടിപ്പോകുന്നവരാണ് രണ്ടാം ചേരിക്കാർ. ജർമ്മൻ സ്റ്റൈൽ ഗോതമ്പ് ബിയറുകളാണ് ഇവരുടെ തട്ടകം.

അപ്പോൾ എങ്ങനെയാണ് ചില യീസ്റ്റുകൾ വാഴപ്പഴത്തിന്റെ മണവും മറ്റുചിലത് ഗ്രാമ്പൂവിന്റെ മണവും ഉണ്ടാക്കുന്നത്?

ഉത്തരം യീസ്റ്റിന്റെ ജീനുകളിലാണ്. POF1 (Phenolic Off - Flavor) എന്നൊരു ജീനാണ് ഇവിടത്തെ വില്ലനും നായകനും. ഈ ജീൻ ആക്ടീവായ യീസ്റ്റുകൾ ഗ്രാമ്പൂവിന്റെ മണമുള്ള 4-VG ഉത്പാദിപ്പിക്കും. എന്നാൽ നൂറ്റാണ്ടുകൾക്ക് മുൻപ്, യൂറോപ്പിലെ ബ്രൂവർമാർ തങ്ങൾക്കിഷ്ടപ്പെട്ട രുചിയുള്ള ബിയർ വീണ്ടും വീണ്ടും ഉണ്ടാക്കാൻ ശ്രമിച്ചപ്പോൾ, അവർ അറിയാതെ ഒരു ജനിതക തിരഞ്ഞെടുപ്പ് നടത്തുകയായിരുന്നു. ഗ്രാമ്പൂവിന്റെ ചുവ ഇഷ്ടമല്ലാത്ത ചില ബ്രൂവർമാർ, ആ രുചിയില്ലാത്ത ബിയറുണ്ടാക്കുന്ന യീസ്റ്റുകളെ വീണ്ടും ഉപയോഗിച്ചു. കാലക്രമേണ, ആ യീസ്റ്റ് സ്ട്രെയിനുകളിൽ POF1 ജീൻ പ്രവർത്തനരഹിതമായി. ഗ്രാമ്പൂവിന്റെ മണമില്ലാത്ത, പഴങ്ങളുടെ മണമുള്ള ബിയറുകൾ അങ്ങനെ ഉണ്ടായി.

ഒരാൾ ഒരു ഫ്രൂട്ടി ബിയർ തിരഞ്ഞെടുക്കുമ്പോൾ അത് നൂറ്റാണ്ടുകൾക്ക് മുൻപ് ഏതോ ബ്രൂവർ നടത്തിയ ഒരു തിരഞ്ഞെടുപ്പിന്റെ ഭാഗമാകുകയാണ്.

ബിയർ സ്നേഹികളുടെ ലോകത്തെ ഈ തർക്കവും അന്തമില്ലാതെ തുടരുന്നു.

# ജോസഫൈൻ


വള്ളുവനാടൻ
(ജോയി എബ്രഹാം)
ISRO മുൻ ശാസ്ത്രജ്ഞൻ

നിന്നെക്കുറിച്ചുള്ള ചിന്തകൾ
മരിക്കുമീ ഡിസംബറിൻ
തണുപ്പിലുറഞ്ഞ സന്ധ്യയുടെ
പുകമഞ്ഞിൽ മൂടിയ ഓർമ്മകൾ.
നിന്നിൽ നിറഞ്ഞു ഞാനുണർന്ന
തണുപ്പിന്റെ ദിനങ്ങൾ
ഓർമ്മിക്കൂ ജോസഫൈൻ.

അന്നു നാം പങ്കിട്ട
തണുപ്പിന്റെ സായാഹ്നങ്ങൾ
എന്റെ ഇന്ദ്രിയങ്ങളെയിന്നും
പ്രക്ഷുബ്ദമാക്കുന്നു.
നിന്റെ ചുണ്ടുകളുടെ
നുനുത്ത തണുപ്പിൽനിന്നും
കനലെരിയുന്ന
എന്റെയും നിന്റെയും ഉടലിൻ
ഊർന്നിറങ്ങിയ മഞ്ഞിൻ
കണങ്ങൾ നൽകിയ
തണുപ്പിൻ ദിനങ്ങൾ
ഓർമ്മിക്കൂ ജോസഫൈൻ.

ഇന്നലെവരെ നമ്മളായിരുന്നവർ
അന്ന് ഞാൻ നീയായിരുന്നു
നീ ഞാനും;
ഇന്നിതെന്തിങ്ങനെ
ഞാൻ ഞാനാകാൻ,
നീ നീയാകാൻ?
വെട്ടി മാറ്റപ്പെട്ട കരിമ്പന കൂട്ടത്തിൻ
നിഴലുകൾ ഇണചേരുമ്പോൾ
കാതോർക്കുന്ന നിലവിളികൾ
എന്റെയും നിന്റെയും രതിയുടെ
സീൽക്കാരങ്ങൾ ആയിരുന്നോ.?
തണുപ്പിന്റെ ദിനങ്ങൾ ഒരിക്കൽക്കൂടി
ഓർമ്മിക്കൂ, ജോസഫൈൻ.
നിഴലുകൾ വഴിമാറി
ഒഴുകുന്നതിൻ മുന്നേ.!

# കൊതി


സുജാത ശ്രീപദം

ശ്വാസം മുട്ടിച്ചു കൊന്നയെന്റെ
ഓർമ്മകളെ നിന്നിൽ
നിമഞ്ജനം ചെയ്തിട്ടുമൊരു
വേറിടാബാധപോലെ
നീയെന്നിൽ
ഉയർന്നെണീക്കുന്നതെന്തിന്.
രക്തം ഛർദ്ദിച്ച്
ആഴിയിലേക്കാണ്ട് പോയിട്ടും
നീറുന്ന ചിന്തകളായെന്നിൽ
നീയലയടിക്കുന്നതെന്തിന്.
വരിമറന്ന ശീലുകളെന്തിനായ്
കടൽക്കാറ്റെന്നിൽ മൂളിടുന്നു.
എന്നിട്ടുമെന്നിട്ടും
ചോരക്കനത്തോടെ നീ
മറുതീരത്തെത്തി
നോക്കുന്നതും കാത്ത്
ഉറങ്ങാതിരുട്ടിലേ
ക്കൊരുന്മാദിനിയായ്
നരച്ച കണ്ണും തുറന്നൊരു
തുള്ളി വെള്ളിവെളിച്ചം
ഒരസ്ത്രമായെന്നിലാഞ്ഞു
തറയ്ക്കുന്ന നേരം
ആകാശത്തിലമിട്ട്
പൊട്ടിത്തകർന്നവനിയിലും
പൂത്തിരികത്തിക്കും നാളിനെ
എന്തിന് വീണ്ടും കൊതിക്കുന്നി
തെൻ നീർമിഴികൾ.

# കെഎച്ച്എൻഎ അധികാരക്കൈമാറ്റം വൻ ആഘോഷമാക്കി

സുരേന്ദ്രൻ നായർ

ഫ്ളോറിഡ: കെഎച്ച്എൻഎയുടെ പതിനാലാമത് പ്രസിഡണ്ടായി ചരിത്രവിജയം നേടിയ ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിലുള്ള ഭരണസമിതിക്കുള്ള അധികാരക്കൈമാറ്റം വിവിധ ആഘോഷപരിപാടികളോടെ ടാമ്പായിൽ പൂർണ്ണമായി. അവിട്ടം നക്ഷത്രവും ഏകാദശിവ്രതവും സംഗമിച്ച വെള്ളിയാഴ്ചയുടെ സായംസന്ധ്യയിൽ ടാമ്പാ അയ്യപ്പക്ഷേത്ര സന്നിധിയിൽ അനുഗ്രഹപൂജയും ആരതിയും അർപ്പിച്ചുകൊണ്ട് സംഗമത്തിനു തിരശ്ശീല ഉയർന്നു. സമീപത്തുള്ള റമദാ വെസ്റ്റ്ഷോർ ബാങ്ക്വറ്റ് ഹാളിൽ അടുത്തദിവസം ഭാരവാഹികൾ ഭദ്രദീപം തെളിച്ചതോടെ കാര്യപരിപാടികൾക്ക് തുടക്കമായി.





ഔപചാരികമായ അധികാരക്കൈമാറ്റത്തിനു മുൻപ് സെമിനാർ നടന്നു. സനാതന ധർമ്മ പ്രചാരണരംഗത്ത് വടക്കൻ അമേരിക്കയിൽ കാൽനൂറ്റാണ്ട് പിന്നിട്ട കെഎച്ച്എൻഎയുടെ തുടക്കവും കടന്നുവന്ന വഴികളും വർത്തമാനകാല വെല്ലുവിളികളും അടുത്ത ദശകത്തിലേക്കുള്ള പ്രവർത്തനരേഖകളുമായിരുന്നു വിഷയം. പുതുതായി തെരഞ്ഞെടുക്കപ്പെട്ടവർക്കും അനുഭാവികൾക്കും സംഘടനാസംബന്ധമായ അറിവും അച്ചടക്കവും പകർന്നു നല്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. നിയന്ത്രിതവും നിശ്ചിതമായ അജണ്ടകളിൽ ഒതുക്കപ്പെട്ടവയുമാകയാൽ സംഘാടകർ അതിനെ കോൺക്ലേവ് എന്നാണ് നാമകരണം ചെയ്തിരുന്നത്.

പുതിയ പ്രസിഡണ്ട് ഉണ്ണികൃഷ്ണന്റെ ഹൃദ്യമായ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച കോൺക്ലേവിൽ മുൻ പ്രസിഡണ്ട് സുരേന്ദ്രൻ നായർ മുഖ്യപ്രഭാഷണം നടത്തി. വടക്കെ അമേരിക്കയിലെ വിവിധ പട്ടണങ്ങളിൽ ചിതറിക്കിടന്നിരുന്ന ഹൈന്ദവകുടുംബങ്ങളെയും ഹിന്ദുകൂട്ടായ്മകളെയും ധർമ്മസംരക്ഷണാർത്ഥം ഒന്നിപ്പിക്കണമെന്ന ജഗത്ഗുരു സ്വാമി സത്യാനന്ദ സരസ്വതിയുടെ നിരന്തരമായ ആഹ്വാനം ഏറ്റെടുത്ത ഡാളസിലെ ഹിന്ദു സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ അനുസ്മരിച്ചുകൊണ്ടാണ് സംഘടനാ ചരിത്രത്തിന്റെ താളുകൾ പ്രഭാഷകൻ മറിച്ചു തുടങ്ങിയത്.

രണ്ടായിരാമാണ്ടിൽ ഭാസി നായരുടെ അദ്ധ്യക്ഷതയിൽ ചേർന്ന കെഎച്ച്എസിന്റെ പൊതുയോഗം അടുത്ത വർഷം നോർത്ത് അമേരിക്കൻ മലയാളി ഹിന്ദു അസോസിയേഷൻ എന്ന പേരിൽ ഒരു ദേശീയ സംഘടനാ രൂപീകരണവും ഒരു ഹിന്ദു സംഗമവും ലക്ഷ്യമിട്ടുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് പതിനായിരം ഡോളറിന്റെ പ്രാരംഭഫണ്ടും നേതൃനിരയും രൂപീകരിച്ചു. സംഘടനാ സംസ്ഥാപനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത മന്മഥൻ നായർ (ചെയർമാൻ), ടി.എൻ. നായർ, ഗംഗാധരൻ ആല, ഗോപാലപിള്ള (വൈസ് ചെയർമാൻമാർ), സജി നായർ (സെക്രട്ടറി), ഹരിദാസൻ പിള്ള (ട്രഷറർ) എന്നിവർ നടത്തിയ നിസ്വാർത്ഥ പ്രവർത്തനത്തെയും ചെയർമാനും വൈസ് ചെയർമാൻമാരും നടത്തിയ നിരന്തര യാത്രകളെയും തുടർന്ന് 2001 ഏപ്രിൽ 13 മുതൽ 15 വരെയുള്ള വിഷു ആഘോഷവേളയിൽ ഡാളസിൽ ഒരു ദേശീയ ഹിന്ദു സമ്മേളനം സാദ്ധ്യമായി. അവിടെവെച്ച് മുനി നാരായണ പ്രസാദ്, ആചാര്യ അപർണ്ണ ചൈതന്യ (ചിന്മയ മിഷൻ) എന്നിവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ സ്വാമി സത്യാനന്ദ സരസ്വതി ഭദ്രദീപം തെളിച്ച് അമേരിക്കൻ മലയാളി ഹിന്ദുക്കൾക്ക് ഒരു സംഘടന എന്ന ചിരകാല സ്വപ്നം സാക്ഷാത്കരിച്ചു.






ഡാളസിൽ നിന്ന് ഹൂസ്റ്റണിലേക്ക് ശശിധരൻ നായരുടെ നേതൃത്വത്തിൽ രണ്ടാം കൺവൻഷൻ എത്തിയപ്പോൾ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക എന്ന പേരിൽ സംഘടന വ്യവസ്ഥാപിതമായി രജിസ്റ്റർ ചെയ്യപ്പെടുകയും തുടർച്ച ഉറപ്പാക്കുകയും ചെയ്തു. ഹൂസ്റ്റണിൽ നിന്ന് ചിക്കാഗോയിലേക്കും തുടർന്ന് രാജ്യത്തിന്റെ വിവിധ പട്ടണങ്ങളിലേക്കും കൺവൻഷനുകളും ഹൈന്ദവ ശാക്തീകരണങ്ങളും വിജയകരമായി പൂർത്തീകരിച്ചു. പതിനാലാമത് ആഗോള ഹൈന്ദവ സംഗമത്തിനായി ഫ്ളോറിഡ വേദിയാകുമ്പോൾ പിന്നിട്ട പ്രവർത്തന വഴികളിലെ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും കോൺക്ലേവ് ആഴമുള്ള ചർച്ചയ്ക്ക് വിധേയമാക്കി.

ഭാരതീയ മുഖ്യസങ്കല്പങ്ങളെയും വൈദികദർശനങ്ങളെയും അമേരിക്കൻ ഭൂമികയിൽ സംരക്ഷിക്കുക എന്ന ചരിത്രപരമായ നിയോഗം ഏറ്റെടുത്തു മുന്നോട്ടു വന്നിരിക്കുന്ന പുതിയ നേതൃത്വം തികഞ്ഞ ജനാധിപത്യ ബോധത്തോടെയും പരസ്പര ബഹുമാനത്തോടെയും പ്രവർത്തിച്ച് സംഘശക്തിയുടെ അടുത്ത ഘട്ടത്തിലേക്ക് സംഘടനയെ എത്തിക്കുമെന്ന പ്രത്യാശയോടെ മുൻ പ്രസിഡണ്ട് ഉപസംഹരിച്ചു.

ധാർമ്മികതയും പങ്കാളിത്തവും പരസ്പര പൂരകമാകുന്ന ഒരു തെരഞ്ഞെടുപ്പ് പരിഷ്കരണവും പ്രവർത്തനവഴികളിൽ കാലോചിതമായി വരുത്തേണ്ട മാറ്റങ്ങളും ഉൾപ്പെടുത്തി സ്ഥാനമൊഴിയുന്ന ട്രഷറർ രഘുവരൻ നായർ അടുത്ത വിഷയാവതരണം നടത്തി. തുടർന്ന് കൗമാരം പിന്നിട്ടു യുവത്വത്തിലേക്കു കടക്കുന്ന അമേരിക്കൻ മണ്ണിൽ ജനിച്ചു വളരുന്ന യുവതീയുവാക്കളെ സംഘടനയിലേക്ക് ആകർഷിക്കുന്നതിനായി നടപ്പിലാക്കേണ്ട കർമ്മപദ്ധതികളെക്കുറിച്ച് സിൽവർ ജൂബിലി കൺവൻഷൻ ചെയർമാൻ സുനിൽ പൈഗോൾ സംസാരിച്ചു. കോൺക്ലേവിന്റെ സമാപനം കുറിച്ചുകൊണ്ട് സംസാരിച്ച നിയുക്ത സെക്രട്ടറി സിനു നായർ മൂല്യാധിഷ്ഠിത കുടുംബസങ്കല്പവും കുഞ്ഞുങ്ങളെ കൂടെക്കൂട്ടിയുള്ള മുന്നേറ്റവും മനോഹരമായി പ്രതിപാദിച്ചു.



ഉച്ചയ്ക്കുശേഷം ട്രസ്റ്റി ബോർഡിന്റെ നിയന്ത്രണത്തിൽ നടന്ന അധികാരക്കൈമാറ്റ യോഗം കർണാടക സംഗീതരംഗത്ത് അമേരിക്കയിൽ ശ്രദ്ധേയമായ ഹരി കോയിപ്പള്ളിയുടെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ചു. സുധ കർത്ത സ്വാഗതം ആശംസിച്ചു. ട്രസ്റ്റി ബോർഡ് ചെയർമാൻ ഗോപിനാഥക്കുറുപ്പ്, എക്സിക്യൂട്ടീവ് ചെയർ പേഴ്സൺ ഡോ. രഞ്ജിനി പിള്ള, പ്രസിഡണ്ട് ഡോ. നിഷ പിള്ള, ട്രസ്റ്റി സെക്രട്ടറി രതീഷ് നായർ, നിയുക്ത ചെയർ പേഴ്സൺ വനജ നായർ എന്നിവർ സംസാരിച്ചു.

നിയമാനുസൃതമായി പ്രസിഡണ്ട് ഡോ. നിഷ പിള്ള പുതിയ പ്രസിഡണ്ട് ഉണ്ണികൃഷ്ണന് സംഘടനയുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള കോർപറേറ്റ് രേഖകൾ കൈമാറി. സെക്രട്ടറി മധു ചെറിയേടത്ത് സംഘടനാ രജിസ്റ്ററുകൾ സിനു നായർക്കും ട്രഷറർ രഘുവരൻ നായർ ഫിനാൻഷ്യൽ രേഖകൾ നിയുക്ത ട്രഷറർ അശോക് മേനോനും കൈമാറി. ട്രസ്റ്റി ബോർഡിന്റെ രേഖകൾ രതീഷ് നായരിൽ നിന്ന് സെക്രട്ടറി ഡോ. സുധീർ പ്രയാഗയും ട്രസ്റ്റി ബോർഡിന്റെ സഞ്ചിതനിധിയുടെ ബാങ്ക് വിവരങ്ങൾ ഗോപിനാഥക്കുറുപ്പിൽ നിന്ന് വനജ നായരും സ്വീകരിച്ചു. അനന്തരം സംസാരിച്ച പ്രസിഡണ്ട് ഉണ്ണികൃഷ്ണൻ തന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയെ വിജയിപ്പിച്ച അംഗങ്ങളോടും സ്ഥാനമൊഴിഞ്ഞ ഭാരവാഹികളോടും നന്ദി പറഞ്ഞു. വൈസ് പ്രസിഡണ്ട് സഞ്ജീവ് കുമാർ, ജോ. സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോ. ട്രഷറർ അപ്പുക്കുട്ടൻപിള്ള, തെരഞ്ഞെടുക്കപ്പെട്ട ബോർഡ് അംഗങ്ങൾ എന്നിവരെയും പിന്നാലെ പരിചയപ്പെടുത്തി.

നാലു വർഷത്തെ സേവനം പൂർത്തിയാക്കി പടിയിറങ്ങിയ ജുഡീഷ്യൽ കൗൺസിൽ ചെയർമാൻ അനിൽകുമാർ പിള്ള സേവനകാലത്തെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും പുതുതായി കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സുധ കർത്ത, ഗോപാലൻ നായർ, രാമദാസ് പിള്ള എന്നിവർ ഉൾപ്പെടെയുള്ള പുതിയ ഭാരവാഹികൾക്ക് ആശംസയർപ്പിക്കുകയും ചെയ്തു. രണ്ട് ദിവസമായി നടന്ന പരിപാടികളിൽ ക്ഷണിക്കപ്പെട്ട ഇരുനൂറ്റിയമ്പതിലധികം പ്രതിനിധികൾ പങ്കെടുത്തു. ചടങ്ങിൽ അമ്പതിനായിരത്തിലധികം ഡോളർ സീഡ് മണി സമാഹരിക്കാനായത് പ്രതിനിധികളിൽ കൂടുതൽ ഉത്സാഹം ജനിപ്പിച്ചു.

സെക്രട്ടറി സിനു നായരുടെ നന്ദി പ്രകാശനത്തിനുശേഷം ആത്മ കുടുംബാംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികളോടെ ചടങ്ങുകൾക്ക് തിരശ്ശീല വീണു.

# ആശാ തോമസ് മാത്യുവിന് ഇന്ത്യ പ്രസ്‌ക്ലബിന്റെ വിമൻ എംപവർമെന്റ് അവാർഡ്

ന്യൂജേഴ്സി: വനിതാ നേതൃത്വത്തെയും സാമൂഹിക പങ്കാളിത്തത്തെയും പുതിയ ഉയരങ്ങളിലെത്തിച്ച ആശാ തേമസ് മാത്യുവിന് ഇന്ത്യ പ്രസ്‌ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐപിസിഎൻഎ) ഈ വർഷത്തെ വിമൻ എംപവർമെന്റ് അവാർഡ്.

എഡിസണിലെ ഷെറാട്ടൺ ഹോട്ടലിൽ നടന്ന 11-ാം അന്താരാഷ്ട്ര മീഡിയ കോൺഫറൻസിന്റെയും അവാർഡ് നൈറ്റിന്റെയും വേദിയിൽ എൻ.കെ. പ്രേമചന്ദ്രൻ എംപി അവാർഡ് സമ്മാനിച്ചു.

ഇന്ത്യ പ്രസ്‌ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ജോയിന്റ് സെക്രട്ടറിയായും ഫോമാ വിമൻസ് ഫോറത്തിന്റെ സെക്രട്ടറിയായും ഒരേസമയം സ്തുത്യർഹമായ പ്രവർത്തനമാണ് ഈ വനിതാരത്നം കാഴ്ചവെക്കുന്നത്. രണ്ട് പ്രമുഖ സംഘടനകളുടെ ദേശീയ എക്സിക്യൂട്ടീവ് ബോർഡുകളിൽ ഒരേസമയം സേവനമനുഷ്ഠിക്കുന്ന അപൂർവ ബഹുമതി.

ടിവി ആങ്കറും പ്രോഗ്രാം പ്രൊഡ്യൂസറുമായ ആശാ തോമസ് മാത്യുവിന്റെ മാധ്യമജീവിതം സമർപ്പണത്തിന്റെയും സൃഷ്ടിപരതയുടെയും ഉദാഹരണമാണ്. കൈരളി ടിവിയിൽ ന്യൂസ് ആങ്കറായ ആശ, നേരത്തെ ഏഷ്യാനെറ്റിൽ അമേരിക്കൻ കാഴ്ച എന്ന പരമ്പരയുടെ ആങ്കറും കണ്ടന്റ് ക്രിയേറ്ററുമായും പ്രവർത്തിച്ചു.

ഐപിസിഎൻഎ സംഘടിപ്പിച്ച കൊച്ചി മീഡിയ അവാർഡ് നൈറ്റ് മുതൽ എഡിസണിലെ അന്താരാഷ്ട്ര സമ്മേളനം വരെ അവരുടെ നേതൃത്വം





പ്രസ്‌ക്ലബ് പ്രവർത്തനത്തിൽ ശക്തമായ കൈയൊപ്പ് പതിച്ചിട്ടുണ്ട്. പ്രൊഫഷണലിസവും സർഗാത്മകതയും സംയോജിപ്പിക്കാനുള്ള അവരുടെ കഴിവ് ചുറ്റുമുള്ളവരെ പ്രചോദിപ്പിക്കുന്നു.

ഏല്പിക്കുന്ന കാര്യങ്ങൾ കൃത്യമായും ആത്മാർത്ഥതയോടെയും ചെയ്യുന്നതിൽ എന്നും ശ്രദ്ധിക്കുന്നതായി ആശ പറയുന്നു. ടീം ഏതാണെന്നു നോക്കാറില്ല. പ്രസ്‌ക്ലബിൽ പ്രസിഡണ്ട് സുനിൽ ട്രസ്റ്റാറിനും മറ്റുള്ളവർക്കുമൊപ്പം പ്രോഗ്രാമുകളും സെമിനാറുകളുമെല്ലാം സംഘടിപ്പിക്കുന്നതിന് സജീവമായി പ്രവർത്തിച്ചു. അതിനുള്ള ഒരു അംഗീകാരം കൂടിയാണ് ഈ ബഹുമതി. ഐടി രംഗത്തെ തന്റെ ബായ്ക്ക്ഗ്രൗണ്ടും ഏറെ സഹായിച്ചു.

കേരള മീഡിയ അക്കാഡമിയിൽ ഐപിസിഎൻഎയെ പ്രതിനിധീകരിക്കാൻ കഴിഞ്ഞതും അഭിമാനകരമായി. പ്രശസ്ത സംവിധായകൻ സിബി മലയിൽ അവിടെവെച്ച് പൊന്നാട അണിയിച്ച് ആദരിച്ചതും ഓർമ്മയിൽ എന്നും നിലനിൽക്കും.

മാധ്യമരംഗത്തും സാമൂഹിക രംഗത്തും വർഷങ്ങളായി സജീവ സാന്നിദ്ധ്യമായ അവർ നേതൃത്വം, ആത്മവിശ്വാസം, ദർശനം എന്നീ മൂല്യങ്ങൾ കൊണ്ട് ഒരുപാട് സ്ത്രീകൾക്ക് പ്രചോദനമായിട്ടുണ്ട്. വനിതകളുടെ വളർച്ചയ്ക്കും പങ്കാളിത്തത്തിനും വേണ്ടിയുള്ള നിരവധി പദ്ധതികൾക്ക് അവർ നേതൃത്വം നല്കി. വനിതാ ശാക്തീകരണത്തിന് പ്രായോഗിക ദിശയും പുതിയ അവസരങ്ങളുമൊരുക്കാൻ അവർ എക്കാലവും ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.


പ്രൊഫഷണലിസത്തെയും മാനവികതയെയും ചേർത്തുനിർത്തുന്ന ഒരാൾ എന്നാണ് സഹപ്രവർത്തകർ അവരെ വിശേഷിപ്പിക്കുന്നത്. തന്റെ മൂല്യബോധവും ആത്മവിശ്വാസവും വളർത്തിയെടുത്ത് കോഴിക്കോട് സെന്റ് ജോസഫ്സ് ആംഗ്ലോ ഇന്ത്യൻ ഗേൾസ് ഹൈസ്കൂളിനും മാതാപിതാക്കൾക്കും കുടുംബത്തിനും ആശ തന്റെ അവാർഡ് സമർപ്പിച്ചു. ഭർത്താവ് സിബു. മക്കൾ നെസ്സ, ടിയ എന്നിവരാണ് തന്റെ ഏറ്റവും വലിയ പ്രചോദനശക്തിയെന്നും പറഞ്ഞു. മിനസോട്ടയിലാണ് കുടുംബം താമസിക്കുന്നത്.

ആധുനിക സ്ത്രീകൾക്ക് മാതൃകയാണ് ആശയുടെ പ്രവർത്തനങ്ങൾ. പ്രൊഫഷണൽ കരിയറിനെയും വ്യക്തിപരമായ അഭിനിവേശങ്ങളെയും ഒരുമിച്ചു കൊണ്ടുപോകുന്ന മികവ് മറ്റുള്ളവരുമായി ഇടപഴകുന്നതിലും ആത്മവിശ്വാസത്തോടെ നയിക്കുന്നതിലും കൂട്ടായ പുരോഗതിക്ക് പ്രചോദനം നല്കുന്നതിലും അവർ വിശ്വസിക്കുന്നു. നാം തന്നിൽ തന്നെ വിശ്വസിക്കുകയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും പിന്തുണ ലഭിക്കുകയും ചെയ്യുമ്പോൾ എന്തും സാധ്യമാണെന്ന് ആശ ഊന്നിപ്പറയുന്നു. ഈ അംഗീകാരം വ്യക്തിപരമായ നാഴികക്കല്ല് മാത്രമല്ല, ലക്ഷ്യത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും ശാക്തീകരണത്തിന്റെയും ആഘോഷമാണ്. അർപ്പണബോധം ലക്ഷ്യത്തെ നിറവേറ്റുമ്പോൾ വിജയം സ്വാഭാവികമായും പിന്തുടരുമെന്ന വിശ്വാസത്തിന്റെ തെളിവാണ് ഇത്.

# ലാനയുടെ നോർത്ത് അമേരിക്കാ ത്രിദിന സമ്മേളനം ഡാളസിൽ ഒക്.31 മുതൽ

**പി.പി. ചെറിയാൻ**

ഡാളസ്: ഡാളസ്സിൽ ഒക്ടോബർ 31, നവംബർ 1, 2 തീയതികളിൽ 2025-ലെ ലാന (ലിറ്ററി അസോസിയേഷൻ ഓഫ് നോർത്തമേരിക്ക) ദ്വൈവാർ



ഷിക ത്രിദിന സമ്മേളനം സംഘടിപ്പിക്കുന്നു. സമ്മേളനത്തിൽ സുനിൽ പി. ഇളയിടം മുഖ്യാതിഥിയായി പങ്കെടുക്കും. സുനിൽ പി. ഇളയിടം ഒരു ഇന്ത്യൻ എഴുത്തുകാരനും നിരൂപകനും വാഗ്മിയും മലയാള ഭാഷയിലെ യൂണിവേഴ്സിറ്റി പ്രഫസറുമാണ്. രാഷ്ട്രീയം, സാഹിത്യം, കല, സംസ്കാരം എന്നീ വിഷയങ്ങളിൽ അദ്ദേഹം എഴുതുകയും പ്രഭാഷണം നടത്തുകയും ചെയ്യുന്നു. കേരള ലളിതകലാ അക്കാദമി അവാർഡും രണ്ടുതവണ കേരള സാഹിത്യ അക്കാദമി അവാർഡും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

ഡാളസിലെ കേരളാ ലിറ്ററി സൊസൈറ്റി ആതിഥേയത്വം വഹിക്കുന്ന ത്രിദിന സമ്മേളനത്തിൽ ഡോ. എം. വി. പിള്ള, നിരൂപകൻ സജി ഏബ്രഹാം തുടങ്ങിയവർ പ്രധാന അതിഥികളായി പങ്കെടുക്കുന്നു. മലയാള സാഹിത്യ ചർച്ചകളിൽ മുഴുകാനും സാഹിത്യാസ്വാദക സൗഹൃദങ്ങൾ വളർത്തിയെടുക്കാനും ഒപ്പം വിവിധ കലാപരിപാടികളും കാണുവാനും കേരള വിഭവങ്ങൾ ആസ്വദിക്കുവാനും ലാനയുടെ സമ്മേളനം ഒരുങ്ങിയിരിക്കുന്നു.

അമേരിക്കയിലെ എല്ലാ മലയാള സാഹിത്യപ്രേമികളെയും ലാനയും കേരളാ ലിറ്ററി സൊസൈറ്റിയും ഹാർദ്ദമായി മലയാളികളുടെ സാംസ്കാരിക നഗരമായ ഡാളസിലേക്ക് സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു. എംഎസ്ടി/തെക്കേമുറി നഗറിലാണ് സമ്മേളനത്തിനു വേദിയൊരുക്കിയിരിക്കുന്നത്.

അമേരിക്കയിൽ മലയാള ഭാഷയെ, ഭാഷാസാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടായിരുന്നു ഒരു കേന്ദ്ര സാഹിത്യ സംഘടന എന്ന ആശയം രൂപപ്പെട്ടത്. അതിനായി അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലെ സാഹിത്യകാരന്മാർ സാഹിത്യ പ്രബോധനക്കാർ എല്ലാവരും കൂടി കൈകോർത്താണ് കേന്ദ്ര സാഹിത്യ സംഘടനയായ ലാന രൂപീകരിച്ചത്.

കേരളാ ലിറ്ററി സൊസൈറ്റി ഡാളസ് ഭാരവാഹികളായ എംഎസ്ടി നമ്പൂതിരി, ഏബ്രഹാം തെക്കേമുറി, ഏബ്രഹാം തോമസ്, ജോസഫ് നമ്പിമഠം തുടങ്ങിയവർ മുൻകൈയെടുത്തു പ്രവർത്തിച്ചു. കെഎൽഎസ് പ്രവർത്തകരായ ഇവരൊക്കെ മുൻകാലങ്ങളിൽ ലാനയുടെ പ്രസിഡണ്ടുമാരായി സംഘടനയെ നയിച്ചിട്ടുമുണ്ട്. ഇപ്പോഴത്തെ പ്രസിഡണ്ട് ശങ്കർ മനയും (ടെന്നീസി) സെക്രട്ടറി സാമുവൽ പനവേലിയും (ടെക്സസ്) ട്രഷറർ ഷിബു പിള്ള (ടെന്നീസി), മാലിനി (ന്യൂയോർക്ക്), ജോൺ കൊടിയൻ (കാലിഫോർണിയ), ഹരിദാസ് തങ്കപ്പൻ (ഡാളസ്) എന്നിവരാണ്.




# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# GREEN NESTLE VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

# B&M AUTO COLLISION CTR

Fast & Efficient
Quality Repair
We work with all Insurance Companies





Call Anish Eapen
773-263-9863

4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# ഫൊക്കാന ന്യൂയോർക്ക് അപ്സ്റ്റേറ്റ് റീജിയണൽ കൺവൻഷന്റെ ഫ്ളയർ പ്രകാശനം ചെയ്തു

ന്യൂയോർക്ക്: ഒക്ടോബർ 25-ന് ശനിയാഴ്ച റോക്ക്ലാൻഡ് കൗണ്ടിയിലെ ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് (400 Willow Grove Road, Stoney Point, Rockland County) നടത്തുന്ന ഫൊക്കാന ന്യൂയോർക്ക് അപ്സ്റ്റേറ്റ് റീജിയണൽ കൺവൻഷന്റെ ഫ്ളയർ കൊല്ലം എംപി എൻ.കെ. പ്രേമചന്ദ്രൻ, റാന്നി എംഎൽഎ പ്രമോദ് നാരായൺ, മാധ്യമ പ്രവർത്തകരായ ജോണി ലൂക്കോസ് (മലയാള മനോരമ), ലീൻ ജസ്മാസ് (ചാനൽ 18), മോത്തി രാജേഷ് (മാതൃഭൂമി ചാനൽ) എന്നിവർ ചേർന്ന് പ്രകാശനം ചെയ്തു.



ഫൊക്കാനയുടെ പല കൺവൻഷനുകളിലും പങ്കെടുത്തിട്ടുണ്ടെങ്കിലും ഈ അടുത്തകാലത്ത് ഫൊക്കാനയ്ക്ക് ഉണ്ടായ ഒരു ഉണർവ് എടുത്തു പറയേണ്ടതാണെന്ന് എൻ.കെ. പ്രേമചന്ദ്രൻ എംപി അഭിപ്രായപ്പെട്ടു. പഴയ ട്രഡീഷണൽ ആയ പ്രവർത്തനങ്ങളോടൊപ്പം പുത്തൻ ആശയങ്ങളും പുതിയ തലമുറയെയും ഉൾക്കൊണ്ട് മുന്നോട്ടു പോകുന്ന പ്രവർത്തന ശൈലിയെ അദ്ദേഹം പ്രശംസിച്ചു. ന്യൂയോർക്ക് റീജിയന്റെ കൺവൻഷന് എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് പ്രമോദ് നാരായൺ എംഎൽഎയും മാധ്യമ പ്രവർത്തകരായ ജോണി ലൂക്കോസ്, ലീൻ ജസ്മാസ്, മോത്തി രാജേഷ് എന്നിവരും സംസാരിച്ചു.

ഫൊക്കാന റീജിയണൽ കൺവൻഷനോട് അനുബന്ധിച്ച് ഫുഡ് ഫെസ്റ്റിവൽ, യൂത്ത് ഫെസ്റ്റിവൽ, സ്പെല്ലിങ് ബീ കോമ്പറ്റീഷൻ, ചീട്ടുകളി മത്സരം, ഫൊക്കാന കിക്കോഫ് തുടങ്ങിയ നിരവധി പരിപാടികളോടെയാണ് റീജിയണൽ കൺവൻഷൻ ചിട്ടപ്പെടുത്തിയിട്ടുള്ളത്. വൈകിട്ട് നടക്കുന്ന പൊതു സമ്മേളനത്തിൽ ഫാ. ഡേവീസ് ചിറമേൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നതോടൊപ്പം മറ്റ് പ്രമുഖ വ്യക്തികളും പങ്കെടുക്കും.

രാവിലെ 10 മണി മുതൽ ആരംഭിക്കുന്ന ഫുഡ്ഫെസ്റ്റിവൽ വൈവിധ്യമാർന്ന രുചികളെ വിവിധ ഇന്ത്യൻ റെസ്റ്റോറന്റുകൾ ഒരുമിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന എന്ന പ്രത്യേകത കൂടി ഈ ഫുഡ് ഫെസ്റ്റിവലിനുണ്ട്. രുചിമുകുളങ്ങളെ ത്രസിപ്പിക്കാൻ നമ്മൾ എല്ലാവരും ഒത്തുകൂടുമ്പോൾ നിങ്ങളും ഉണ്ടാകണം.

കൂടാതെ 3 മണി മുതൽ കുട്ടികളുടെ കലോത്സവം, കണ്ണഞ്ചിപ്പിക്കുന്ന വിവിധ കലാപരിപാടികൾ തുടങ്ങി നിരവധി പരിപാടികൾ ഉൾപ്പെടുത്തിയാണ് റീജിയണൽ കൺവൻഷൻ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

റീജിയണൽ കൺവൻഷന്റെ പ്രവർത്തനങ്ങൾക്കായി റീജിയണൽ വൈസ് പ്രസിഡണ്ട് ആന്റോ വർക്കി, റീജിയണൽ കോ-ഓർഡിനേറ്റർ ഷീല ജോസഫ്, റീജിയണൽ സെക്രട്ടറി അഭിലാഷ് പുളിക്കത്തൊടി, റീജിയണൽ ട്രഷറർ ഷൈമി ജേക്കബ്, റീജിയണൽ ജോ. സെക്രട്ടറി സാജൻ മാത്യു, റീജിയണൽ സ്പോർസ് കോ-ഓർഡിനേറ്റർ ലിജോ ജോൺ, യൂത്ത് ഫെസ്റ്റിവൽ കോ-ഓർഡിനേറ്റർ റോയി ആന്റണി എന്നിവരുടെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ നടക്കുന്നു.

# ചിക്കാഗോ-ബെൽവുഡ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് കത്തീഡ്രൽ പള്ളി പെരുന്നാൾ ഒക്ടോ. 23, 24, 25, 26 തീയതികളിൽ

**ഏലിയാമ്മ പുന്നൂസ്**

ചിക്കാഗോ: ബെൽവുഡ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവക പെരുന്നാളും പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ 123-ാമത് ഓർമ്മപ്പെരുന്നാളും ഒക്ടോബർ 24 മുതൽ 26 വരെയായി കൊണ്ടാടുന്നു.

പെരുന്നാൾ ശുശ്രൂഷകൾക്ക് റവ. ഫാ. ഷിന്റോ വർഗീസ് (മിനിയാപോളിസ്) മുഖ്യകാർമ്മികത്വം വഹിക്കും. കൂടാതെ വെരി റവ. ജേക്കബ് ജോൺസ് കോർ എപ്പിസ്കോപ്പ, റവ.ഫാ. ഹാം ജോസഫ് (വികാരി) എന്നിവർ സഹകാർമ്മികത്വം വഹിക്കുന്നതാണ്.

ഒക്ടോബർ 19-ന് ഞായറാഴ്ച പെരുന്നാളിന് കൊടിയേറും. 23-ന് വ്യാഴാഴ്ച വൈകിട്ട് 6.30-ന് സന്ധ്യാ നമസ്കാരവും 24, 25 (വെള്ളി, ശനി) ദിവസങ്ങളിൽ വൈകിട്ട് 6.30-ന് സന്ധ്യാ സമസ്കാരവും വചന ശുശ്രൂഷയും നേർച്ചയും ഉണ്ടായിരിക്കും.

ഒക്ടോബർ 26-ന് ഞായറാഴ്ച രാവിലെ 8.30-ന് പ്രഭാത നമസ്കാരവും വിശുദ്ധ കുർബാനയും മദ്ധ്യസ്ഥ പ്രാർത്ഥനയും പ്രദക്ഷിണവും വാഴ്വും തുടർന്ന് നേർച്ചയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്:

പെരുന്നാൾ കൺവീനർ-ഷിബു മാത്യൂസ് (847) 477-8716, ട്രസ്റ്റി-പി.സി. വർഗീസ് (630) 935-2772, സെക്രട്ടറി-റൂബിൻ ഏബ്രഹാം (630) 709-3970 എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

# ഹഡ്സൺ വാലി സിഎസ്ഐ കോൺഗ്രിഗേഷൻ കൺവൻഷൻ ഒക്ടോബർ 24 വെള്ളി മുതൽ

**പി.പി. ചെറിയാൻ**

ഹഡ്സൺവാലി: സിഎസ്ഐ കോൺഗ്രിഗേഷൻ ഓഫ് ഹഡ്സൺവാലിയുടെ ആഭിമുഖ്യത്തിൽ മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ഗോസ്പൽ കൺവൻഷൻ നടത്തപ്പെടുന്നു.




ഒക്ടോബർ 24 വെള്ളി, 25 ശനി ദിവസങ്ങളിൽ വൈകിട്ട് 7 മണിക്കും 26 ഞായർ ഉച്ചയ്ക്ക് 2 മണിക്കും 65 ബ്രോഡ്വേ, ഹോത്തോർൺ, ന്യൂയോർക്ക് എന്നിവിടങ്ങളിൽ കൺവൻഷൻ നടക്കും. "ജീവിതത്തിലെ വെല്ലുവിളികൾക്കിടയിൽ വിശ്വാസത്തിലും ലക്ഷ്യത്തിലും സ്ഥിരത പുലർത്തുകയും വിജയം നേടുകയും ചെയ്യുക" എന്ന വിഷയത്തെകുറിച്ച് പ്രമുഖ ഭിഷഗ്വരനും വേദ പണ്ഡിതനുമായ ഡോ. വീനോ ജോൺ ഡാനിയേൽ മുഖ്യ പ്രഭാഷണം നടത്തും. എല്ലാവരെയും കൺവൻഷനിലേക്ക് ആത്മാർത്ഥമായി സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

# ബിഹാർ വോട്ടർപട്ടികയിലെ പിഴവുകൾ തിരുത്തണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ബിഹാറിലെ അന്തിമ വോട്ടർപട്ടികയിലെ അക്ഷരത്തെറ്റുകളും പിഴവുകളും പരിഹരിക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനോട് സുപ്രീം കോടതി പറഞ്ഞു. അന്തിമ വോട്ടർപട്ടിക ഉടൻ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്ന് ഹർജിക്കാർ ആവശ്യപ്പെട്ടപ്പോൾ അത് ചെയ്യുന്നുണ്ടെന്ന് കമ്മീഷൻ വ്യക്തമാക്കി.

അതേസമയം അന്തിമപട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരാരുംതന്നെ സൗജന്യ നിയമസഹായം ലഭ്യമാക്കിയിട്ടുകൂടി പരാതി നൽകിയിട്ടില്ലെന്ന് കമ്മീഷൻ അവകാശപ്പെട്ടു. തുടർന്ന്, ബിഹാറിലെ പ്രത്യേക തീവ്ര വോട്ടർപട്ടിക പരിഷ്കരണം (എസ്ഐആർ) ചോദ്യം ചെയ്യുന്ന ഹർജികൾ പരിഗണിക്കുന്നത് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ച് നവംബർ നാലിലേക്ക് മാറ്റി.

ഒഴിവാക്കിയവരുടെയും കൂട്ടിച്ചേർത്തവരുടെയും വിവരങ്ങൾസഹിതം അന്തിമപട്ടിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താൻ നിർദേശിക്കണമെന്ന് ഹർജിക്കാരായ അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസിനു (എഡിആർ) വേണ്ടി അഡ്വ. പ്രശാന്ത് ഭൂഷൺ ആവശ്യപ്പെട്ടു. തങ്ങൾ അത് ചെയ്തുവരുമ്പോൾ എന്തിനാണ് നിർദേശമെന്ന് കമ്മീഷനുവേണ്ടി മുതിർന്ന അഭിഭാഷകൻ രാകേഷ് ദ്വിവേദി ചോദിച്ചു. കമ്മീഷൻ അതിന്റെ ഉത്തരവാദിത്വം നിർവഹിക്കുമെന്നതിൽ തങ്ങൾക്ക് സംശയമില്ലെന്ന് ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു. പട്ടിക വെബ്സൈറ്റിൽ ലഭ്യമാക്കിയില്ലെങ്കിലുള്ള പ്രശ്നങ്ങൾ പ്രശാന്ത് ഭൂഷൺ ചൂണ്ടിക്കാട്ടിയപ്പോൾ, കോടതി ഈ കേസ് അവസാനിപ്പിക്കുന്നില്ലെന്ന് ജസ്റ്റിസ് സൂര്യകാന്ത് വ്യക്തമാക്കി.

# സ്വകാര്യ റോഡ് കയ്യേറി; പഞ്ചായത്തിന് കൂട്ടപ്പിഴയിട്ട് ഹൈക്കോടതി

അതിരമ്പുഴ: സ്വകാര്യ വഴി കയ്യേറി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ടാർ ചെയ്ത കേസിൽ കോടതി ഉത്തരവ് ലംഘിച്ചതിന് അതിരമ്പുഴ പഞ്ചായത്ത് ഭരണസമിതിക്ക് ഒന്നാകെ ഹൈക്കോടതിയുടെ പിഴ. പഞ്ചായത്ത് പ്രസിഡണ്ട് ജോസ് അമ്പലക്കുളം, ഏഴാം വാർഡ് അംഗം ബേബിനാസ് അജാസ് എന്നിവർ 25,000 രൂപ വീതവും മറ്റ് 20 അംഗങ്ങൾ 3,500 രൂപ വീതവും പിഴ അടയ്ക്കണമെന്നാണ് ഉത്തരവ്. അതിരമ്പുഴ പൈനയിൽ ബിജോമോൻ തോമസ് നൽകിയ കോടതിയലക്ഷ്യ ഹർജിയിലാണു കോടതി ഉത്തരവ്. പഞ്ചായത്ത് സെക്രട്ടറി പുതിയ ആളായതിനാൽ നടപടിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

2015-ൽ ബിജോമോൻ തോമസ് തന്റെ പുരയിടത്തിലേക്കു സ്വന്തം ഭൂമിയിലൂടെ വഴിവെട്ടിയിരുന്നു. 7-ാം വാർഡിലാണു റോഡ്. ഇതു പിന്നീടു പഞ്ചായത്ത് അധികൃതർ ആസ്തി രജിസ്റ്ററിൽ പൊതുവഴിയായി എഴുതിച്ചേർത്തെന്നും തുടർന്നു പഞ്ചായത്തു വഴിയെന്ന നിലയിൽ കയ്യേറ്റം ചെയ്തെന്നും ചൂണ്ടിക്കാട്ടിയാണു ബിജുമോൻ കോടതിയെ സമീപിച്ചത്. കേസ് ഹൈക്കോടതിയുടെ പരിഗണനയിലിരിക്കെ, റോഡ് തകർന്നുകിടക്കുകയാണെന്നും തറയോടുകൾ പാകി നവീകരിക്കാൻ അനുമതി വേണമെന്നും ആവശ്യപ്പെട്ടു പഞ്ചായത്ത് അപേക്ഷ നൽകി. തറയോട് പാകരുതെന്നു നിർദേശിച്ച കോടതി അറ്റകുറ്റപ്പണിക്ക് അനുമതി നൽകി. അനുമതി ലഭിച്ചതോടെ പഞ്ചായത്ത് കമ്മിറ്റി എട്ട് ലക്ഷത്തോളം രൂപ ചെലവഴിച്ച് മൂന്ന് മാസം മുൻപ് റോഡ് ടാർ ചെയ്തു. ഇതിനെതിരെ പരാതിക്കാരൻ വീണ്ടും കോടതിയെ സമീപിച്ചപ്പോഴാണു പിഴ അടയ്ക്കാൻ ഉത്തരവിട്ടത്. വിധിക്കെതിരെ അപ്പീൽ നൽകുമെന്നു പഞ്ചായത്ത് പ്രസിഡണ്ട് ജോസ് അമ്പലക്കുളം പ്രതികരിച്ചു.

# പി.എം. ശ്രീ നടപ്പാക്കാൻ കേരളം; സിപിഐ ഉടക്കിൽ

തിരുവനന്തപുരം: കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ പദ്ധതിയായ 'പിഎം ശ്രീ' യിൽ ഒപ്പിടാനുള്ള കേരള സർക്കാർ തീരുമാനത്തിനെതിരെ സിപിഐ രംഗത്ത്. പദ്ധതിയോടുള്ള എതിർപ്പ് ആവർത്തിച്ച സിപിഐ, സർക്കാരിലോ മുന്നണിയിലോ ഇതുസംബന്ധിച്ചു കൂടിയാലോചന നടത്തിയിട്ടില്ലെന്നും വ്യക്തമാക്കി. സിപിഐയുടെ എതിർപ്പ് അവഗണിച്ചാണ് പിഎം ശ്രീ (പ്രധാൻ മന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചത്. അടുത്തിടെ മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയടക്കമുള്ളവരെ സന്ദർശിച്ചപ്പോൾ ഇക്കാര്യത്തിൽ ചർച്ച നടത്തിയതായാണ് സൂചന. ഇതിനു പിന്നാലെയാണ് പൊടുന്നനെ പദ്ധതി നടപ്പാക്കാൻ സർക്കാർ ഒരുങ്ങുന്നത്.

കുട്ടികൾക്ക് കിട്ടേണ്ട ഫണ്ടാണെന്നും കേന്ദ്രസഹായം എല്ലാ വിഭാഗങ്ങൾക്കും അവകാശപ്പെട്ടതാണെന്നും വ്യക്തമാക്കിയാണു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പദ്ധതി നടപ്പാക്കുമെന്ന് അറിയിച്ചത്. തീരുമാനം കേന്ദ്രസർക്കാരിനെ അറിയിച്ചുവെന്നും കരാറിൽ ഒപ്പിടുന്നതിനായി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയെന്നും മന്ത്രി സ്ഥിരീകരിച്ചു. വിദ്യാഭ്യാസ പദ്ധതികൾക്കായി കേരളത്തിന് അർഹതപ്പെട്ട 1,500 കോടി രൂപയുടെ കുടിശിക നേടിയെടുക്കാൻ ഇതേ മാർഗമുള്ളൂവെന്നും മന്ത്രി പറഞ്ഞു. പിഎം ശ്രീയിൽ ഒപ്പിട്ടാലും സിലബസിൽ കേരളം അംഗീകരിക്കാത്ത ഒരു കാര്യവും ഇവിടെ നടപ്പാക്കില്ലെന്നും മന്ത്രി വ്യക്തമാക്കി. പദ്ധതി നടപ്പാക്കിയ സംസ്ഥാനങ്ങൾക്ക് കോടിക്കണക്കിന് രൂപയുടെ കേന്ദ്രസഹായമാണു ലഭിച്ചത്. ഫണ്ട് ഉപയോഗിച്ച് ഈ സംസ്ഥാനങ്ങൾ വിദ്യാഭ്യാസ രംഗത്തു ബഹുദൂരം മുന്നോട്ട് പോയി. എന്നാൽ, പദ്ധതിയിൽ ചേർന്നാൽ പുതിയ കേന്ദ്ര വിദ്യാഭ്യാസ നയം നടപ്പാക്കേണ്ടി വരുമെന്നു ചൂണ്ടിക്കാട്ടിയാണ് കേരളവും പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന മറ്റു സംസ്ഥാനങ്ങളും എതിർപ്പ് പ്രകടിപ്പിച്ചിരുന്നത്. സിപിഎമ്മും എൽഡിഎഫും കോൺഗ്രസും പദ്ധതിയെ എതിർത്തിരുന്നു. സ്കൂളിനു മുന്നിൽ 'പിഎം ശ്രീ സ്കൂൾ' എന്ന ബോർഡ് വെക്കേണ്ടിവരുമെന്നതും എതിർപ്പിനു കാരണമായി.

ഇന്ത്യയിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടാണു കേന്ദ്രം പിഎം ശ്രീ പദ്ധതി കൊണ്ടുവന്നത്. കേരളം, തമിഴ്നാട്, ബംഗാൾ എന്നിവയൊഴികെയുള്ള സംസ്ഥാനങ്ങളും കേന്ദ്ര ഭരണപ്രദേശങ്ങളും പദ്ധതിയുടെ ഭാഗമായിക്കഴിഞ്ഞിട്ടുണ്ട്. 'പിഎം ശ്രീ' പദ്ധതിയിൽ കേരളം ഒപ്പിടാത്തതിന്റെ പേരിൽ കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതികളുടെ ഫണ്ട് വിഹിതം അനുവദിക്കാതെ കേന്ദ്രം സാമ്പത്തിക ഉപരോധം കടുപ്പിച്ചതോടെയാണു കേരളം വഴങ്ങുന്നത്.

# റോഡപകടം: സൗജന്യ ചികിത്സ ഉറപ്പാക്കാൻ ചട്ടഭേദഗതി

ന്യൂഡൽഹി: റോഡ് അപകടങ്ങളിൽ പരുക്കേൽക്കുന്നവർക്കു സൗജന്യ ചികിത്സ ലഭ്യമാക്കാനായി പ്രഖ്യാപിച്ച പദ്ധതി ഫലപ്രദമാക്കുന്നതിന് ജില്ലാതല റോഡ് സുരക്ഷാ സമിതികൾക്ക് കൂടുതൽ ചുമതലകൾ നൽകി ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള കരട് പ്രസിദ്ധീകരിച്ചു. ഓരോ ജില്ലയിലും അപകടങ്ങളിൽപെടുന്നവർക്ക് ചികിത്സ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനും വീഴ്ചകളുണ്ടെങ്കിൽ ഇടപെടാനും ജില്ലാതല സമിതിക്കു കഴിയും. അപകടം, അപകടകാരണം, ചികിത്സ തുടങ്ങിയവ സംബന്ധിച്ച വിവരം ശേഖരിച്ചു സൂക്ഷിക്കൽ, പദ്ധതിക്ക് പ്രചാരം നൽകൽ, മാർഗ നിർദേശം തുടങ്ങിയവയാണ് ചുമതലകൾ.സംസ്ഥാനതലത്തിൽ നിരീക്ഷണമൊരുക്കാനും നിർദേശമുണ്ട്.

ആയുഷ്മാൻ പ്രധാനമന്ത്രി ആരോഗ്യ പദ്ധതിയിൽ (എബിപിഎവൈ) എം പാനൽ ചെയ്ത ആശുപത്രികളിലാണ് ചികിത്സ ലഭിക്കുക. ഒന്നര ലക്ഷം രൂപാ വരെയുള്ള  ചികിത്സയാണ് സൗജന്യമായി ലഭിക്കുക. പരമാവധി ഏഴു ദിവസത്തെ ആശുപത്രി വാസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റു സ്വകാര്യ ആശുപത്രികളിൽ പ്രവേശിക്കുന്നവർക്കും അപകടനില തരണം ചെയ്യുന്നതു വരെയുള്ള ചികിത്സച്ചെലവ് സൗജന്യമായി ലഭിക്കും

# ഉദ്യോഗസ്ഥർക്ക് 'വാഹൻ സാരഥി' സോഫ്റ്റ്‌വേറിൽ പരിശീലനം

തിരുവനന്തപുരം: അഞ്ചുവർഷത്തോളം ജനങ്ങളെ വലച്ചശേഷം മോട്ടോർവാഹനവകുപ്പ് ഉദ്യോഗസ്ഥർക്ക് 'വാഹൻ സാരഥി' സോഫ്റ്റ്‌വേറിൽ പരിശീലനം നൽകാൻ സർക്കാർ തീരുമാനിച്ചു. 2020-21-ൽ പുതിയ സംവിധാനത്തിലേക്ക് മാറിയപ്പോൾമുതൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകണമെന്ന് നിർദേശം ഉയർന്നിരുന്നെങ്കിലും നടപ്പായില്ല.

സോഫ്റ്റ്‌വേറിലെ സങ്കീർണതയും ഉദ്യോഗസ്ഥരുടെ പരിചയക്കുറവുംകാരണം അപേക്ഷകർ പിന്തിരിയുന്നത് ഇടനിലക്കാർക്കുള്ള അവസരമായി ഉദ്യോഗസ്ഥതലപ്പത്തെ ചിലർ മാറ്റിയെടുക്കുകയായിരുന്നു. കംപ്യൂട്ടർ ഉപയോഗിക്കാനറിയാത്ത ചില ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം സോഫ്റ്റ്‌വേറിൽ വരുന്ന അപേക്ഷ കൈകാര്യംചെയ്യുക ബുദ്ധിമുട്ടായിരുന്നു.

ചില ഓഫീസ് മേധാവികൾ കീഴുദ്യോഗസ്ഥരെയും ഇടനിലക്കാരെയും സോഫ്റ്റ്‌വേർ കൈകാര്യം ചെയ്യാൻ ഏൽപിച്ചിരിക്കുന്നതായും കണ്ടെത്തി. സോഫ്റ്റ്‌വേറിൽ മാറ്റമുണ്ടാമ്പോൾ അതിനനുസൃതമായി മാറാൻ പല ഉദ്യോഗസ്ഥർക്കും കഴിഞ്ഞിരുന്നില്ല. ഉദ്യോഗസ്ഥരിൽ പലർക്കും അടിസ്ഥാന കംപ്യൂട്ടർ പരിജ്ഞാനം പോലുമില്ലെന്നും തെളിഞ്ഞു. ഈ പശ്ചാത്തലത്തിലാണ് പരിശീലനം.

മോട്ടോർ വാഹനവകുപ്പിനു കീഴിൽ മലപ്പുറം എടപ്പാളിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിങ് ആൻഡ് റിസർച്ച്, പാപ്പനംകോട് ശ്രീചിത്രതിരുനാൾ കോളജ് ഓഫ് എഞ്ചിനിയറിങ് എന്നിവയാകും പരിശീലനകേന്ദ്രങ്ങൾ. ഓഫീസ് പ്രവർത്തനം തടസ്സപ്പെടാതെ പല ബാച്ചുകളായിട്ടാകും പരിശീലനം. സോഫ്റ്റ്‌വേറിലേക്ക് ഓഫീസ് നടപടി മാറിയെങ്കിലും ഓരോ അപേക്ഷയിലും സ്വീകരിക്കേണ്ട നടപടിയെക്കുറിച്ച് മാർഗ നിർദേശം ഇറങ്ങിയിട്ടില്ലാത്തതും പൊതുജനങ്ങളെ വലയ്ക്കുന്നുണ്ട്.

# പഞ്ചാബ് ഡിഐജിയുടെ വീട്ടിൽ നിന്ന് കോടികൾ പിടിച്ചെടുത്തു

ന്യൂഡൽഹി: പഞ്ചാബിലെ ഡിഐജി ഹർചരൺ സിംഗ് ഭുള്ളറുടെ വീട്ടിൽ നിന്ന് സിബിഐ പിടിച്ചെടുത്തത് 5 കോടിയിലേറെ രൂപയും ആഡംബര വാഹനങ്ങളും കോടികൾ വിലപിടിപ്പുള്ള വസ്തുക്കളും. 8 ലക്ഷം രൂപ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട പരാതിയിൽ ഇയാൾ പിടിയിലായതിനെത്തുടർന്ന് വീട്ടിൽ നടത്തിയ പരിശോധനയിലാണ് വൻതോതിൽ അനധികൃത സ്വത്ത് കണ്ടെത്തുന്നത്. ഒന്നരക്കിലോ സ്വർണാഭരണങ്ങൾ, 2 ആഡംബര കാറുകൾ, 22 ആഡംബര വാച്ചുകൾ, 40 ലിറ്റർ വിദേശ മദ്യം, ഡബിൾ ബാരൽ തോക്ക്, പിസ്റ്റൾ, റിവോൾവർ, എയർഗൺ എന്നിവയും കണ്ടെടുത്തു. മുൻ പഞ്ചാബ് ഡിജിപി എംഎസ് ഭുള്ളറുടെ മകനാണ് ഹർചരൺ സിംഗ് ഭുള്ളർ. 2024 നവംബറിലാണ് ഇയാളെ ഡിഐജി (റോപ്പർ റേഞ്ച്) ആയി നിയമിച്ചത്. ഫത്തേഗഡ് സാഹിബിലെ മാണ്ഡി ഗോബിന്ദ്ഗഡിലെ ആക്രി വ്യാപാരി നൽകിയ പരാതിയിലായിരുന്നു അറസ്റ്റ്.

# ഇന്ത്യ 6.6 ശതമാനം വളരുമെന്ന് ഐഎംഎഫ്

മുംബൈ: ഇന്ത്യയുടെ വളർച്ച അനുമാനം ഉയർത്തി അന്താരാഷ്ട്ര നാണയനിധി (ഐഎംഎഫ്). 2025-'26 സാമ്പത്തിക വർഷം ഇന്ത്യ 6.6 ശതമാനം വളർച്ച നേരിടുമെന്ന് ഐഎംഎഫിന്റെ ലോക സാമ്പത്തികവീക്ഷണ റിപ്പോർട്ടിൽ പറയുന്നു.

ഇന്ത്യയിൽ നടന്നുവരുന്ന സാമ്പത്തിക പരിഷ്കരണനടപടികളെ അഭിനന്ദിച്ച് ഐഎംഎഫ് മാനേജിങ് ഡയറക്ടർ ക്രിസ്റ്റലീന  ജോർജിയേവ, പ്രത്യക്ഷ, പരോക്ഷ  നികുതി പരിഷ്കാരങ്ങളും ഡിജിറ്റൽ പേമെന്റ് സംവിധാനത്തിന്റെ ത്വരഗതിയിലുള്ള വളർച്ചയും ആധാർ വഴിയുള്ള ഏകീകൃത ഡിജിറ്റൽ തിരിച്ചറിയൽ സംവിധാനവും മികവിന്റെ ഉദാഹരണങ്ങളാണെന്ന് ധനമന്ത്രിമാരുടെയും കേന്ദ്രബാങ്ക് പ്രതിനിധികളുടെയും യോഗത്തിൽ എടുത്തുകാട്ടി.

# സെമികണ്ടക്ടർ സർക്യൂട്ട്സ് മെയ്ഡ് ബൈ മലയാളീസ്

കാഞ്ഞങ്ങാട്: ഇലക്ട്രോണിക്സ്, ഐടി മേഖലകളിൽ ഒഴിച്ചുകൂടാനാകാത്ത ഘടകമാണ് സെമികണ്ടക്ടറുകൾ. ഇന്ത്യയിൽ ആവശ്യമായ സെമികണ്ടക്ടർ സംവിധാനങ്ങളിൽ നല്ലൊരു പങ്കും മറ്റു രാജ്യങ്ങളിൽനിന്നു ഇറക്കുമതി ചെയ്യപ്പെടുന്നവയാണ്. എന്നാൽ, കേരളാ സ്റ്റാർട്ടപ്പ് മിഷനു കീഴിൽ രജിസ്റ്റർ ചെയ്ത ഒരു കമ്പനി ഇതാദ്യമായി 5 ജി ലോനോയിസ് ആംപ്ലിഫയർ രാജ്യത്തു തന്നെ വികസിപ്പിച്ചിരിക്കുകയാണ്.




കൊച്ചി രാജഗിരി എൻജിനിയറിംഗ് കോളജിൽനിന്ന്  ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനിയറിംഗ് ബിരുദം നേടിയ റിജിനും സഹപാഠിയായ കണ്ണൂർ സ്വദേശി ഡോ. അരുൺ അശോകും ചേർന്നാണ് കമ്പനിക്കു തുടക്കമിട്ടത്. ഇന്ത്യയിലും യുഎയിലും യുഎസിലുമായി വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തതിനു ശേഷമാണ് റിജിൻ സ്വന്തമായൊരു സ്റ്റാർട്ടപ്പ് എന്ന ആശത്തിലേക്കെത്തിയത്. ജർമനിയിൽ സെമികണ്ടക്ടർ ആർഐഎഫ്സി (റേഡിയോ ഫ്രീക്വൻസി ഇന്റഗ്രേറ്റഡ് സർക്യൂട്ട്) മേഖലയിൽ ബിരുദാനന്തര ബിരുദവും പിഎച്ച്ഡിയും നേടിയ അരുൺ ചണ്ഡിഗഡിലെ ഐഎസ്ആർഒ സെമികണ്ടക്ടർ ഫൗണ്ടറിയിൽ ശാസ്ത്രജ്ഞനായി ജോലി ചെയ്തു വരികയായിരുന്നു. നിലവിൽ സിലിസിയത്തിന്റെ സഹസ്ഥാപകനും ചീഫ് ടെക്നോളജിക്കൽ ഓഫീസറുമാണ്.

രാജഗിരി കോളജ് വിദ്യാർത്ഥിയായിരിക്കെ റിജിൻ തയ്യാറാക്കിയ വലിപ്പമേറിയ ക്രിസ്മസ് നക്ഷത്രവും ജപമാലയും ലിംക ബുക്ക് ഓഫ് റിക്കാർഡ്സിൽ ഇടം നേടിയിട്ടുണ്ട്. അന്ന് തയ്യാറാക്കിയ ജപമാലയുടെ സങ്കല്പത്തെ പിന്നീട് ഒന്നുകൂടി പരിഷ്കരിച്ച് 2015-ലെ കൊച്ചി ബിനാലെയിലും അവതരിപ്പിച്ചു.

കാസർഗോഡ് ഗവ. കോളജിൽ ഫിസിക്കൽ  എഡ്യൂക്കേഷൻ പ്രഫസറായിരുന്ന മാലക്കല്ലിലെ പരേതനായ ഐലാറ്റിൽ ജോണിന്റെയും കാഞ്ഞങ്ങാട് വെള്ളിക്കോത്ത് മഹാകവി പി സ്മാരക ഗവ. ഹൈസ്കൂൾ അദ്ധ്യാപികയായിരുന്ന പരേതയായ റാണിയുടെയും മകനാണ് റിജിൻ. ഭാര്യ ദീപ മേരി ജയിംസ്. ചാർട്ടേഡ് അക്കൗണ്ടന്റാണ്. മക്കൾ: ഈഥൻ ജോൺ, ഇവാൻ ജയിംസ്.

# ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് റാമ്പും ലിഫ്റ്റും ഉറപ്പുവരുത്തണം

കൊച്ചി: ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കുവേണ്ടി പരീക്ഷാകേന്ദ്രങ്ങളിൽ റാമ്പും ലിഫ്റ്റും പിഎസ്സി ഉറപ്പുവരുത്തണമെന്ന് ഹൈക്കോടതി. ഭിന്നശേഷിക്കാർക്കു കെട്ടിടത്തിന്റെ താഴത്തെ നിലയിൽത്തന്നെ സൗകര്യമൊരുക്കണമെന്നതടക്കം 2022-ലെ പിഎസ്സി സർക്കുലർ പ്രകാരമുള്ള നടപടികൾ ഉറപ്പാക്കണമെന്നാണ് ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

2014 ഓഗസ്റ്റ് എട്ടിന് പിഎസ്സി നടത്തിയ മത്സരപരീക്ഷയ്ക്കു ശാരീരിക വെല്ലുവിളി നേരിടുന്ന ഉദ്യോഗാർത്ഥികൾക്കായി തിരുവനന്തപുരത്ത് ലിഫ്റ്റ് സൗകര്യമില്ലാത്ത കെട്ടിടത്തിന്റെ രണ്ടാംനിലയിലാണു പരീക്ഷാകേന്ദ്രം ഒരുക്കിയിരുന്നത്. ഉദ്യോഗാർത്ഥികൾ കെട്ടിടത്തിൽ കയറാൻ ബുദ്ധിമുട്ടുന്നത് വാർത്തയായതോടെ സ്വമേധയാ കേസെടുത്താണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഉദ്യോഗാർത്ഥികൾക്ക് 2019 ജനുവരി 30-ന് നഷ്ടപരിഹാരം വിധിച്ചത്.

ഈ ഉത്തരവിനെതിരെ പിഎസ്സി നൽകിയ ഹർജിയാണു കോടതി പരിഗണിച്ചത്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ താലൂക്കിൽതന്നെ പരീക്ഷാകേന്ദ്രം അനുവദിക്കാൻ പരമാവധി ശ്രമം വേണമെന്നു കോടതി നിർദേശിച്ചു.

# ഒമ്പതു കൊടുമുടികൾ കീഴടക്കി ഭരത് തമ്മിനേനി



ന്യൂഡൽഹി: ലോകത്തിലെ 8,000 മീറ്റർ ഉയരമുള്ള ഒമ്പതു കൊടുമുടികൾ കീഴടക്കുന്ന ആദ്യ ഇന്ത്യക്കാരനായി ചരിത്രം സൃഷ്ടിച്ച് ആന്ധ്രാപ്രദേശ് സ്വദേശിയായ ഭരത് തമ്മിനേനി. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ആറാമത്തെ കൊടുമുടിയായ ചോ ഒയു (8,188 മീറ്റർ) കൊടുമുടി കീഴടക്കിയതോടെയാണ് 36-കാരനായ പർവതാരോഹകൻ പുതിയൊരു നേട്ടംകൂടി കൈയെത്തിപ്പിടിച്ചത്. നേപ്പാളിനും ചൈനയ്ക്കുമിടയിലുള്ളതാണ് ഈ കൊടുമുടി. ലോകത്തിലെ ഏറ്റവും വലിയ കൊടുമുടിയായ മൗണ്ട് എവറസ്റ്റ് 2017-ൽ കീഴടക്കിയ തമ്മിനേനി എട്ട് വർഷമെടുത്താണ് 8,000 മീറ്റർ ഉയരമുള്ള ഒമ്പത് കൊടുമുടികൾ കീഴടക്കിയത്. ഇന്ത്യയിലെ പ്രമുഖ പർവതാരോഹണ സംഘടനകളിലൊന്നായ ബൂട്ട്സ് ആൻഡ് ക്രാംപൺസിന്റെ സ്ഥാപകനാണ് തമ്മിനേനി.

# ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പിൽ സുപ്രീംകോടതി സ്വമേധയാ കേസെടുത്തു

ന്യൂഡൽഹി: ഇന്ത്യയിലുടനീളം ഡിജിറ്റൽ അറസ്റ്റിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകളിൽ ആശങ്ക പ്രകടിപ്പിച്ച് സുപ്രീംകോടതി. ഇത്തരം തട്ടിപ്പുകൾ ഗുരുതരമായ ആശങ്കയുണ്ടാക്കുന്നുവെന്നു നിരീക്ഷിച്ച ജസ്റ്റിസുമാരായ സൂര്യകാന്ത്, ജോയ്മല്യ ബാഗ്ജി എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് കോടതി വിഷയത്തിൽ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തു. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെയും സിബിഐയുടെയും പ്രതികരണവും തേടി.

കോടതിയുടെ പേരിൽ വ്യാജരേഖകൾ ചമച്ച് ഹരിയാന സ്വദേശികളായ വൃദ്ധദമ്പതികളിൽനിന്ന് 1.05 കോടി രൂപ തട്ടിയെടുത്തതുമായി ബന്ധപ്പെട്ട കേസാണു കോടതി പരിഗണിച്ചത്. ദമ്പതികളിൽ ഒരാൾ ചീഫ് ജസ്റ്റിസിന് കത്തെഴുതിയതിനെത്തുടർന്നാണു വിഷയം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുന്നത്.

സുപ്രീംകോടതിയുടെയോ ഹൈക്കോടതിയുടെയോ പേരോ സീലോ ഉപയോഗിച്ച് ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നത് ഏറെ ആശങ്ക ജനിപ്പിക്കുന്നതാണെന്ന് ഹർജി പരിഗണിക്കവെ കോടതി നിരീക്ഷിച്ചു. ഇത്തരത്തിൽ ജഡ്ജിമാരുടെ വ്യാജ ഒപ്പുകൾ ഉപയോഗിച്ച് ജുഡീഷൽ ഉത്തരവുകൾ നിർമിക്കുന്നത് നിയമവാഴ്ചയ്ക്കെതിരെയുള്ള വെല്ലുവിളിക്കു പുറമേ നിയമസംവിധാനത്തിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസ്യത നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. സൈബർ കുറ്റകൃത്യങ്ങൾ മാത്രമായി ഇത്തരം നടപടികളെ കാണാൻ സാധിക്കില്ല. ഭരണഘടനാ സ്ഥാപനങ്ങൾക്കെതിരെയുള്ള വെല്ലുവിളിയാണിതെന്നും കോടതി ചൂണ്ടിക്കാട്ടി.

ഇത്തരം കുറ്റകൃത്യങ്ങളെ പൂർണമായും ഇല്ലാതാക്കാനും കണ്ടെത്താനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏകോപിത ശ്രമങ്ങൾ ആവശ്യമാണെന്നും കോടതി നിരീക്ഷിച്ചു. ആഭ്യന്തരമന്ത്രാലയ സെക്രട്ടറി, സിബിഐ ഡയറക്ടർ, ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തുടങ്ങിയവർക്കാണു വിഷയത്തിൽ കോടതി നോട്ടീസ് അയച്ചത്. കേസിൽ അറ്റോർണി ജനറലിന്റെ സഹായവും കോടതി തേടിയിട്ടുണ്ട്.

# ഹരിത കർമ്മസേന പ്രവർത്തകയിൽനിന്ന് 22.97 ലക്ഷം തട്ടിയ യുവതി അറസ്റ്റിൽ

ആലപ്പുഴ: മാവേലിക്കര സ്വദേശിനിയായ ഹരിത കർമ്മസേന പ്രവർത്തകയിൽനിന്ന് ഓൺലൈൻ വഴി 22.97 ലക്ഷം രൂപ തട്ടിയ കേസിലെ പ്രതി അറസ്റ്റിൽ. അടൂർ സ്വദേശിനിയായ അനിതാ മുരളീധരനാ(44)ണ് അറസ്റ്റിലായത്. ജർമ്മനിയിൽ ഡോക്ടറാണെന്ന വ്യാജേനയാണ് ഇവർ പരാതിക്കാരിയുമായി സാമൂഹിക മാധ്യമത്തിലൂടെ പരിചയപ്പെട്ടത്. തന്റെ ആശുപത്രിയിൽ ജോലി നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ചാണ് പണം തട്ടിയത്.

കഴിഞ്ഞ ജനുവരിയിൽ പ്രതി, പരാതിക്കാരിയെ ബന്ധപ്പെടുകയും ജർമ്മനിയിൽ ജോലി തരപ്പെടുത്തുന്നതിനായി പണം അയച്ചു കൊടുക്കാൻ ആവശ്യപ്പെടുകയുമായിരുന്നു. ഇത്തരത്തിൽ ഫെബ്രുവരി രണ്ടു മുതൽ ഓഗസ്റ്റ് 11 വരെയുള്ള കാലയളവിൽ 22.97 ലക്ഷം രൂപ തട്ടിയെടുത്തതായാണ് പരാതി.

മാസങ്ങൾ കാത്തിരുന്നിട്ടും ജോലി ലഭിക്കാതായപ്പോൾ നൽകിയ പണം തിരികെ ആവശ്യപ്പെട്ടപ്പോഴാണ് തട്ടിപ്പാണെന്ന് ബോദ്ധ്യപ്പെട്ടത്. തുടർന്ന്, പരാതിക്കാരി നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടലിന്റെ 1930 എന്ന ടോൾഫ്രീ നമ്പറിൽ പരാതിപ്പെട്ടു. തുടർന്ന് ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ നിർദേശപ്രകാരം സൈബർ ക്രൈം പൊലീസ് പരാതിക്കാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഓഗസ്റ്റ് 28-ന് എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയായിരുന്നു. പരാതിക്കാരിയിൽനിന്നു അയച്ചുവാങ്ങിയ 22.97 ലക്ഷത്തിൽ 5.87 ലക്ഷം രൂപ അനിതാ മുരളീധരന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയത്.


പ്രതിയുടെ സുഹൃത്തായ സ്കോട്ലൻഡ് സ്വദേശി ഫ്രെഡ് ക്രിസ് എന്നയാളുടെ നിർദേശപ്രകാരമാണ് തന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണമയച്ചുവാങ്ങിയതെന്നും ഇയാൾ ഡൽഹിയിൽ വന്നപ്പോൾ ഉപയോഗിക്കുന്നതിനായി ബാങ്ക് പാസ്ബുക്ക്, എടിഎം കാർഡ് എന്നിവ ഇയാൾക്ക് അയച്ചു കൊടുത്തിട്ടുള്ളതായും പരാതിക്കാരി പറഞ്ഞു. ഇയാളെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തിവരികയാണെന്ന് ആലപ്പുഴ സൈബർ ക്രൈം പോലീസ് അറിയിച്ചു. പ്രതിയെ ആലപ്പുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് എൻ. ശ്രീരഞ്ജിത് കൃഷ്ണൻ മുമ്പാകെ ഹാജരാക്കി. പതിനാലു ദിവസത്തേക്ക് കൊട്ടാരക്കര സ്പെഷൽ ജയിലിലേക്ക് റിമാൻഡ് ചെയ്തു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 87.78 |
| യൂറോ | 102.90 |
| സ്റ്റെർലിംഗ്പൗണ്ട് | 117.96 |
| സ്വിസ് ഫ്രാങ്ക് | 111.24 |
| സിംഗപ്പൂർ ഡോളർ | 68.27 |
| കനേഡിയൻ ഡോളർ | 62.98 |
| ഒമാൻ റിയാൽ | 228.65 |
| ബഹ്റൈൻ ദിനാർ | 232.58 |
| സൗദി റിയാൽ | 23.41 |
| യു.എ.ഇ. ദിർഹം | 23.96 |
| കുവൈത്ത് ദിനാർ | 286.16 |

# ഹരിണി അമരസൂര്യയും മോദിയും ചർച്ച നടത്തി

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയും ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിണി അമരസൂര്യയും കൂടിക്കാഴ്ച നടത്തി. ലോക് കല്യാൺ മാർഗിലെ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ നടന്ന കൂടിക്കാഴ്ചയിൽ വികസന വിഷയങ്ങളും മത്സ്യബന്ധന തൊഴിലാളികളുമായി ബന്ധപ്പെട്ട കാര്യങ്ങളും ചർച്ചാ വിഷയമായി. വിദ്യാഭ്യാസം, സാങ്കേതികവിദ്യ, ഇന്നവേഷൻ തുടങ്ങിയ മേഖലയിലെ സഹകരണം വർധിപ്പിക്കുന്നതും ചർച്ച ചെയ്തു. ഐഐടി ഡൽഹി, രോഹിണിയിലെ സിഎം ശ്രീ സ്കൂൾ എന്നിവയും സന്ദർശിച്ച ശ്രീലങ്കൻ പ്രധാനമന്ത്രി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ, അധ്യാപന രീതി തുടങ്ങിയവ മനസ്സിലാക്കി.



പ്രധാനമന്ത്രി നരേന്ദ്ര മോദിയും ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിണി അമരസൂര്യയും നടത്തിയ കൂടിക്കാഴ്ചയ്ക്കിടെ.



# രാഷ്ട്രപതിയെ സ്വീകരിക്കാൻ കോട്ടയം ഒരുങ്ങി

പത്തനംതിട്ട: രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട് വൻ സുരക്ഷാസന്നാഹം ഏർപ്പെടുത്തി. നാലു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ഒക്ടോബർ 21-ന് ചൊവ്വാഴ്ചയാണ് കേരളത്തിലെത്തുന്നത്. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ശബരിമല സന്ദർശനവുമായി ബന്ധപ്പെട്ടുള്ള സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ പോലീസ് സുരക്ഷാപരിശോധന നടത്തിയിരുന്നു.

21-ന് വൈകുന്നേരം 6.20-ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തുന്ന രാഷ്ട്രപതി അന്ന് രാജ്ഭവനിൽ തങ്ങും. 22-ന് ബുധനാഴ്ച രാവിലെ 9.20-ന് തിരുവനന്തപുരത്തു നിന്ന് ഹെലികോപ്റ്ററിൽ പുറപ്പെട്ട് 10.20-ന് നിലയ്ക്കൽ ഹെലിപാഡിലെത്തും.

റോഡു മാർഗം പമ്പയിലും തുടർന്ന് ശബരിമലയിലും എത്തും. 11.55 മുതൽ 1.25 വരെ രാഷ്ട്രപതി ശബരിമലയിലുണ്ടാകും. വൈകുന്നേരം 5.30-ന് രാജ്ഭവനിൽ മടങ്ങിയെത്തും.



23-ന് ശിവഗിരിയിലെത്തുന്ന രാഷ്ട്രപതി ശ്രീനാരായണഗുരു മഹാസമാധി ശതാബ്ദി സമ്മേളനത്തിൽ പങ്കെടുത്തശേഷം ഉച്ചകഴിഞ്ഞു 3.45-ന് ഹെലികോപ്റ്ററിൽ പാലായിലെത്തും.

സെന്റ് തോമസ് കോളജിലെ ബിഷപ് വയലിൽ ഹാളിലാണ് കോളജിന്റെ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനം. ജില്ലാ പോലീസ് ചീഫ് എ. ഷാഹുൽ ഹമീദ് കോളജിലെ ക്രമീകരണങ്ങൾ വിലയിരുത്തി.

പാലായിൽനിന്ന് 5.30-ന് ഹെലികോപ്റ്ററിൽ കോട്ടയം പോലീസ് പരേഡ് മൈതാനത്ത് ഇറങ്ങി റോഡ് മാർഗമാണ് രാഷ്ട്രപതി കുമരകം താജ് ഹോട്ടലിലെത്തി അന്നു രാത്രി അവിടെ തങ്ങുന്നത്. 24-ന് രാവിലെ 10-ന് കുമരകത്തുനിന്നും റോഡുമാർഗം കോട്ടയത്തെത്തി ഹെലികോപ്റ്ററിൽ കൊച്ചിയിലേക്കും തുടർന്ന് ഡൽഹിയിലേക്കും മടങ്ങും.

# റഷ്യൻ എണ്ണ ഇറക്കുമതി: വീണ്ടും താരിഫ് ചുമത്തുമെന്ന് ട്രംപ്

വാഷിംഗ്ടൺ ഡിസി: ഇന്ത്യ-റഷ്യ അസംസ്കൃത എണ്ണ വ്യാപാരത്തിൽ വീണ്ടും യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ്. റഷ്യയിൽ നിന്നുള്ള എണ്ണ വാങ്ങൽ നിർത്തിയില്ലെങ്കിൽ ഇന്ത്യക്കെതിരെ വൻതോതിലുള്ള താരിഫ് ചുമത്തുമെന്ന് ട്രംപ് മുന്നറിയിപ്പു നൽകി. റഷ്യയുമായുള്ള ഊർജ ഇടപാടുകൾ അവസാനിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തനിക്ക് വ്യക്തിപരമായി ഉറപ്പുനൽകിയിരുന്നതായും ട്രംപ് മാധ്യമങ്ങളോടു പറഞ്ഞു.

ഒക്ടോബർ 15-ന് ബുധനാഴ്ച ഓവൽ ഓഫീസിൽ യുഎസ് പ്രസിഡണ്ട് നടത്തിയ അപ്രതീക്ഷിത പ്രസ്താവനയ്ക്കു പിന്നാലെയാണ് ഈ മുന്നറിയിപ്പ്. ഇന്ത്യ എണ്ണയുടെ ഏകദേശം മൂന്നിലൊന്ന് റഷ്യയിൽ നിന്നാണ് വാങ്ങുന്നത്. ഈ ഇടപാടുകൾ യുക്രെയ്ൻ യുദ്ധത്തിന് പണം കണ്ടെത്താൻ റഷ്യയെ സഹായിക്കുന്നു. റഷ്യയുമായി ക്രൂഡ് ഓയിൽ വ്യാപാരം നിലനിർത്തുന്ന രാജ്യങ്ങൾക്കു മേലുള്ള സമ്മർദ്ദവും അമേരിക്ക ശക്തമാക്കിയിട്ടുണ്ട്. എണ്ണ വരുമാനമാണ് വ്ളാഡിമിർ പുടിന്റെ സൈനിക നടപടികളെ നിലനിർത്തുന്നതെന്നാണ് അവരുടെ വാദം. അതിനിടെ, റഷ്യയിൽനിന്ന് ക്രൂഡ് ഓയിൽ വാങ്ങുന്നതു നിർത്തുമെന്ന് ട്രംപിന് പ്രധാനമന്ത്രി ഉറപ്പു കൊടുത്തിട്ടില്ലെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

# ഇൻഫോപാർക്ക് നാലാംഘട്ടം; ലക്ഷ്യം 3000 കോടിയുടെ നിക്ഷേപം

കൊച്ചി: ഇൻഫോപാർക്ക് നാലാം ഘട്ട വികസനത്തിന്റെ ഭാഗമായി ലക്ഷ്യമിടുന്നത് 3000 കോടിയുടെ നിക്ഷേപം. 50 ലക്ഷം ചതുരശ്രയടിയിൽ ഐടി കെട്ടിടവും ഉയരും.

ഐടിയിൽ നേരിട്ടുള്ള 50,000 തൊഴിലവസരങ്ങളും വിഭാവനം ചെയ്യുന്നുണ്ട്. ട്രാക്കോ കേബിളിന്റെ കൈവശം ഇരുമ്പനത്തുള്ള 33.5 ഏക്കർ ഇൻഫോപാർക്കിന് കൈമാറാൻ കേരള സർക്കാർ തീരുമാനിച്ചിരുന്നു. ഈ ഐടി ടൗൺഷിപ്പ് കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമെന്ന നിലയിൽ കൊച്ചിയുടെ സ്ഥാനം കൂടുതൽ ശക്തമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സാമൂഹികമാധ്യമ കുറിപ്പിൽ പറഞ്ഞു.

# ദേഹാസ്വാസ്ഥ്യം; കെ. സുധാകരനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു



തൃശൂർ: ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെ തുടർന്ന് മുൻ കെപിസിസി അധ്യക്ഷൻ കെ. സുധാകരനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സ്വകാര്യ ചടങ്ങിൽ പങ്കെടുക്കാൻ തൃശൂരിലെത്തിയപ്പോൾ തലകറക്കം അനുഭവപ്പെടുകയായിരുന്നു. തുടർന്ന് തൃശൂർ സൺ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. ആശുപത്രിയിലെ ജനറൽ മെഡിസിൻ, ന്യൂറോളജി വിഭാഗത്തിലെ ഡോക്ടർമാരാണ് സുധാകരനെ പരിശോധിക്കുന്നത്. എംആർഐ സ്കാനെടുക്കാൻ നിർദേശിച്ചിട്ടുണ്ട്. പരിശോധനാഫലം വരുന്നതിനനുസരിച്ച് തുടർചികിത്സ നൽകുമെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

# ഏലിയാമ്മ ഏബ്രഹാം അന്തരിച്ചു



ന്യൂയോർക്ക്: ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭയുടെ സജീവാംഗം റാന്നി ചെട്ടിമുക്ക് കരിങ്കുറ്റിമണ്ണിൽ മത്തായി ഏബ്രഹാമിന്റെ ഭാര്യ ഏലിയാമ്മ ഏബ്രഹാം (പൊടിയമ്മ-93) ന്യൂയോർക്കിൽ അന്തരിച്ചു. റാന്നി കാച്ചാണത്ത് കുടുംബാംഗമാണ്. മക്കൾ: പാസ്റ്റർ മൈക്കിൾ ജോൺസൺ, അമ്മിണി തോമസ്, ഏബ്രഹാം കെ. ഏബ്രഹാം, ലീലാമ്മ തോമസ്, ജെസി സാമുവേൽ (എല്ലാവരും യുഎസ്). മരുമക്കൾ: ഓതറ പൊന്നോലിൽ ഡെയ്സി ജോൺസൺ, റാന്നി കുടമല പരേതനായ നൈനാൻ തോമസ്, കാനം തയ്യാലയ്ക്കൽ അമ്മിണി ഏബ്രഹാം, കുമ്പനാട് തീക്കോയിപ്പുറത്ത് സാം തോമസ്, പന്തളം കോടിയാട്ട് നൈനാൻ സാമുവൽ (എല്ലാവരും യുഎസ്).

സംസ്കാര ശുശ്രൂഷകൾ 20-ന് വൈകിട്ട് 5 മുതൽ 8.30 വരെ ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി ദൈവസഭയിൽ (100 Periwinkle Rd, Levittown, NY 11756, United States). 21-ന് ചൊവ്വാഴ്ച രാവിലെ 9 മുതൽ സംസ്കാര ശുശ്രൂഷകൾ സഭാ ഹാളിൽ ആരംഭിക്കുന്നതും 12-ന് പോർട്ട് വാഷിങ്ടൺ നാസോ ക്നോൾസ് മെമ്മോറിയൽ പാർക്ക് സെമിത്തേരിയിൽ സംസ്കരിക്കുന്നതുമാണ്. www.unitechtv.us എന്ന ലിങ്കിൽ സംസ്കാര ശുശ്രൂഷകളുടെ തത്സമയ സംപ്രേക്ഷണം ഉണ്ടായിരിക്കും.

വാർത്ത: നിബു വെള്ളവന്താനം

# കരാറുകാരെ സ്ഥിരപ്പെടുത്താൻ പ്രവാസി ബോർഡും നോർക്കയും

തിരുവനന്തപുരം: കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് വകുപ്പുകളിൽ നിന്നും സെക്രട്ടേറിയറ്റിലേക്ക് കൂടുതൽ കത്തുകൾ. പത്ത് വർഷത്തിലേറെയായി ജോലി ചെയ്യുന്ന 9 ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വകുപ്പു സെക്രട്ടറിക്ക് കത്തു നല്കി.

നോർക്കയിലെ പത്ത് കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്താനും ഫയൽ നീക്കിത്തുടങ്ങി. നേരത്തെ സാംസ്കാരിക വകുപ്പിനു കീഴിലെ വിവിധ സ്ഥാപനങ്ങൾ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് കത്ത് നല്കിയിരുന്നു. പട്ടികജാതി വികസന ഡയറക്ടറും സമാന കത്തയച്ചിരുന്നു.

സർക്കാർ കാലാവധി പൂർത്തിയാക്കും മുൻപ് വിവിധ വകുപ്പുകളിലെ കരാർ ജീവനക്കാരെ കൂട്ടത്തോടെ സ്ഥിരപ്പെടുത്തുകയാണ് ലക്ഷ്യം. കൂടുതലും രാഷ്ട്രീയ സ്വാധീനംവഴി കരാർ ജോലി ലഭിച്ചവരാണ്. വി.എസ്, ഉമ്മൻ ചാണ്ടി സർക്കാരുകളുടെ കാലത്ത് കയറിപ്പറ്റിയവരാണ് പലരും. സ്ഥിരപ്പെടുത്തൽ നീക്കമറിഞ്ഞ്, ഒന്നാം പിണറായി സർക്കാരിന്റെ തുടക്കകാലത്തു കരാർജോലി നേടിയവരും ആവശ്യവുമായി രംഗത്തുണ്ട്.

നടപടിക്ക് ചട്ടങ്ങളും കോടതിവിധികളും തടസ്സമായതിനാൽ ശിപാർശകൾ നേരിട്ടു മന്ത്രിസഭയിലെത്തിച്ച് അനുമതി നല്കാനാണ് നീക്കം. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഇലക്ട്രീഷ്യൻ തസ്തികയിൽ കരാർ ജോലി ചെയ്തുകൊണ്ടിരുന്നയാളെ ജൂലൈയിൽ ഉന്നത വിദ്യാഭ്യാസവകുപ്പ് സ്ഥിരപ്പെടുത്തിയിരുന്നു. ഇതിന്റെ ചുവടുപിടിച്ചാണ് പട്ടിക വികസന ഡയറക്ടർ, തന്റെ ഡ്രൈവറെ സ്ഥിരപ്പെടുത്താൻ സർക്കാരിന് കത്ത് നല്കിയത്. ഇതിനു പിന്നാലെയാണ് വിവിധ വകുപ്പുകളും എത്തിയത്.

# ചെന്താമരയ്ക്ക് ഇരട്ടജീവപര്യന്തം

പാലക്കാട്: നെന്മാറ സജിത വധക്കേസിലെ പ്രതി പോത്തുണ്ടി തിരുത്തമ്പാടം ബോയൻസ് നഗറിലെ ചെന്താമരയ്ക്ക് (60) ജീവപര്യന്തം തടവും 3.25 ലക്ഷം രൂപ പിഴയും ശിക്ഷ. രണ്ട് വകുപ്പുകളിലായി രണ്ട് ജീവപര്യന്തം ലഭിച്ചെങ്കിലും ശിക്ഷ ഒന്നിച്ചനുഭവിച്ചാൽ മതി. പാലക്കാട് നാലാം അഡീഷണൽ ജില്ലാ കോടതി ജഡ്ജി കെന്നത്ത് ജോർജാണ് വിധി പ്രസ്താവിച്ചത്. കൊലക്കേസിൽ ജാമ്യത്തിലിറങ്ങി സജിതയുടെ ഭർത്താവിനെയും അമ്മയെയും കൂടി വെട്ടിക്കൊന്നതോടെ കൊടുംകുറ്റവാളികളുടെ പട്ടികയിലുൾപ്പെട്ടയാളാണ് ചെന്താമര. സജിത വധക്കേസിൽ ജാമ്യത്തിലിറങ്ങിയാണ് ചെന്താമര ജനുവരി 27-ന് സജിതയുടെ ഭർത്താവ് സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെ വെട്ടിക്കൊലപ്പെടുത്തിയത്.



കൊല ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ മുൻവൈരാഗ്യത്തോടെ പ്രതി കുറ്റകൃത്യം നടത്തിയെന്ന് കോടതി നിരീക്ഷിച്ചു. ഹൈക്കോടതിയോ സർക്കാരോ പ്രതിക്ക് പരോൾ അനുവദിക്കുന്ന സാഹചര്യമുണ്ടായാൽ സാക്ഷികൾക്കും മരിച്ചയാളുടെ ബന്ധുക്കൾക്കും സർക്കാർ മതിയായ സുരക്ഷ ഉറപ്പാക്കുകയും വേണം.

പ്രതിക്ക് മാനസാന്തരമുണ്ടാകാൻ സാധ്യതയില്ലെന്ന പ്രൊബേഷണറി ഓഫീസറുടെ റിപ്പോർട്ടും വിധിയിൽ കോടതി പരാമർശിച്ചിട്ടുണ്ട്.

# തീർപ്പാക്കാതെ എട്ടു ലക്ഷത്തിൽപ്പരം ഹർജികൾ

ന്യൂഡൽഹി: ഹർജികൾ തീർപ്പാക്കാതെ വൻതോതിൽ കെട്ടിക്കിടക്കുന്നതിൽ കടുത്ത ആശങ്ക പ്രകടിപ്പിച്ച് സുപ്രീം കോടതി.

ഇന്ത്യയാകെ ജില്ലാ കോടതികളിൽ 8,82,578 സിവിൽ കേസുകളിലെ ഹർജികളാണു തീർപ്പാകാതെ കിടക്കുന്നത്. ഇത്തരം ഹർജികൾ ആറു മാസത്തിനകം തീർപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഹൈക്കോടതികൾക്ക് സുപ്രീം കോടതിയുടെ നിർദേശമുണ്ട് എന്നിരിക്കെയാണ് കേസുകൾ തീർപ്പാക്കാൻ വൈകുന്നത്.

ഇതുസംബന്ധിച്ച് ഹൈക്കോടതികളിൽനിന്ന് ലഭിക്കുന്ന കണക്കുകൾ നിരാശപ്പെടുത്തിയെന്ന് ജസ്റ്റിസുമാരായ ജെ.ബി.പർദിവാലയും ജസ്റ്റിസ് പങ്കജ് മിത്തലും അടങ്ങിയ ബെഞ്ച് ഉത്തരവിൽ നിരീക്ഷിച്ചു.

നേരത്തേ ഒരു കേസിൽ 2025 മാർച്ച് ആറിന് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കിയോ എന്ന കാര്യം പരിശോധിക്കവേയാണു കോടതി കേസ് തീർപ്പാക്കാൻ സാധിക്കാത്തതിൽ ആശങ്ക അറിയിച്ചത്. ഏറ്റവും കൂടുതൽ ഹർജികൾ തീർപ്പാകാതെ കിടക്കുന്നത് ബോംബെ ഹൈക്കോടതിയുടെ അധികാരപരിധിയിലാണ് - 3.41 ലക്ഷം ഹർജികൾ. മദ്രാസ് ഹൈക്കോടതിക്കു കീഴിൽ 86,148 ഹർജികളും കേരളത്തിൽ 82,997 ഹർജികളുമാണ് തീർപ്പുകൽപ്പിക്കാൻ കാത്തുകിടക്കുന്നത്.

കഴിഞ്ഞ ആറു മാസത്തിൽ 3,38,685 ഹർജികൾ തീർപ്പാക്കിയിട്ടുണ്ട്. എന്നാൽ, ഇപ്പോഴും തീർപ്പാകാതെ കിടക്കുന്ന ഹർജികളുടെ എണ്ണം അതിന്റെ ഇരട്ടിയിലധികമാണെന്ന കാര്യം സുപ്രീംകോടതി ചൂണ്ടിക്കാട്ടി.

കർണാടക ഹൈക്കോടതി ഈ കണക്ക് ഇതുവരെ സമർപ്പിക്കാത്തതിൽ സുപ്രീംകോടതി അതൃപ്തി പ്രകടിപ്പിച്ചു.

രണ്ടാഴ്ചയ്ക്കകം വിശദീകരണം നൽകണമെന്ന് ഹൈക്കോടതിയുടെ രജിസ്ട്രാർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

# SEEKING BRIDEGROOM

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

## SEEKING BRIDEGROOM CONTD.....

raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US.
Please Contact: **516-554-5698 or 516-554-5681**

## കെ.വി. പീറ്റർ

**ഗാന്ധിനഗർ:** ചാത്തുണ്ണിപ്പാറ കരിമ്പുമാലിയിൽ കെ.വി. പീറ്റർ (പാപ്പച്ചൻ-80) അന്തരിച്ചു. ഭാര്യ ഏറ്റുമാനൂർ ഇരുപ്പയിൽ ത്രേസ്യാമ്മ. മക്കൾ: ആഷ (യുഎസ്), പരേതനായ അനിൽ, എബി (മാൾട്ട). മരുമക്കൾ: മാത്യു ജോൺ പാലാക്കുഴായിൽ (യുഎസ്), ജോസിയ പി. ജോയി പോളക്കാട്ട് (മാൾട്ട).

## കെ.എം. ഫിലിപ്പ്



**ഡാളസ്:** കരിപ്പുഴ കാരനാട്ടു കുടുംബാംഗം കെ.എം. ഫിലിപ്പ് (നെബു-79) അന്തരിച്ചു. ഡാളസ് സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ഇടവകാംഗമാണ്. ഭാര്യ ഏലിയാമ്മ (മോളി) എഴുമറ്റൂർ കുന്നുംപുറത്ത് കുടുംബാംഗം. മക്കൾ: സിമി ബിനോജ് (ഡാളസ്), മാത്യു ഫിലിപ്പ് (ഹൂസ്റ്റൺ). മരുമക്കൾ: ബിനോജ് പീറ്റർ, എമി മാത്യു. സഹോദരങ്ങൾ: കുര്യൻ മാത്യു, പരേതരായ റോയ് മാത്യു, ബാബു മാത്യു, ജോർജ് മാത്യൂസ് (സണ്ണി), ശാന്തമ്മ ജേക്കബ്.

## പാസമ്മ പോൾ ദാസ്



**ന്യൂയോർക്ക്:** പ്രമുഖ കമ്യൂണിറ്റി നേതാവും സാമൂഹിക പ്രവർത്തകനുമായ തിരുവനന്തപുരം സ്വദേശി മത്തായി പി. ദാസിന്റെ ഭാര്യ പാസമ്മ പോൾ ദാസ് (പൊന്നമ്മ-76) റോക്ക്ലാൻഡിൽ അന്തരിച്ചു. മക്കൾ: സാൻഡി, ജൂലി. സാജു. മരുമക്കൾ: ജോയ്ദീപ് റോയ് ചൗധരി, സീമ. സഹോദരങ്ങൾ: റസൽ, ജയൻ, ഗ്ലോറിയ. ഇടയ്ക്കോട് സ്കൂൾ പ്രിൻസിപ്പൽ പോൾ ഡേവിഡിന്റെയും സ്നേഹപ്പൂ പോളിന്റെയും മകളായ പാസമ്മ മാർത്താണ്ഡം വനിതാ കോളജിൽ പഠനം നടത്തിയശേഷം ആൽബനിയിലെ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് കംപ്യൂട്ടറിൽ ബിരുദം നേടി. ന്യൂസിറ്റിയിലെ സെ. ജോർജ് സിറിയൻ ഓർത്തഡോക്സ് പള്ളിയിലെ സമർപ്പിത കുടുംബമായിരുന്നു.


**കോട്ടയം:** പനംപുന്നയിൽ തോമസ് പി. തോമസ് (കുഞ്ഞുമോൻ-83) അന്തരിച്ചു.

## സിസിലിയാമ്മ ജോസഫ് ഇടയാടിയിൽ



**കരിങ്കുന്നം:** ഇടയാടിയിൽ സിസിലിയാമ്മ ജോസഫ് (89) അന്തരിച്ചു. സഹോദരങ്ങൾ: പരേതയായ ലീലാമ്മ, റീത്താ കാർവാൾ (തങ്കമ്മ-യുഎസ്), അക്കാമ്മ (ഇറ്റലി), പരേതനായ ജോസ് ജോസഫ്, അഗസ്റ്റിൻ (യുഎസ്), ഡെയ്സി (യുഎസ്), പരേതനായ സ്റ്റാൻലി, പരേതനായ സണ്ണി, സ്റ്റീഫൻ (കുഞ്ഞുമോൻ-യുഎസ്), പരേതനായ ജോജോ (മധു).

## തോമസ് ജേക്കബ്



**ന്യൂജേഴ്സി:** കോട്ടയം കളത്തിപ്പടി കേളയിൽ തോമസ് ജേക്കബ് (ഉണ്ണി-81) ന്യൂജേഴ്സിയിൽ അന്തരിച്ചു. ഭാര്യ ഈട്ടിമൂട്ടിൽ മോളി ജേക്കബ്, തെങ്ങുക്കാവ്. മക്കൾ: ജെന്നി, ജെമി, ഗായിക ജിനു. മരുമക്കൾ: അനീഷ്, ലിലിബ്, വിശാൽ.

**ബെംഗ്ലൂരു:** പ്രശസ്ത ഗാനരചയിതാവും സംവിധായകനുമായിരുന്ന പി. ഭാസ്കരന്റെ സഹോദരി കൊടുങ്ങല്ലൂർ പുല്ലൂറ്റു പാടത്ത് പത്മം ഉണ്ണി നായർ (97) അന്തരിച്ചു.

## റോസമ്മ കുര്യാക്കോസ്

**കൂത്താട്ടുകുളം:** തിരുമാറാടി പനച്ചയിൽ റോസമ്മ കുര്യാക്കോസ് (74) അന്തരിച്ചു. തോട്ടക്കര വള്ളമറ്റം കുടുംബാംഗമാണ്. ഭർത്താവ് കുര്യാക്കോസ്. മക്കൾ: ഷിന്റ (യുഎസ്), റീന (ഓസ്ട്രേലിയ), സിസ്റ്റർ നിർമ്മൽ (എസ്.എച്ച് കോൺവന്റ് ഞാറക്കാട്),ബോണി (ഫാർമേഴ്സ് ബാങ്ക് കൂത്താട്ടുകുളം). മരുമക്കൾ: അലക്സ് മാത്യു പുളിക്കൽ നാഗപ്പുഴ, ഡേവിസ് ജോൺ തായങ്കരി കുമ്പളം, ട്രീസ വളവനാട്ട് തേവര.

**കുമളി:** കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമലൈറ്റ് മഠാംഗവും തേക്കടി അമലാംബിക ഇംഗ്ലീഷ് മീഡിയം സ്കൂൾ റിട്ട. അദ്ധ്യാപികയുമായ സിസ്റ്റർ ഗൊരേത്തി (96) അന്തരിച്ചു.

## ശോശാമ്മ ജോസ്

**പൂഞ്ഞാർ:** പയ്യാനിത്തോട്ടം വഴക്കുഴയിൽ (ആലഞ്ചേരിൽ) ശോശാമ്മ ജോസ് (73) അന്തരിച്ചു. ഭർത്താവ് എ.ജെ. ജോസ് ആലഞ്ചേരിൽ. മക്കൾ: ഷൈൻ ജോസ് (യുഎസ്), ഗോൾഡ് നിധിൻ (റിയാദ്). മരുമക്കൾ: റെജി മോൾ പരപരാകത്ത് തിടനാട് (യുഎസ്), നിധിൻ ഏലിയാസ് തെന്നശ്ശേരിൽ മുളന്തുരുത്തി (പ്രഫ. അമൃത നേഴ്സിങ് കോളജ് എറണാകുളം).

**കൊച്ചി:** മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ സാഹിത്യ ജീവിതത്തിൽ ഏറെക്കാലം പിന്തുണയും ഊർജവുമായി നിന്ന മകൾ രാധ (86) അന്തരിച്ചു.

**പള്ളുരുത്തി:** മേക്കപ്പ് ആർട്ടിസ്റ്റ് എ.പി. ബാബു (78) അന്തരിച്ചു.

## ജേക്കബ് മാടമന



**ഡാളസ്:** ഗാർലൻഡ് സിറ്റിയിൽ ഗ്രേസ് ഇൻഷുറൻസ് ഏജൻസി സ്ഥാപകനും സെ. മേരീസ് സീറോമലബാർ ചർച്ച് അംഗവുമായ ജിൻസ് മാടമനയുടെ പിതാവ് ജേക്കബ് മാടമന (87) ചേർത്തലയിൽ അന്തരിച്ചു. പരേതയായ മറിയാമ്മ ഈരാറ്റുപുഴയാണ് ഭാര്യ. മറ്റുമക്കൾ: ജോസി മാടമന (ഓസ്ട്രേലിയ), ജെസ്സി റോയ്, ജോണി മാടമന, ജോജി മാടമന, ജോമി മാടമന, ജോജി മാടമന. മരുമക്കൾ: ടെസ്സി, റോയ് വാതപ്പള്ളിൽ, സുനി, സുസ്മി, സിനി, മിനി, മേരിലിൻ. കേരള അസോസിയേഷൻ ഓഫ് ഡാളസ്, ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ, ഡാളസ് മലയാളി അസോസിയേഷൻ, സെ. തോമസ് സീറോമലബാർ ചർച്ച് അംഗങ്ങൾ എന്നിവർ പരേതന്റെ നിര്യാണത്തിൽ അനുശോചനം അറിയിച്ചു.

**കുറുപ്പന്തറ:** റിട്ട. സബ് ഇൻസ്പെക്ടർ കിഴക്കേക്കാലായിൽ കെ.വി. ഇമ്മാനുവേൽ (93) അന്തരിച്ചു.

## ലീലാമ്മ ടൈറ്റസ്

**ചാലിശേരി:** പുലിക്കോട്ടിൽ കുടുംബാംഗമായ ബോംബെ അന്ധേരി ഈസ്റ്റ് കൽപിത എൻക്ലേവിൽ പനംപുന്ന ലീലാമ്മ ടൈറ്റസ് (81) അന്തരിച്ചു. ഭർത്താവ് പരേതനായ ടൈറ്റസ്. മക്കൾ: ഹൈമ കുര്യൻ (ഓസ്ട്രേലിയ), സക്കറിയ ടൈറ്റസ് (ഫിറോസ് ഫ്രം റോസ് മുംബൈ), കുര്യൻ ടൈറ്റസ് (യുഎസ്). മരുമക്കൾ: വിജു കുര്യൻ, റീന സക്കറിയ, ശോഭി.

## കെ.സി. ചുമ്മാർ കുറുപ്പംപറമ്പിൽ




**ചിക്കാഗോ:** ജോസി കുറുപ്പംപറമ്പിലിന്റെ പിതാവ് കെ.സി. ചുമ്മാർ (ചുമ്മാർ സാർ-റിട്ട. ഹെഡ്മാസ്റ്റർ-97) അന്തരിച്ചു. ഭാര്യ ആനി ചുമ്മാർ കുമരകം വായിത്തറ കുടുംബാംഗമാണ്. മക്കൾ: ജെസ്സി-തോമസ് വെട്ടത്തുകണ്ടത്തിൽ (ചിക്കാഗോ), ഷാജി-ജില്ലി കുറുപ്പംപറമ്പിൽ (തിരുവനന്തപുരം), ബിജി-ബെന്നി വെളുത്തേടത്തുപറമ്പിൽ (ഹൂസ്റ്റൺ), ജോസി-ഷാനി കുറുപ്പംപറമ്പിൽ (ചിക്കാഗോ).

## ഡോ. രാജമ്മ ജോൺ

**കുറിച്ചി:** ആംഗ്ലിക്കൻ ആർച്ച്ബിഷപ് ഡോ. സ്റ്റീഫൻ വട്ടപ്പാറയുടെ ഭാര്യ കോട്ടയം മെഡിക്കൽ കോളജ് റിട്ട. ചീഫ് ഗൈനക്കോളജിസ്റ്റ് ഡോ. രാജമ്മ ജോൺ (77) അന്തരിച്ചു. മക്കൾ: സ്റ്റെഫനോസ് വട്ടപ്പാറ യുഎസ് (ആംഗ്ലിക്കൻ ചർച്ച് ഓഫ് ഇന്ത്യ സിനഡ് ചെയർമാൻ), ഡോ. മറിയാമ്മ സ്റ്റീഫൻ (കാലിഫോർണിയ). മരുമക്കൾ: നൈസി ജോൺ, സിജു ജോർജ് (ഇരുവരും യുഎസ്).

## ചാക്കോ ജോൺ



**സിയാറ്റിൽ (വാഷിങ്ടൺ):** തൃശൂർ കുട്ടാല പുത്തൻപുരയ്ക്കൽ ജോൺ മകൻ ചാക്കോ (കുഞ്ഞച്ചൻ-81) സിയാറ്റിൽ അന്തരിച്ചു. സിയാറ്റിൻ ഐപിസി സഭാംഗമാണ്. ഭാര്യ സാറാമ്മ (കുഞ്ഞുപെണ്ണ്). മക്കൾ: ബിജു ചാക്കോ (മെയ്ജോ), മിനി ജോസ്. മരുമക്കൾ: ജെസ്സി ബിജു, ജോസ് (എല്ലാവരും സിയാറ്റിൽ).

**തിരുവനന്തപുരം:** നടനും സംവിധായകനും സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാനുമായ കെ. മധുപാലിന്റെ അമ്മ കാഞ്ഞിരംപാറ കണ്ണമ്പത്ത് രുക്മിണിയമ്മ (90) അന്തരിച്ചു.

**കടുത്തുരുത്തി:** മാന്നാർ വല്യാറമ്പത്ത് റിട്ട. ടീച്ചർ ഏലമ്മ ജോർജ് (82) അന്തരിച്ചു.

## ഐവി ജോർജ്

**അടൂർ:** കാഞ്ഞിരക്കാട്ട് ബംഗ്ലാവിൽ ഐവി ജോർജ് (89) അന്തരിച്ചു. ഭർത്താവ് തിരുവല്ല ഇരുവള്ളിപ്ര കാഞ്ഞിരത്തറ കെ.സി. ജോർജ്. മക്കൾ: കിഷോർ, ഷാജി, ഷൈല. മരുമക്കൾ: ബാരി, ഷാനി, അലക്സ് (എല്ലാവരും യുഎസ്).

## ഡോ. വി.പി. തോമസ്

**മറ്റക്കര:** വാഴപ്പള്ളിൽ ഡോ. വി.പി. തോമസ് (മാത്തുക്കുട്ടി-84) അന്തരിച്ചു. ഭാര്യ മാളിയേക്കൽ പരേതയായ അന്നമ്മ തോമസ് (റിട്ട. ടീച്ചർ സെ. ജോസഫ് ജിഎച്ച്എസ് മുത്തോലി). മക്കൾ: ജിബി ടോം, ജിമ്മി ടോം, റോസ്മി ജോജോ (മൂവരും യുഎസ്), ജോസ് ടോം (കൊച്ചിൻ എയർപോർട്ട്). മരുമക്കൾ: മിനി വർഗീസ് ചൂടുകാട്ടിൽ എടത്വ, ലിൻസി തോമസ് പഴപ്ലാക്കൽ തൊടുപുഴ, ജോജോ കെ. ചെറിയാൻ കരിപ്പാപറമ്പിൽ കാഞ്ഞിരപ്പള്ളി (മൂവരും യുഎസ്), ടിഡാ തോമസ് പുളിക്കൽ പാലാ (ജിഎംഎച്ച്എസ്എസ് ചെറുവട്ടൂർ).

## അശോക് നായർ



**ഫ്രിസ്കോ (ഡാളസ്):** റാന്നി പുല്ലുപുറം തറമണ്ണിൽ അശോക് നായർ (63) ഡാളസിൽ അന്തരിച്ചു. ന്യൂജേഴ്സിയിലെ താമസത്തിനുശേഷം 20 വർഷമായി ഡാളസിലെ ഫ്രിസ്കോയിൽ താമസമാക്കി. സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ സജീവ സാന്നിദ്ധ്യമായിരുന്നു. ഭാര്യ: ശ്രീകല അശോക്. മക്കൾ: സാഗർ നായർ, സ്വാതി നായർ. മരുമക്കൾ: മോനിഷ മോഹൻ, അശ്വൻ നായർ. സഹോദരങ്ങൾ: സരസമ്മ നായർ (ന്യൂജേഴ്സി), പത്മിനി പിള്ള, ലളിതാ ഗംഗാധരൻ (ഇരുവരും ഇന്ത്യ), ലീല സ്വാമി (ഒഹായോ), തങ്കമണി നായർ, അജയ് നായർ (ഇരുവരും ന്യൂജേഴ്സി).

**തിരുവല്ല:** കിഴക്കൻ മുത്തൂർ കരിസ്മ എന്റർപ്രൈസസ് ഉടമ പേഴുംപാറ ബ്ലെസി സാംസൺ (48) യുകെയിൽ അന്തരിച്ചു.

## മേരി കുര്യാക്കോസ്

**രാമമംഗലം:** കുന്നുംപുറത്ത് മേരി കുര്യാക്കോസ് (79) അന്തരിച്ചു. ഭർത്താവ് പരേതനായ കുര്യാക്കോസ്. മക്കൾ: സിനി (യുകെ), മിനി (യുഎസ്), എൽദോ. മരുമക്കൾ: മൂവാറ്റുപുഴ മുതുക്കാട്ടിൽ ജോസ് (യുകെ), റാന്നി ആലപ്പാട്ട് ജേക്കബ് (യുഎസ്), തിരുവല്ല പൂവത്തുപറമ്പിൽ ജയ്നി.

## പ്രഫ. ഡോ. ജോർജ് സഖറിയ

**ചെങ്ങന്നൂർ:** ക്രിസ്ത്യൻ കോളജ് ഇക്കണോമിക്സ് വിഭാഗം മേധാവിയും പ്രിൻസിപ്പലുമായിരുന്ന അങ്ങാടിക്കൽ തെക്ക് വല്യപറമ്പിൽ പ്രഫ. ഡോ. ജോർജ് സഖറിയ (82) അന്തരിച്ചു. മേക്കൊഴൂർ ഐപ്പുണ്ണിൽ കുടുംബാംഗമാണ്. ഭാര്യ ചേപ്പാട് പുരയ്ക്കൽ മേരി മാത്യു (റിട്ട. അദ്ധ്യാപിക, ഗവ. എച്ച്.എസ്എസ് അങ്ങാടിക്കൽ) മക്കൾ: റെനി മാത്യു, മെറിൻ സഖറിയ (ഇരുവരും യുഎസ്), അരുൺ ജോർജ് സഖറിയ (ബെംഗ്ളൂരു). മരുമക്കൾ: സജി ജോൺ മാത്യു, റവ. ബിജു പി. സൈമൺ (ഇരുവരും യുഎസ്), പ്രീതാ അന്ന ആൻഡ്രൂസ് (ബെംഗ്ളൂരു).

## അന്നമ്മ തോമസ്



**ഡാളസ്:** തലവടി പരുവമൂട്ടിൽ വീട്ടിൽ അന്നമ്മ തോമസ് (82) അന്തരിച്ചു. ഡാളസ് സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച് മുൻ വികാരിയും കൈതക്കുഴി സെന്റ് തോമസ് മാർത്തോമ്മാ ദേവാലയത്തിലെ വികാരിയുമായ റവ. തോമസ് മാത്യു പി.യുടെ മാതാവാണ് പരേത.

**മുണ്ടക്കയം:** മറീന ഹോട്ടൽ ഉടമ തെക്കേവയലിൽ കുര്യൻ വർഗീസിന്റെ ഭാര്യ പാലൂർക്കാവ് ഗവ. യുപിഎസ് റിട്ട. പ്രധാനാദ്ധ്യാപിക ടി.എം. ട്രീസ (64) അന്തരിച്ചു.

## പി.സി. മാത്യു

**മണർകാട്:** എൽഐസി റിട്ട. ഓഫീസർ പൈനുങ്കൽ പി.സി. മാത്യു (കുഞ്ഞുമോൻ-85) അന്തരിച്ചു. ഭാര്യ പാമ്പാടി തിടുതിടുപ്പിൽ ഗ്രേസി മാത്യു (റിട്ട. പ്രധാനാദ്ധ്യാപിക അരീപ്പറമ്പ് സ്കൂൾ). മക്കൾ: അനു (കൃഷിവകുപ്പ് തൃശൂർ), സൂസൻ (ദുബായ്), ഡിന്നി (ഇന്തോനേഷ്യ), ധന്യ (അഡ്വെജൻ ഫാർമ യുഎസ്), മരുമക്കൾ: ജോൺ കവലക്കാട്ട് (അങ്കമാലി), നോബി ജോസഫ് തറയത്ത് എറണാകുളം (ദുബായ്), താജ് മാത്യു കല്ലുങ്കൽ കോടനാട് (ഇന്തോനേഷ്യ), ജെയ്സൺ ചാക്കോ നെടുമാംകുന്നേൽ മുണ്ടക്കയം (യുഎസ്).

**പറത്താനം:** മുൻ രാജ്യാന്തര ലോങ്ജംപ് താരവും റിട്ട. റെയിൽവേ ഉദ്യോഗസ്ഥനുമായ മടിക്കാങ്കൽ എം.സി. സെബാസ്റ്റ്യൻ (ഷാജി-59) അന്തരിച്ചു.

**റാന്നി:** ഐത്തല വടക്കേമുറിയിൽ പാസ്റ്റർ തോമസുകുട്ടിയുടെ ഭാര്യ റോസമ്മ തോമസ് (62) അന്തരിച്ചു.

# CAREGIVER WANTED IN CHICAGO SUBURB

ചിക്കാഗോയുടെ സബർബായ നോർത്ത് ലെയ്ക്കിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 days, 5 hours daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ ബന്ധപ്പെടുക:**

**847-648-3300**

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, New York*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, New York*

**Visit Our Website:** www.keralaexpress.com for Classified Advt.

# DOMESTIC HELP NEED IN MICHIGAN

Family of 4 with 2 kids aged 9 and 5 seeking domestic help who can cook healthy Kerala food and help with light house cleaning. Lives in Michigan. Salary negotiable.

**Please contact**

**Jinu Mathew at 810-412-8554**

**for further details.**

# DOLLAR-GROCERY STORE FOR SALE

Dollar Store Grocery Store for sale in the Chicago West side area. Biggest 5000 Sq.Ft. store, $50,000.00 gross Sale a month. You can earn extra income on Gaming Machines. Very profitable business. Rent $ 3,200 a month. We don't sell tobacco and lottery. Too much improvement in business. Asking price $ 95,000.00 plus inventory or best offer. Interested people or serious buyers only.

**Call: 773-443-1733**

# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

## *Favors Received*



*Inserted by: Firm Believer, Chicago*




# നോൺ ഫീച്ചർ ഫിലിം വിഭാഗത്തിൽ ദേശീയ പുരസ്കാരം നേടിയ മീനാക്ഷി സോമന്റെ സിനിമാ യാത്രകൾ



കണക്കുകളുമായി കളിച്ചു വളർന്ന പെൺകുട്ടി. ഇന്നവൾ ഇന്ത്യൻ സിനിമയുടെ ഛായാഗ്രഹണരംഗത്ത് തിളങ്ങുന്ന നക്ഷത്രമായിരിക്കുന്നു. 2025-ലെ ദേശീയ ചലച്ചിത്ര അവാർഡുകളിൽ, തമിഴ് ഹ്രസ്വചിത്രമായ 'ലിറ്റിൽ വിംഗ്സ്' വഴി മികച്ച ഛായാഗ്രഹണത്തിനുള്ള രജത കമലം നേടിയത് മീനാക്ഷി സോമനാണ്, വെറും പതിനെട്ടര വയസിൽ കാമറ കൈപിടിച്ചെടുത്ത പ്രതിഭ!

കൊൽക്കത്തയിലെ സത്യജിത് റേ ചലച്ചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു ഛായാഗ്രഹണത്തിൽ പിജി ബിരുദം നേടി വളരെ വേഗത്തിൽത്തന്നെ സിനിമാ താരാപഥത്തിൽ ഉയർന്ന മീനാക്ഷിക്ക് ആ യാത്രയുടെ ദൂരം അത്ര ചെറുതായിരുന്നില്ല.

മീനാക്ഷിയുടെ സിനിമകളിലേക്കുള്ള കടന്നുവരവ് കണക്കുകളുടെ ലോകംവിട്ടാണ്. പതിനെട്ടാം വയസിൽ അവളെ ആകർഷിച്ചത് കാമറകളുടെ കാഴ്ചകളായിരുന്നു. ചെറിയൊരു ആഗ്രഹമായാണ് തുടങ്ങിയതെങ്കിലും പതിയെ അതിന്റെ തീനാളം കുടുംബത്തെവരെ വേട്ടയാടിക്കൊണ്ടിരുന്നു. നാലുവർഷം നീണ്ട ഐഐടി പരിശീലനം, മികച്ച പഠനഫലം എല്ലാം പിന്നിലേക്കു തള്ളിയാണ് മീനാക്ഷി തന്റെ സ്വപ്നപാതയിലേക്കു കാലെടുത്തുവച്ചത്.

പൂനെ സിംബയോസിസ് ഇൻസ്റ്റിറ്റ്യൂട്ടിലെ മീഡിയ പഠനവും പിന്നീട് കൊൽക്കത്ത ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ഛായാഗ്രഹണത്തിലെ പിജി ബിരുദവും മീനാക്ഷിയെ സിനിമയിലെ പ്രധാന സാന്നിദ്ധ്യമാക്കിമാറ്റി.

ഹ്രസ്വചിത്രങ്ങളും ഡോക്യുമെന്ററികളും വഴി അവൾ തന്റെ പാത തേടിയിരുന്നു. 2021-ൽ, ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യ (ഐഎഫ്എഫ്ഐ)യുടെ 75 മികച്ച പ്രതിഭകളിൽ ഒരാളായി തെരഞ്ഞെടുക്കപ്പെട്ടു.

"മക്കളുടെ ചെറിയ ആഗ്രഹങ്ങൾ പലപ്പോഴും രക്ഷിതാക്കൾക്ക് ആദ്യം മനസിലാകാറില്ല. പക്ഷേ, അവളുടെ സ്വപ്നങ്ങൾക്ക് ഞങ്ങൾ സ്ഥാനമനുവദിച്ചു" എന്നായിരുന്നു മീനാക്ഷിയുടെ അമ്മയുടെ വാക്കുകൾ.

"ഒരു ദിവസം മോൾ പറഞ്ഞു - സാരി ഉടുത്ത്, മുടി വിടർത്തി, രാഷ്ട്രപതിയുടെ കൈയിൽനിന്ന് അവാർഡ് ഏറ്റുവാങ്ങണം. ഞാനത് കേട്ടപ്പോൾ അദ്ഭുതപ്പെട്ടു പോയി. ആ സ്വപ്നം സാക്ഷാത്കരിക്കട്ടെയെന്ന് എന്റെ മനസ് മന്ത്രിച്ചു. ഇന്ന് അത് സത്യമായി." അമ്മ മിനിയുടെ വാക്കുകൾ.



കോവിഡ് നിയന്ത്രണങ്ങൾക്കിടെ ടൂവീലറിൽ ഒറ്റയ്ക്കു കൊച്ചിയിൽ നിന്നു മൂന്നാർ വഴി ബോഡിനായ്ക്കന്നൂരിലെ ലൊക്കേഷനിലേക്ക്.

350 കിലോമീറ്റർ നീണ്ട ആ യാത്രകൾ മീനാക്ഷി സോമനെ എത്തിച്ചത് രാഷ്ട്രപതി ദ്രൗപദി മുർമുവിന് അരികിൽ. മികച്ച ഛായാഗ്രഹണത്തിനുള്ള ദേശീയ ചലച്ചിത്ര പുരസ്കാരം നേടിയെടുക്കുന്നതിന് വഴി തുറന്നതും ആ സ്കൂട്ടർ യാത്രയായിരുന്നു.

'ലിറ്റിൽ വിംഗ്സ്' എന്ന തമിഴ് ഹ്രസ്വചിത്രത്തിലെ ഛായാഗ്രഹണത്തിനാണു നേട്ടം. സഹഛായാഗ്രാഹകൻ ശരവണമുത്തു സൗന്ദരപാണ്ഡ്യനൊപ്പമാണു (മരണാനന്തര ബഹുമതി) രജത കമലം പുരസ്കാരം പങ്കിട്ടത്.

"കോവിഡ് കേരളത്തെ നിശ്ചലമാക്കിയ 2021-ലായിരുന്നു ചിത്രീകരണം. ചെക്ക് പോസ്റ്റുകളിൽ നിയന്ത്രണം കർശനം. സ്കൂട്ടർ യാത്രയല്ലാതെ മറ്റു വഴിയില്ലായിരുന്നു. നാലു ദിവസം ചിത്രീകരണം നിർവഹിച്ച ശരവണ മുത്തു രണ്ടാം ഷെഡ്യൂൾ പൂർണമായി എന്നെ ഏല്പിച്ചു. എന്താണു ചെയ്യേണ്ടതെന്ന് അറിയാമല്ലോ അതങ്ങു ചെയ്യൂ എന്നാണ് അദ്ദേഹം പറഞ്ഞത്. ആ അനുഗ്രഹം ബാക്കിവെച്ച് അദ്ദേഹം പെട്ടെന്നു വിടപറയുകയും ചെയ്തു." - മീനാക്ഷി പറഞ്ഞു. 'കമ്മിട്ടിപ്പാടം'ത്തിൽ സഹസംവിധായികയായും 'കാതൽ ദ് കോറി'ൽ സഹഛായാഗ്രഹകയായും പ്രവർത്തിച്ചു.

മീനാക്ഷിയുടെ ബാല്യം കണക്കുകളുടെ ചുറ്റളവിലായിരുന്നു. ഒരു ഫോൺ നമ്പർ ഒരിക്കൽ കേട്ടാൽമതി പിന്നീട് അത് മറക്കില്ല. ക്ലാസിൽ പാഠം പഠിപ്പിക്കുന്ന സമയത്ത് തന്നെ ഹോംവർക്കും തീർക്കുന്ന കൗശലവുമൊക്കെയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ മീനാക്ഷി എത്തിയത് എം. പ്രകാശ് അക്കാദമിയിൽ - ഇന്ത്യയിലെ മികച്ച 40 വിദ്യാർത്ഥികൾക്ക് ഐഐടി പരിശീലനം നൽകുന്ന പ്രമുഖ സ്ഥാപനം. ഏഴാം ക്ലാസിൽ തുടക്കം കുറിച്ച പരിശീലനം, പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞപ്പോൾ ഒരു ഉറച്ച തീരുമാനത്തിൽ എത്തി: "ഐഐടി വേണ്ട, എന്റെ വഴി സിനിമയാണ്." ഇതായിരുന്നു മീനാക്ഷിയെ ഇന്ത്യയിലെ മുൻനിര ഛായാഗ്രാഹകരിലൊരാളായി മാറ്റിയ തിരിഞ്ഞുനിൽപ്പ്.


പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡീനും ഛായാഗ്രാഹകനുമായ കെ.ജി. സോമന്റെ മകളാണ് മീനാക്ഷി. അവാർഡ് ചടങ്ങിലേക്ക് അമ്മ മിനി സോമന് പോകാൻ സാധിച്ചില്ല. പനിയെതുടർന്നുണ്ടായ ക്ഷീണം. എങ്കിലും ബംഗളൂരുവിലെ മകന്റെ ഫ്ളാറ്റിൽ ഇരുന്ന് തത്സമയ സംപ്രേഷണത്തിലൂടെ അമ്മ മകളുടെ ജീവിതത്തിലെ ആ വലിയ നേട്ടം കണ്ടു.

"സ്വപ്നം കാണുകയാണോ എന്ന് എനിക്കുതോന്നി. പക്ഷേ, അതൊക്കെ സത്യമായിരുന്നു... അവൾ പണ്ടു പറഞ്ഞപോലെ സാരി ഉടുത്ത്, മുടി വിടർത്തി, രാഷ്ട്രപതിയുടെ കൈയിൽനിന്ന് അംഗീകാരം ഏറ്റുവാങ്ങുന്ന ദൃശ്യം." മീനാക്ഷിയുടെ കണ്ണിലൂടെ ഇനി പുതിയ തലമുറകൾ ലോകം കാണും. ആ ദൃശ്യങ്ങൾ തലമുറകളെ പ്രചോദിപ്പിക്കും. ഓരോ ഫ്രെയിമിലും കഥ പറയുന്ന കല, ഓരോ ക്ലിക്കിലും ഹൃദയത്തിന്റെ സ്പർശം.

കോന്നി അരുവാപ്പുലം സ്വദേശിയാണെങ്കിലും മുംബൈയിൽ സ്ഥിരതാമസമാക്കിയിട്ടുള്ള മീനാക്ഷിക്ക് കേരളവും അത്രയ്ക്ക് പ്രിയപ്പെട്ടതാണ്.

കേരളത്തിന്റെ ദൃശ്യഭംഗി തന്റെ കാമറയിലൂടെ പകർത്തുന്ന നിമിഷങ്ങൾക്കായുള്ള കാത്തിരിപ്പിലാണ് മീനാക്ഷി.

# കാമ്പസ് പശ്ചാത്തലത്തിലെ പ്രേമകഥ 'പ്രേംപാറ്റ'




ലിജീഷ് കുമാർ തിരക്കഥയൊരുക്കി ആമിർ പള്ളിക്കൽ സംവിധാനം ചെയ്യുന്ന, കാമ്പസ് പ്രണയത്തിന്റെ കഥ പറയുന്ന ചിത്രം പ്രേം പാറ്റയുടെ ടൈറ്റിൽ ലോഞ്ച് നടന്നു.

കൊച്ചി മാരിയറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ പ്രശസ്ത നിർമാതാവ് ലിസ്റ്റിൻ സ്റ്റീഫനാണ് ടൈറ്റിൽ ലോഞ്ച് ചെയ്തത്. സ്റ്റുഡിയോ ഔട്ട്സൈഡേഴ്സിന്റെ ബാനറിൽ ആമിർ പള്ളിക്കൽ തന്നെയാണു നിർമിക്കുന്നത്. പുതിയ പ്രൊഡക്ഷൻ ഹൗസ് സ്റ്റുഡിയോ ഔട്ട്സൈഡേഴ്സിന്റെ ലോഞ്ചും നടന്നു.

സ്റ്റീഫൻ ദേവസിയുടെ സംഗീതവിരുന്നോടെ ആരംഭിച്ച ചടങ്ങിൽ രഞ്ജിനി ഹരിദാസ് ചിത്രത്തിലെ അഭിനേതാക്കളെയും അണിയറ പ്രവർത്തകരെയും പരിചയപ്പെടുത്തി. ജോമോൻ ജ്യോതിർ നായകനാകുന്ന ചിത്രത്തിലെ നായിക ബംഗാളിൽ നിന്നുള്ള പുതുമുഖമാണ്.

ജുനൈസ് വി.പി, സാഫ് ബോയ്, ഹനാൻ ഷാ, അശ്വിൻ വിജയൻ, ടിസ് തോമസ് തുടങ്ങി മലയാള സിനിമയുടെ പുതിയ ട്രെൻഡ് സൈറ്റേഴ്സെല്ലാം ചിത്രത്തിൽ അണിനിരക്കുന്നു.

ഇവർക്കൊപ്പം സൈജു കുറുപ്പ്, സിദ്ദിഖ്, മംമ്ത മോഹൻദാസ്, രാജേഷ് മാധവൻ, സഞ്ജു ശിവറാം, ഇർഷാദ് അലി, സുജിത് ശങ്കർ തുടങ്ങി താരങ്ങളുടെ ഒരു വലിയ നിര തന്നെയുണ്ട് പ്രേംപാറ്റയിൽ.

സംഗീത സംവിധായകൻ അങ്കിത് മേനോൻ പ്രേംപാറ്റയുടെ സഹനിർമാതാവാകുന്നു. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ഒമർ നവാസി. നരൻ, പുലിമുരുകൻ, മല്ലൂസിംഗ്, രാമലീല, തുടരും പോലെയുള്ള സിനിമകളിലൂടെ മലയാളിക്ക് സുപരിചിതനായ ഷാജികുമാറാണ് ഛായാഗ്രഹണം. കോളജ് ക്യാമ്പസിന്റെ പശ്ചാത്തലത്തിൽ പറയുന്ന പ്രേമകഥയാണു പ്രേംപാറ്റ.

അങ്കിത് മേനോന്റെ സംഗീതത്തിന് പാട്ടുകൾ എഴുതുന്നത് മുഹ്സിൻ പരാരിയും സുഹൈൽ എം. കോയയുമാണ്. പ്രേമലു, സൂപ്പർ ശരണ്യ തുടങ്ങിയ സിനിമകളിലൂടെ സുപരിചിതനായ ആകാശ് വർഗീസ് ജോസഫ് ആണ് ചിത്രത്തിന്റെ എഡിറ്റിംഗ് നിർവഹിക്കുന്നത്.

ലോകയിലെ വില്ലനിൽ നിന്ന് സാൻഡി മാസ്റ്റർ ഈ സിനിമയിലൂടെ വീണ്ടും കൊറിയോഗ്രാഫറാകുന്നു. മാർക്കോയ്ക്കുശേഷം കലൈ കിംഗ്സൺ സ്റ്റണ്ട് മാസ്റ്റർ ആകുന്ന സിനിമ എന്ന പ്രത്യേകതയും പ്രേംപാറ്റയ്ക്കുണ്ട്.

പ്രൊഡക്ഷൻ ഡിസൈനർ-ഇന്ദുലാൽ കാവീട്, കോസ്റ്റ്യൂം-സമീറ സനീഷ്, സൗണ്ട് ഡിസൈനർ-വിഷ്ണു സുജാതൻ, മേക്കപ്പ്-സുധി സുരേന്ദ്രൻ, ചീഫ് അസോസിയേറ്റ്-സുഹൈൽ എ, പ്രൊഡക്ഷൻ കൺട്രോളർ-അനീഷ് നന്ദിപുലം.

സെൻട്രൽ പിക്ചേഴ്സ് ആണ് ചിത്രം തിയറ്ററുകളിൽ എത്തിക്കുന്നത്.




# സിനിമ, ജീവിതം, ഡബ്ല്യുസിസി വിശേഷങ്ങളുമായി റിമ കല്ലിങ്കൽ



ഉയരമുള്ള തെങ്ങിൽ വലിഞ്ഞു കയറി തേങ്ങയിട്ടാണ് റിമ കല്ലിങ്കൽ ഇത്തവണ തിയറ്ററിലെത്തുന്നത്. ബിരിയാണിയിലൂടെ ദേശീയ പുരസ്കാരം നേടിയ സംവിധായകൻ സജിൻ ബാബുവിന്റെ പുതിയ ചിത്രം. 'തിയറ്റർ: ദ് മിത്ത് ഓഫ് റിയാലിറ്റി'യിലൂടെയാണ് ഈ കയറ്റം. അദ്ഭുതകരമായ ഉയരത്തിൽ അശേഷം പേടിയില്ലാതെ റിമ തല ഉയർത്തി നിൽക്കുന്നു. പേടിയുള്ള കാര്യങ്ങൾ ചെയ്യാനും അതിന്റെ അഡ്രിനാലിൻ റഷ് ആസ്വദിക്കാനും ഇഷ്ടമുള്ള റിമ ജീവിതത്തെക്കുറിച്ചും സിനിമയെക്കുറിച്ചും ഡബ്ല്യുസിസിയെക്കുറിച്ചും മനസ്സു തുറക്കുന്നു.

എനിക്കു വെല്ലുവിളികൾ ഇഷ്ടമാണ്. അല്ലെങ്കിൽ ബോറടിച്ചു മരിക്കില്ലേ. തെങ്ങു കയറാൻ പഠിപ്പിക്കാൻ സെറ്റിൽ ആളുണ്ടായിരുന്നു. നല്ല ഉയരത്തിലുള്ള ഒന്നിൽ കയറിയപ്പോൾ മാത്രം പിന്നിൽ റോപ് കെട്ടി സേഫ്റ്റി ഉറപ്പാക്കിയിരുന്നു. എനിക്ക് ഏറ്റവും പേടി വെള്ളമാണ്. കുട്ടിക്കാലത്തു മുങ്ങിപ്പോയ അനുഭവമുള്ളതിനാൽ പിന്നീട് എത്ര ശ്രമിച്ചിട്ടും നീന്തൽ പഠിക്കാനായില്ല. പക്ഷേ, 'നിദ്ര'യിൽ രണ്ടു ദിവസം 14 അടി വെള്ളത്തിൽ മുങ്ങി നിന്നിട്ടുണ്ട്. പേടിയുള്ള കാര്യം ചെയ്യുമ്പോഴുള്ള അഡ്രിനാലിൻ റഷ് എനിക്കിഷ്ടമാണ്.

തെങ്ങുകയറ്റം മാത്രമല്ല അവിടെയെല്ലാ കാര്യങ്ങളും തനിയെ ചെയ്യുന്ന കഥാപാത്രം. വലിയ സൗകര്യങ്ങളില്ലാത്തിടത്താണ് ഷൂട്ട് ചെയ്തത്. ചെറിയൊരു ടീമാണ്. എല്ലാവരെയും പേരു പറഞ്ഞ് അറിയാം. അങ്ങനെ ജോലി ചെയ്താലേ ഇത്തരം സിനിമകൾ നടക്കൂ. 80 വയസുള്ള സരസ ബാലുശേരിയാണ് അമ്മയുടെ റോളിൽ. വേറെയൊരു കാലഘട്ടത്തിൽ നാടകത്തിനു വേണ്ടി ജീവിതം മാറ്റിവെച്ചയാളാണ്. മഴയിൽ നനഞ്ഞും വഞ്ചിയിൽ കയറുന്ന രംഗവും എത്രയോ ടേക്കുകളാണ് എടുത്തത്. ഈ പ്രായത്തിലും അതു ചെയ്യുന്നതു സമ്മതിക്കാതെ വയ്യ.

ഒരമ്മയുടെയും മകളുടെയും ആത്മബന്ധത്തിന്റെ ആഴങ്ങൾ തേടുന്ന സിനിമയാണ് 'തിയേറ്റർ-ദ് മിത്ത് ഓഫ് റിയാലിറ്റി'. റിമ കല്ലിങ്കലിന്റെയും സരസ ബാലുശേരിയുടെയും വേറിട്ട പെർഫോമൻസാണ് ചിത്രത്തിന്റെ ഹൈലൈറ്റ്. 2010-ൽ കേരളത്തിൽ നടന്ന ഒരു സംഭവത്തെ മുൻനിർത്തി മൂന്നുദിവസം തുടർച്ചയായി പത്രത്തിൽ വന്ന ഒരു വാർത്തയാണു കഥയ്ക്കു പ്രചോദനമായതെന്ന് സംവിധായകൻ സജിൻബാബു.

മുൻ ചിത്രങ്ങളിൽനിന്നു വ്യത്യസ്തമായി കുറച്ചുകൂടി ആളുകളിലേക്ക് എത്തണമെന്ന രീതിയിൽ ഡിസൈൻ ചെയ്യുകയും എഴുതുകയും ചെയ്ത സിനിമയാണിത്. പക്ഷേ, പൂർണമായും ഫോർമുല സിനിമയല്ല. എൻഗേജിംഗ് ആയ, സ്പീഡിൽ പോകുന്ന, സങ്കീർണതകളില്ലാത്ത ഒരു സിനിമയാണിത്. ഇന്നത്തെ സമൂഹത്തിൽ നടക്കുന്ന പല കാര്യങ്ങളും സിനിമ പറയുന്നുണ്ട്. തിയറ്ററിൽ അനുഭവിച്ചറിയേണ്ട പടം കൂടിയാണിത്. സജിൻബാബുവും ജുബിൻ രാജും ചേർന്നാണു സൗണ്ട് ഡിസൈനിംഗ്. സിങ്ക്സൗണ്ട് ഹരികുമാർ മാധവൻനായർ. ഇതൊരു അവാർഡ് പടമെന്നു പ്രചരിപ്പിക്കപ്പെടാനുള്ള സാധ്യത കണ്ട് റിലീസ് തീയതി തീരുമാനിച്ചശേഷമാണ് റഷ്യയിൽ ഉൾപ്പെടെ മേളകളിൽ പടം അയച്ചത്. അഞ്ജന ടാക്കീസാണു ചിത്രം നിർമിച്ചത്.

'ലോക' ഇൻഡസ്ട്രി ഹിറ്റ് ആയതിൽ വളരെ ആഹ്ലാദമുണ്ട്. ഒരു ലോക വിജയിക്കുമ്പോൾ ഇനിയൊരു 10 വർഷത്തേക്ക് അതുതന്നെ എടുത്തു കാണിച്ചാൽ മതിയോ? സിനിമയിലെ ക്രിയേറ്റീവ് ടീമിൽ സ്ത്രീയുണ്ടാകേണ്ടതിന്റെ പ്രാധാന്യം കൃത്യമായി തെളിയിച്ചല്ലോ ശാന്തി. പക്ഷേ, കൂടുതൽ സിനിമകളുണ്ടാകട്ടേ. എനിക്കെന്നല്ല എല്ലാവർക്കും കൂടുതൽ സിനിമകളുണ്ടാകട്ടേ എന്നാണാഗ്രഹം.



മാമാങ്കം ഡാൻസ് സ്കൂൾ തുടങ്ങിയിട്ട് 10 വർഷമായി. പ്രളയത്തിൽ നശിച്ച ചേന്ദമംഗലത്ത് പോയപ്പോഴാണ് അവിടെയുള്ള നെയ്ത്തുകാരെ അടുത്തറിയുന്നത്. അങ്ങനെയുണ്ടായതാണ് 'നെയ്ത്ത്'. ഇറ്റ്ഫോകിന്റെ ഭാഗമായി തൃശൂരിൽ നെയ്ത്ത് ചെയ്തത് ശരിക്കും ഹൃദയം തൊടുന്ന അനുഭവമായിരുന്നു. അന്നവിടെ ഞങ്ങൾക്ക് രണ്ട് വേദി കിട്ടി. അതു കണ്ടവർ വഴിയാണ് നെയ്ത്തിന് രാജ്യാന്തര വേദികൾ കിട്ടിയതും. മിലാനിലും മോസ്കോയിലും അവതരിപ്പിച്ചു. ഇനി ബാഗ്ദാദിലാണ്.

ഡബ്ല്യുസിസിയിൽ പ്രശ്നങ്ങളുണ്ട്. ശക്തമായ, അഭിപ്രായങ്ങളുള്ള, സ്വന്തം കാലിൽ നിൽക്കുന്ന സ്ത്രീകൾ ഒരുമിച്ചു വരുമ്പോൾ തീർച്ചയായും അഭിപ്രായവ്യത്യാസം വരുമെന്നുറപ്പല്ലേ. പക്ഷേ, ഒരുപാട് പ്രശ്നങ്ങൾക്കിടയിലും ഞങ്ങൾ സമവായം ഉണ്ടാക്കിയിട്ടുണ്ട്. ആ സാഹോദര്യം എനിക്കു കിട്ടിയത് ഡബ്ല്യുസിസിയിൽ നിന്നാണ്. അല്ലെങ്കിൽ സിനിമാരംഗം നിങ്ങളെ പലരീതിയിൽ ഒറ്റപ്പെടുത്തും.

'അമ്മ'യിലേക്ക് തിരികെ വരാൻ ഉദ്ദേശ്യമില്ലെന്നും അതിന്റെ ആവശ്യമില്ലെന്നും തോന്നുന്നു. അവിടെ ആവശ്യത്തിന് ആളുണ്ടല്ലോ. ശ്വേത മേനോൻ പ്രത്യേകതയുള്ള സ്ത്രീയാണ്. സംഘടനയിൽ അവർക്കെന്തു ചെയ്യാനാകുമെന്ന് കണ്ടുതന്നെ അറിയണം.

പെട്ടെന്നു സിനിമയില്ലാതാകുന്നത് എനിക്ക് ഷോക്ക് ആയിരുന്നു. ശരിക്കും ഹർട്ട് ആയി. കല്യാണം കഴിയുമ്പോൾ 'വിവാഹിത' എന്നൊരു ബ്രാൻഡിങ് സംഭവിക്കുന്നു. പ്രത്യേകിച്ച് ഇൻഡസ്ട്രിയിലെ തന്നെ പ്രധാനപ്പെട്ടൊരാളെ വിവാഹം കഴിക്കുമ്പോൾ നിങ്ങളൊരു പ്രത്യേക ബോക്സിലാണ്. എന്നെ സംബന്ധിച്ചിടത്തോളം സിനിമയിൽ അഭിനയിക്കുന്നതു ഞാനാണു തീരുമാനിക്കുന്നത്. ഞാനങ്ങനെയൊരു പാർട്നറെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

ഈ ഇൻഡസ്ട്രി ഞാനൊറ്റയ്ക്കു പരിചയപ്പെട്ടതാണ്. അങ്ങനെ ഞാൻ ഇവിടെ വരെയെത്തിയിട്ട്, എന്നെ കാസ്റ്റ് ചെയ്യാതിരിക്കാൻ മറ്റെന്തെങ്കിലും നല്ലൊരു കാരണം തരു എന്ന് പറയാൻ തോന്നിയിട്ടുണ്ട്. കുറച്ചുകാലം കരഞ്ഞിട്ടുണ്ട്. പക്ഷേ, പിന്നെ കരച്ചിൽ മതിയാക്കി.

## 'പാതിരാത്രി'യിൽ നവ്യ നായരും സൗബിനും

നവ്യ നായർ, സൗബിൻ ഷാഹിർ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി രത്തീന സംവിധാനം ചെയ്യുന്ന 'പാതിരാത്രി' എന്ന ചിത്രത്തിന്റെ ട്രെയ്‌ലർ പുറത്ത്. ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിൽ ഡോക്ടർ കെ.വി. അബ്ദുൾ നാസർ, ആഷിയ നാസർ എന്നിവർ ചേർന്നാണ് ചിത്രം നിർമിക്കുന്നത്. ഈ മാസം ചിത്രം പ്രദർശനത്തിനെത്തും. പ്രേക്ഷകരെ ആദ്യാവസാനം ത്രില്ലടിപ്പിക്കുന്ന ഒരു ചിത്രമായിരിക്കും ഇതെന്നാണ് ട്രെയ്‌ലർ നൽകുന്ന സൂചന. ആകാംക്ഷ നിറയ്ക്കുന്ന ഇൻവെസ്റ്റിഗേഷനൊപ്പം വൈകാരികമായി ഏറെ ആഴമുള്ള ഒരു കഥ കൂടി ചിത്രം പറയുന്നുണ്ടെന്നും ട്രെയ്‌ലർ സൂചിപ്പിക്കുന്നു.

മമ്മൂട്ടി നായകനായി എത്തിയ 'പുഴു' എന്ന ചിത്രത്തിനുശേഷം രത്തീന സംവിധാനം ചെയ്യുന്ന ചിത്രമാണിത്. സണ്ണി വെയ്ൻ, ആൻ അഗസ്റ്റിൻ എന്നിവരും നിർണായക വേഷങ്ങളിലെത്തുന്നുണ്ട്. മൾട്ടിസ്റ്റാർ ചിത്രമായി ഒരുക്കിയ 'പാതിരാത്രി' കേരളത്തിൽ വിതരണം ചെയ്യുന്നത് ഡ്രീം ബിഗ് ഫിലിംസ്.

നവ്യ നായർ, സൗബിൻ എന്നിവർ അവതരിപ്പിക്കുന്ന ജാൻസി, ഹരീഷ് എന്നീ പോലീസ് കഥാപാത്രങ്ങളുടെ ജീവിതത്തിലൂടെയാണു കഥ പറയുന്നത്. ആത്മീയ രാജൻ, ശബരീഷ് വർമ, ഹരിശ്രീ അശോകൻ, അച്യുത് കുമാർ, ഇന്ദ്രൻസ്, തേജസ് എന്നിവരാണ് മറ്റു താരങ്ങൾ. തിരക്കഥ ഷാജി മാറാട്.

സംഗീതം ജേക്സ് ബിജോയ്. തുടരും, ലോക എന്നീ ചിത്രങ്ങൾക്ക് ശേഷം ജേക്സ് ബിജോയ് സംഗീതമൊരുക്കുന്ന ചിത്രം കൂടിയാണ് 'പാതിരാത്രി'. ടി സീരീസ് ആണ് വമ്പൻ തുക നൽകി ചിത്രത്തിന്റെ മ്യൂസിക് അവകാശം സ്വന്തമാക്കിയത്.



ഛായാഗ്രഹണം-ഷെഹനാദ് ജലാൽ, എഡിറ്റർ-ശ്രീജിത്ത് സാരംഗ്. ആർട്ട്-ദിലീപ് നാഥ്, പ്രൊഡക്ഷൻ കൺട്രോളർ-പ്രശാന്ത് നാരായണൻ, മേക്കപ്പ്-ഷാജി പുൽപ്പള്ളി, വസ്ത്രങ്ങൾ-ലിജി പ്രേമൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-അജിത് വേലായുധൻ. അസോസിയേറ്റ് ഡയറക്ടർ-സിബിൻ രാജ്, സ്റ്റിൽസ്-നവീൻ മുരളി, ടൈറ്റിൽ ഡിസൈൻ-യെല്ലോ ടൂത്ത്സ്, പോസ്റ്റർ ഡിസൈൻ-ഇല്ലുമിനാർട്ടിസ്റ്റ്.

# ആഡംബര കാർ കള്ളക്കടത്ത് സംഘത്തിന് ഭൂട്ടാൻ മുൻസൈനികനുമായി ബന്ധം

കൊച്ചി: കോയമ്പത്തൂർ ആസ്ഥാനമായുള്ള രണ്ടുപേർ, ഭൂട്ടാൻ മുൻ സൈനിക ഉദ്യോഗസ്ഥൻ വഴി ആഡംബര വാഹനങ്ങൾ കേരളത്തിൽ എത്തിച്ചിരുന്നതായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്.

മലയാള നടന്മാർ ഉൾപ്പെടെയുള്ള വാഹനഭ്രമക്കാരായ ഉയർന്ന ആസ്തിയുള്ള വ്യക്തികൾക്ക് ആഡംബര വാഹനങ്ങൾ കടത്തിക്കൊണ്ടുവന്നതായും ഇഡി കണ്ടെത്തി. ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം, കേരളത്തിലും തമിഴ്നാട്ടിലുമുള്ള നിരവധി സ്ഥലങ്ങളിൽ ഇഡി റെയ്ഡ് നടത്തിയിരുന്നു.

പ്രാഥമിക അന്വേഷണത്തിൽ ഷൈൻ മോട്ടോഴ്സിന്റെ പങ്കാളികളായ സാതിക് ബാഷ, ഇമ്രാൻ ഖാൻ എന്നിവരുടെ നേതൃത്വത്തിൽ കോയമ്പത്തൂർ ആസ്ഥാനമായുള്ള ശൃംഖലയെ തിരിച്ചറിഞ്ഞിട്ടുണ്ട്.

വ്യാജ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ഭൂട്ടാനിൽ നിന്ന് ഉപയോഗിച്ച വാഹനങ്ങൾ വാങ്ങിയതായും അനധികൃത മാർഗങ്ങളിലൂടെ പണമടച്ചതായും ഇരുവരും ഫെമ പ്രകാരം ഇഡിയിൽ മൊഴി നൽകിയിട്ടുണ്ട്.

2023-24 കാലയളവിൽ മുൻ സൈനിക ഉദ്യോഗസ്ഥനായ ഷാ കിൻലി എന്ന ഭൂട്ടാനീസ് ഇടനിലക്കാരൻ വഴി അയൽരാജ്യത്ത് നിന്ന് ഏകദേശം 16 വാഹനങ്ങൾ വാങ്ങിയതായും ഇരുവരും സമ്മതിച്ചു. ഷാ കിൻലിയെ റോയൽ ഭൂട്ടാൻ കസ്റ്റംസ് ചോദ്യം ചെയ്തതിന്റെ വിവരങ്ങൾ കൈമാറിയിട്ടുണ്ട്. ഇന്ത്യൻ ഏജൻസികൾ നടത്തിയ അന്വേഷണ വിവരങ്ങൾ ഭൂട്ടാൻ അധികൃതർക്കു നൽകും.

പശ്ചിമ ബംഗാളിലെ ജയ്ഗാവിലുള്ള ഇന്ത്യ-ഭൂട്ടാൻ അതിർത്തിയിലേക്കു വാഹനങ്ങൾ എത്തിച്ച്, കാർ കാരിയറുകളിൽ കയറ്റി, കസ്റ്റംസ് ക്ലിയറൻസ് ഇല്ലാതെ കൊൽക്കത്ത, ഭുവനേശ്വർ, ചെന്നൈ വഴി കോയമ്പത്തൂരിലേക്കു കൊണ്ടുവന്നതായും ഇഡി പറഞ്ഞു. ഇറക്കുമതി തീരുവ അടച്ചിട്ടില്ല.

വാഹനങ്ങൾ പൊളിച്ചുമാറ്റി കേരളം, തമിഴ്നാട്, മഹാരാഷ്ട്ര, മറ്റ് സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ സ്പെയർപാർട്സായി വിറ്റു. പലപ്പോഴും ഒഎൽഎക്സ് വഴിയും സമാനമായ പ്ലാറ്റ്ഫോമുകൾ വഴിയും പണമായോ വ്യക്തിഗത അക്കൗണ്ടുകളിലേക്കോ പണം നൽകി.

ഒരു സ്ഥാപനത്തിനും ഇറക്കുമതി-കയറ്റുമതി കോഡ് ഇല്ലെന്നും നിയമപരമായ ഇൻവോയ്സുകൾ സൂക്ഷിച്ചിട്ടില്ലെന്നും ഇഡി പറഞ്ഞു. കേരളത്തിലുടനീളമുള്ള ഗാരേജുകളിലും വർക്ക്ഷോപ്പുകളിലും നടത്തിയ പരിശോധനകളിൽ പൊളിച്ചുമാറ്റിയ വാഹന ഭാഗങ്ങളുടെ സാന്നിധ്യവും ഭൂട്ടാൻ ആസ്ഥാനമായുള്ള വിതരണക്കാരുമായുള്ള ആശയവിനിമയത്തിന്റെ ഡിജിറ്റൽ തെളിവുകളും സ്ഥിരീകരിച്ചിട്ടുണ്ട്. കോയമ്പത്തൂർ റെയ്ഡിൽ പിടിച്ചെടുത്ത രേഖകളിൽ വ്യാജ എൻഒസികൾ, വാട്സ്ആപ്പ് ചാറ്റുകൾ, ബാങ്ക് വിശദാംശങ്ങൾ, വാങ്ങുന്നവരുടെ പട്ടികകൾ എന്നിവ ഉൾപ്പെടുന്നു.

പണമിടപാട് കണ്ടെത്തുന്നതിനും വിദേശ അക്കൗണ്ടുകളുടെ പങ്കാളിത്തം സ്ഥിരീകരിക്കുന്നതിനുമായി പിടിച്ചെടുത്ത രേഖകൾ ഫോറൻസിക് പരിശോധനയ്ക്ക് അയക്കും. തെരച്ചിലുകളിൽ ലഭിച്ച അന്വേഷണത്തിൽനിന്നു ഫണ്ടുകൾ കണ്ടെത്താനും സംഘത്തിലെ മറ്റംഗങ്ങളെ തിരിച്ചറിയാനുമുള്ള നിർണായക സൂചനകൾ ലഭിച്ചു.

കസ്റ്റംസ്, വിവിധ സംസ്ഥാന ആർടിഒകൾ, മറ്റ് ഏജൻസികൾ എന്നിവയുമായി ഏകോപിപ്പിച്ചു പരിശോധനയും തുടർനടപടികളും സ്വീകരിക്കുമെന്ന് ഇഡി പറയുന്നു.

## മൊസാംബിക് ബോട്ടപകടം; മലയാളികളെ കണ്ടെത്താനായില്ല

കൊച്ചി: ആഫ്രിക്കൻ രാജ്യമായ മൊസാംബിക്കിൽ ബെയ്റ തുറമുഖത്തിനു സമീപം ഓയിൽ വെസലിൽ ബോട്ടപകടത്തിൽ കാണാതായ മലയാളികളായ ഇന്ദ്രജിത്ത് സന്തോഷ് (22), ശ്രീരാഗ് രാധാകൃഷ്ണൻ (35) എന്നിവരെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ല.

എറണാകുളം പിറവം വെളിയനാട് സ്വദേശിയാണ് ഇന്ദ്രജിത്ത്. 16-ന് ആഫ്രിക്കൻ സമയം പുലർച്ചെ മൂന്നരയോടെയാണ് അപകടം സംഭവിച്ചത്. നാല് ദിവസമായി മൊസാംബിക് ദൗത്യസംഘം കടലിൽ തെരച്ചിൽ നടത്തിയെങ്കിലും ആഴക്കടലിൽ മുങ്ങിപ്പോയ ബോട്ട് കണ്ടെത്താനായിട്ടില്ല. ശക്തമായ കടൽക്ഷോഭമാണ് ദൗത്യസംഘം നേരിടുന്ന പ്രധാന വെല്ലുവിളി. ഇതോടെ ഇന്ത്യൻ നേവിയുടെ സഹായം തേടാൻ സംഘം തീരുമാനിച്ചു. മൊസാംബിക് സർക്കാർ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടിട്ടുണ്ട്.

രക്ഷാപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളുമായി ഇന്ത്യൻ നാവികസേനയുടെ കപ്പൽ പോർട്ടിലേക്കു കൊണ്ടുവരാനുള്ള സാധ്യതകളും ചർച്ച ചെയ്തു. ഇത് സാധ്യമായാൽ ഇന്ത്യൻ നേവിയുടെ നേതൃത്വത്തിലുള്ള ദൗത്യസംഘം ആയിരിക്കും തെരച്ചിൽ നടത്തുന്നത്.

21 ജീവനക്കാരാണ് അപകടത്തിൽപ്പെട്ടത്. 15 പേരെ രക്ഷപ്പെടുത്തി. ഇന്ദ്രജിത്തിനു പുറമെ കൊല്ലം തേവലക്കര സ്വദേശി ശ്രീരാഗ് രാധാകൃഷ്ണൻ (25)നെയും കാണാതായിട്ടുണ്ട്. തേവലക്കര നടുവിലേക്കര ഗംഗയിൽ പി.പി. രാധാകൃഷ്ണൻ-ഷീല ദമ്പതികളുടെ മകനാണ് ശ്രീരാഗ്. സ്കോർപിയോ മറൈൻ കമ്പനിയുടെ ഇലക്ട്രോമെക്കാനിക്കൽ ഓഫീസറാണ് ശ്രീരാഗ്. ഇവർക്കൊപ്പമുണ്ടായിരുന്ന കോന്നി സ്വദേശി ആകാശ് ബോട്ടിൽനിന്നും തെറിച്ചു വീണതിനെത്തുടർന്ന് നീന്തി രക്ഷപ്പെട്ടു. ഇതിനിടെ ലക്ഷദ്വീപ് സ്വദേശിയായ കൊറുഹാജിഗെ അതിരിഗെ മുബീൻ എന്ന യുവാവിന്റെ മൃതദേഹം കണ്ടെത്തിയതായി റിപ്പോർട്ടുണ്ട്.

ഇന്ദ്രജിത്തിനെ കണ്ടെത്തുന്നത് സംബന്ധിച്ച് പിറവം എംഎൽഎ അനൂപ് ജേക്കബ് പോർട്ട് ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നുണ്ട്. മൊസാംബിക് നഗരത്തിൽനിന്നും 250 കിലോമീറ്റർ അകലെയാണ് ഇന്ദ്രജിത്തിന്റെ പിതാവ് സന്തോഷ് ജോലി ചെയ്യുന്നത്. ഇരുവരും കപ്പലിൽ അറ്റകുറ്റപ്പണി നടത്തുന്ന സ്വകാര്യ കമ്പനിയിലെ ജീവനക്കാരാണ്. ഈ മാസം 14-നാണ് ഇരുവരും വീട്ടിൽനിന്നും ജോലിസ്ഥലത്തേക്ക് പോയത്.

സ്കോർപ്പിയോ മറൈൻ മാരിടൈം മാനേജ്മെന്റ് എന്റർപ്രൈസസ് ഷിപ്പിങ് കമ്പനിയുടെ കപ്പലിലേക്ക് അറ്റകുറ്റപ്പണികൾക്കായി ബോട്ടിൽ പോകുമ്പോഴാണ് അപകടം. കടൽക്ഷോഭത്തിനിടെ ബോട്ട് വെസലിലേക്ക് അടുപ്പിക്കുമ്പോൾ ഇടിച്ചു മുങ്ങുകയായിരുന്നു.

## എംപിമാരുടെ ഫ്ളാറ്റിൽ തീപിടിത്തം

ന്യൂഡൽഹി: എംപിമാർക്ക് ഡൽഹിയിൽ അനുവദിച്ചിട്ടുള്ള ഫ്ളാറ്റിൽ വൻ തീപിടിത്തം മലയാളി എംപിമാരുടെയടക്കം അപ്പാർട്ടുമെന്റുകളുള്ള ബിഡി മാർഗിലെ ബ്രഹ്മപുത്ര അപ്പാർട്ടുമെന്റിലാണ് 18-ന് ഉച്ചയ്ക്ക് 12.30-ന് തീപിടിത്തമുണ്ടായത്. ബഹുനില കെട്ടിടത്തിന്റെ താഴത്തെ രണ്ട് നിലയിലുള്ള മുറികൾ പൂർണമായി കത്തിനശിച്ചെങ്കിലും ആളപായമുണ്ടായിട്ടില്ല. തീപിടിത്തമുണ്ടായി ഉടൻതന്നെ സ്ഥലത്തെത്തിയ അഗ്നിശമനസേന ഒരു മണിക്കൂറിലധികം പരിശ്രമിച്ചാണ് തീ നിയന്ത്രണവിധേയമാക്കിയത്.



തീപിടിത്തത്തിൽ കത്തിനശിച്ച ഡൽഹിയിലെ ബ്രഹ്മപുത്ര അപ്പാർട്ട്മെന്റ്

കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗങ്ങളായ ജോസ് കെ. മാണിയുടെയും ഹാരിസ് ബീരാന്റെയും ജെബി മേത്തറുടെയും പി.പി. സുനീറിന്റെയും അപ്പാർട്ടുമെന്റുകൾ തീപിടിത്തമുണ്ടായ കെട്ടിടസമുച്ചയത്തിലാണ്. പാർലമെന്റ് സമ്മേളന കാലയളവല്ലാതിരുന്നതിനാൽ എംപിമാരും സ്ഥലത്തുണ്ടായിരുന്നില്ല. താഴത്തെ രണ്ടു നിലകളിലും ജോലിക്കാരുടെ ക്വാർട്ടേഴ്സാണ്. താഴത്തെ നിലയിൽ കൂട്ടിയിട്ടിരുന്ന ഉപയോഗശൂന്യമായ ഫർണിച്ചറുകളും മെത്തകളുമാണ് തീ ആളിപ്പിടിക്കാൻ കാരണമായതെന്ന് താമസക്കാർ പറയുന്നു.

കെട്ടിടത്തിനു താഴെയുണ്ടായിരുന്ന ഒരു സ്കൂട്ടർ പൂർണമായി കത്തിനശിച്ചു. താഴത്തെ നിലയുടെ സമീപത്തു പാർക്കു ചെയ്തിരുന്ന രണ്ട് കാറുകളും കെട്ടിടത്തിൽ നിന്നുള്ള തീ പടർന്ന് ഭാഗികമായി കത്തിനശിച്ചു. ഡൽഹിയിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥി ആൽബിൻ ഫിലിപ്പിന്റേതാണ് ഇതിലൊരു കാർ.

## ഭാര്യയെ കൊന്ന് കുഴിച്ചുമൂടി; അതിഥിത്തൊഴിലാളി പിടിയിൽ

കോട്ടയം: കോട്ടയത്തിനടുത്ത് അയർക്കുന്നത്ത് ഭാര്യയെ കൊലപ്പെടുത്തി നിർമാണത്തിലിരുന്ന വീടിന്റെ മുറ്റത്തു കുഴിച്ചുമൂടിയ അതിഥിത്തൊഴിലാളി പിടിയിൽ. ബംഗാൾ മുർഷിദാബാദ് സ്വദേശി അൽപന (27) കൊല്ലപ്പെട്ട സംഭവത്തിൽ ഭർത്താവ് സോണി (32) ആണ് പിടിയിലായത്. അൽപനയുടെ മൃതദേഹം വീടിനു മുറ്റത്തുനിന്ന് പോലീസ് കണ്ടെടുത്തു. അൽപനയെ 14 മുതൽ കാണാനില്ലെന്നു കാട്ടി സോണി അയർക്കുന്നം സ്റ്റേഷനിൽ 17-ന് പരാതി നല്കിയിരുന്നു. മൊഴികളിൽ പൊരുത്തക്കേട് തോന്നിയതോടെ പോലീസ് സോണിയെ വിശദമായി ചോദ്യം ചെയ്യുകയും പിറ്റേന്ന് സ്റ്റേഷനിലെത്താൻ നിർദേശിക്കുകയും ചെയ്തു. പിന്നാലെ നാടുവിടാൻ ശ്രമിച്ച ഇയാളെ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നാണ് പിടികൂടിയത്.

നിർമ്മാണത്തൊഴിലാളികളായ സോണിയും ഭാര്യയും കുറച്ചുകാലമായി ഇളപ്പാനിയിലെ ഒരു വീട്ടിൽ ജോലിക്കെത്താറുണ്ട്. കൊലപാതകം നടന്ന 14-ന് അതിരാവിലെ ഇരുവരും ഇവിടെയെത്തി ജോലികൾ തുടർന്നു. നേരത്തെ എത്തണമെന്നു ഉടമ ആവശ്യപ്പെട്ടെന്നു പറഞ്ഞാണ് സോണി അൽപനയെ ഇവിടെയെത്തിച്ചത്. ഇതിനിടെ മലപ്പുറത്തു ജോലി ചെയ്യുന്ന മറ്റൊരു അതിഥിത്തൊഴിലാളിയുമായി അല്പനയ്ക്കുള്ള സൗഹൃദം സംബന്ധിച്ച് തർക്കമുണ്ടായി. തുടർന്ന് വീടിനു പിന്നിലെ കരിങ്കൽക്കെട്ടിൽ തല ഇടിച്ചശേഷം കമ്പിപ്പാരകൊണ്ട് ഇടിച്ചാണ് ഇയാൾ അല്പനയെ കൊലപ്പെടുത്തിയതെന്നു പോലീസ് പറഞ്ഞു. ഇരുവരും അമയന്നൂരിലെ തൈക്കൂട്ടത്തു വാടകവീട്ടിലായിരുന്നു താമസം.

## ശബരിമല സ്വർണ്ണക്കൊള്ള

(3-ാം പേജിൽനിന്നും)

തനിക്ക് ലാഭമൊന്നും കിട്ടിയിട്ടില്ലെന്ന് പോറ്റി പറഞ്ഞിരുന്നു. തന്നെ ഉപകരണമാക്കി പലരും സ്വർണത്തിന്റെ പങ്ക് പറ്റിയെന്നാണ് പോറ്റിയുടെ നിലപാട്. ഈ മൊഴി പോലീസ് വിശ്വസിക്കുന്നില്ലെങ്കിലും വെളിപ്പെടുത്തിയ പേരുകളിലേക്ക് അന്വേഷണം ഉടനെത്തും. നേരത്തെ പോറ്റി ദേവസ്വം വിജിലൻസിനോട് പറഞ്ഞ കാര്യങ്ങൾ തട്ടിപ്പിനു കൂട്ടുനിന്നവർ പറഞ്ഞതനുസരിച്ചായിരുന്നെന്നും അന്വേഷണ സംഘത്തിനു മനസ്സിലായിട്ടുണ്ട്.

ഇവർ നല്കിയ വിമാനടിക്കറ്റ് ഉപയോഗിച്ചാണ് പോറ്റി ബെംഗ്ളൂരുവിലേക്കു പോയത്. ചെമ്പുപാളിയിൽ നിന്ന് സ്വർണം വേർതിരിച്ചെടുക്കുന്ന സാങ്കേതികവിദ്യ സംബന്ധിച്ച് സ്മാർട്ട് ക്രിയേഷൻസിന്റെ മൊഴിയിലും വൈരുദ്ധ്യമുണ്ടെന്ന് അന്വേഷണസംഘം കണ്ടെത്തിയിട്ടുണ്ട്. ശബരിമലയിലെ സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട കൂടുതൽ തെളിവുകളും ദൃശ്യങ്ങളും പുറത്തുവന്നു. ശബരിമല ശ്രീകോവിലിന്റെ സ്വർണം പൂശിയ പുതിയ വാതിൽ ഉണ്ണികൃഷ്ണൻ പോറ്റിയുടെ നേതൃത്വത്തിൽ ബെംഗ്ളൂരുവിലെ ക്ഷേത്രത്തിൽ പ്രദർശിപ്പിച്ചതിന്റെ ദൃശ്യങ്ങളാണ് പുറത്തുവന്നത്. ബെംഗ്ളൂരുവിലെ ശ്രീരാംപുര അയ്യപ്പക്ഷേത്രത്തിലാണ് ശ്രീകോവിലിന്റെ വാതിൽ പ്രദർശിപ്പിച്ച് പൂജകൾ നടത്തിയത്.

ഉണ്ണികൃഷ്ണൻ പോറ്റിയും സഹായി രമേശ് റാവുവും ചേർന്നാണ് സ്വർണം പൂശിയ പുതിയ വാതിൽ ബെംഗ്ളൂരുവിൽ എത്തിച്ചത്. 2019 മാർച്ചിലാണ് ശബരിമല ശ്രീകോവിലിൽ പുതിയ വാതിൽ സമർപ്പിച്ചത്. ഇതിനു മുൻപാണ് സ്വർണം പൂശിയ വാതിൽ ബെംഗ്ളൂരുവിൽ കൊണ്ടുവന്നതെന്നും അന്വേഷണസംഘം കണ്ടെത്തിയിട്ടുണ്ട്.

## വെടിനിർത്തൽ കരാർ ലംഘിച്ചു


(3-ാം പേജിൽനിന്നും)

നടപടിയെടുക്കാൻ ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു സൈന്യത്തോട് നിർദേശിച്ചിരുന്നു. സംഘർഷവുമായി ഒരു ബന്ധവുമില്ലെന്നാണ് ഹമാസിന്റെ നിലപാട്.

ആക്രമണങ്ങൾക്കുശേഷം കരാർ പ്രാബല്യത്തിൽവന്നതായി ഇസ്രയേൽ സൈന്യം പിന്നീട് അറിയിച്ചു. ഹമാസ് കരാർ ലംഘിച്ചതുകൊണ്ടാണ് ആക്രമണം നടത്തിയത്. ഇത് തുടർന്നാൽ ഇനിയും ശക്തമായി തിരിച്ചടിക്കുമെന്നും സൈന്യം പ്രതികരിച്ചു. അതിനിടെ, ഗാസയ്ക്കും ഈജിപ്തിനും ഇടയിലുള്ള റാഫ അതിർത്തി ഉടൻ തുറക്കില്ലെന്ന് ഇസ്രയേൽ അറിയിച്ചു. കരാർ ഹമാസ് പാലിക്കുമോ എന്നു നോക്കിയശേഷമേ അതു തുറക്കുന്നകാര്യം പരിഗണിക്കൂവെന്ന് നെതന്യാഹുവിന്റെ ഓഫീസ് പറഞ്ഞു.

ഗാസയിലേക്ക് തിരിച്ചുപോകാൻ ആഗ്രഹിക്കുന്ന പലസ്തീൻകാർക്കായി റാഫ ഇടനാഴി തുറന്നുകൊടുക്കുമെന്ന് ഈജിപ്തിലെ പലസ്തീൻസ്ഥാനപതികാര്യാലയം പറഞ്ഞിരുന്നു.

വെടിനിർത്തൽ നിലവിൽവന്നശേഷം എട്ടുദിവസത്തിനിടെ 47 തവണയാണ് ഇസ്രയേൽ വെടിനിർത്തൽക്കരാർ ലംഘിച്ചതെന്ന് ഗാസാ അധികൃതർ പറഞ്ഞു.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals, Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your Dreams With Us...
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE CONVENTION CENTER
Celebrate your Dreams with Us



RE-ELECT

# ROBIN ELACKATT

For

# MAYOR

OF MISSOURI CITY

## PLEASE COME OUT AND VOTE FOR ROBIN

In 2020, I was honored to be elected as your Mayor of this great City. Since then, Missouri City has turned setbacks into comebacks. Together, we invested in infrastructure, strengthened public safety, attracted major employers, supported our youth, revitalized our parks, and kept our finances strong—all while maintaining the property tax rate. We built an "open for business" environment that drove unprecedented growth, even as we navigated natural disasters and addressed aging infrastructure.

I am proud of the momentum we've created. Looking ahead, I am committed to achieving a balanced property and sales tax structure to ease the burden on residents. Missouri City has a bright future, and it would be my honor to continue serving you. I believe we are One City, and I will keep working every day to ensure Missouri City thrives. The results are all around us, and the best is yet to come.

**See you at the polls.**

**Re-elect Mayor Robin Elackatt.**

## ELECTION DAY Tuesday, November 4, 2025

**EARLY VOTING**
**Monday, October 20th**
**Through Friday October 31st**

**Leadership You Know.**
**Progress You See.**

Visit Robin's Website for Voting Locations

**www.MayorRobin.com** **Hello@MayorRobin.com**

Paid for by Robin Elackatt Campaign, Sue Hauenstein, Treasurer

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**